പുസ്തകം 7 ലക്കം 10
സെപ്റ്റംബർ 2017
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka Thathwa

മാസിക



പൂവിനും വിത്തിനും എന്നപോൽ
എല്ലാറ്റിനും പരസ്പരം ബന്ധമുണ്ട് !

**തിരിച്ചറിവല്ലോ പ്രധാനം...!**

# ഏക തത്ത്വയുടെ ആഭിമുഖ്യത്തിൽ

## ശ്രീ. ടി. കെ. ഉണ്ണികൃഷ്ണന്റെ 'കുപ്പന്റെ മഴു'എന്ന കഥാസമാഹാരത്തിന്റെ പ്രകാശനവും തുടർന്ന് സൗഹൃദ കൂട്ടായ്മയും



20 ആഗസ്റ്റ് 2017ന് മറിയുമ്മ മെമ്മോറിയൽ ഹാളിൽ രാവിലെ 10 മണിക്ക് ശ്രീ. ടി. കെ. ഉണ്ണികൃഷ്ണന്റെ 'കുപ്പന്റെ മഴു' എന്ന കഥാസമാഹാരം പ്രശസ്ത കഥാകൃത്ത് ശ്രീ. സുരേഷ് തെക്കീട്ടിൽ പ്രകാശനം ചെയ്തു. പുസ്തകം കുഞ്ഞുണ്ണി മാഷിന്റെ ശിഷ്യനും കവിയുമായ ശ്രീ. മുരളീധർ കൊല്ലത്ത് സ്വീകരിച്ചു. നാടകരചയിതാവും കഥാകൃത്തുമായ ശ്രീ. അശോകൻ രാജീവം പുസ്തക പരിചയം നടത്തി. കഥാകൃത്ത് ശ്രീ. അരവിന്ദൻ, അഭിപ്രായം മാസിക പത്രാധിപർ ജോസ് ചാലക്കൽ ആശംസകളർപ്പിച്ചു. ശ്രീ. ടി. കെ. ഉണ്ണികൃഷ്ണൻ മറുപടി പ്രസംഗം നടത്തി. ഏക തത്ത്വ ഡയറക്ടർ ഇ. ടി. മുരളീധരൻ അദ്ധ്യക്ഷനായിരുന്ന ചടങ്ങ് കുമാരി പൗർണ്ണമിയുടെ പ്രാർത്ഥനയോടെ ആരംഭം കുറിച്ചു. ശ്രീമതി. കൃഷ്ണ എഴക്കാട് സ്വാഗതം പറഞ്ഞു. കഥാകൃത്ത് ശ്രീ. ചൂലനൂർ രാമചന്ദ്രൻ നന്ദിയും രേഖപ്പെടുത്തി. തുടർന്ന് സൗഹൃദ കൂട്ടായ്മ കവയിത്രി ശ്രീമതി. തുളസി കേരളശ്ശേരി നയിച്ചു. കഥയും കവിതയും ശ്ലോകങ്ങളും സിനിമ ഗാനങ്ങളും നാടകഗാനങ്ങളും ഡാൻസുമായി ഏവരും ചേർന്ന് സൗഹൃദ സദസ്സ് ധന്യമാക്കി. ശ്രീ. സൈനുദീൻ മുണ്ടക്കയം, ശ്രീമതി. മഞ്ജു ടീച്ചർ, ശ്രീമതി. നൂർജിഹാൻ ടീച്ചർ, ശ്രീമതി. വാസന്തി മോഹൻ, ശ്രീ. സോമനാഥൻ മാസ്റ്റർ (വയനാട്), ശ്രീ. ഉണ്ണി വിശ്വനാഥ്, ശ്രീ. സുധാകര പണിക്കർ, ശ്രീ. മധു വെഞ്ഞാറമൂട് തുടങ്ങിയവർ കവിതകൾ ആലപിച്ചു. ശ്രീ. രാമദാസ് (എടപ്പാൾ) ഗാനം ആലപിച്ചു.



ഇടത്തുനിന്ന്: ഇ. ടി. മുരളീധരൻ, ശ്രീ. സുരേഷ് തെക്കീട്ടിൽ, ശ്രീ. ടി. കെ. ഉണ്ണികൃഷ്ണൻ, ശ്രീ. മുരളീധർ കൊല്ലത്ത്, ശ്രീ. ജോസ് ചാലക്കൽ, ശ്രീമതി. കൃഷ്ണ എഴക്കാട്

### കൂട്ടായ്മയിൽ പങ്കെടുത്ത മറ്റു പ്രമുഖർ

ആരാധ്യനായ ശ്രീ. എം. എം. മേനോൻ, ശ്രീ. തങ്കച്ചൻ ജോൺ, ശ്രീ. ശില്പി സുകുമാരൻ നെല്ലാനിക്കാട്, ശ്രീ. കൃഷ്ണകുമാർ (SAS G ഡയറക്ടർ), ശ്രീ. രാധാകൃഷ്ണൻ (പൈലറ്റ്), ശ്രീ. ഈശ്വർകുമാർ തരവത്ത്, ശ്രീമതി. ഗിരിജാ മേനോൻ, ശ്രീ. ദേവിപ്രസാദ് പീടിയ്ക്കൽ, ശ്രീ. കെ. കേരളദാസനുണ്ണി, ശ്രീ. ഭാസ്കരൻ കേരളശ്ശേരി, ശ്രീ. ടി. വി. നാരായണൻകുട്ടി (റിട്ട. പോളിടെക്നിക് അദ്ധ്യാപകൻ), ശ്രീ. വി. നാരായണൻകുട്ടി (അസിസ്റ്റന്റ് ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് പോസ്റ്റ്), ലക്ഷ്മിക്കുട്ടി ചെറായ, എം. വേലായുധൻ, ഡോ. സി. രാമകൃഷ്ണൻ, ബിന്ദു . കെ, ഉല്ലാസ് ഗോവർദ്ധൻ, വിഘ്നേഷ്, നന്ദന തുടങ്ങി നിരവധിപേർ... പങ്കെടുത്ത എല്ലാവർക്കും നന്ദി പ്രത്യേകിച്ച് ഈ വേദിയൊരുക്കാൻ കാരണക്കാരായ ശ്രീ. ടി. കെ. ഉണ്ണികൃഷ്ണനും കുടുംബത്തിനും അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ശ്രീ. അരവിന്ദനും കുടുംബത്തിനും നന്ദി.



**മഹാകവി അക്കിത്തത്തിന്റെ അവതാരികയാൽ അനുഗ്രഹീതമായ, ശ്രീ. ടി. കെ. ഉണ്ണികൃഷ്ണൻ രചിച്ച 'കുപ്പന്റെ മഴു' എന്ന കഥാസമാഹാരത്തിന്റെ പ്രകാശനസദസ്സ്**

₹ 15

# ഏക തത്ത്വ
## മാസിക


പുസ്തകം 7 ലക്കം 10
സെപ്റ്റംബർ 2017

visit: ekathathwa.blogspot.in



**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ


**മരണക്കിടക്കയിൽവെച്ചല്ല
യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."


അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70
Palakkad 678 001**
വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.


Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001


**ekathathwa@yahoo.com**
**Website: www.ekathathwa.com**




# ഉള്ളടക്കം


**ഗുരു**
7 – പ്രാന്തൻ നാരായണൻ

**ലേഖനം**
8 – ഭാഷാസ്നേഹം മതസ്നേഹം ദേശസ്നേഹം – എം. എം. മേനോൻ
10 – സ്വാതന്ത്ര്യം എത്രത്തോളം – ജോസഫ് പൂതക്കുഴി
11 – ഈശ്വരനെ ബന്ധനസ്ഥനാക്കുന്നവർ – അമ്പാടി എസ്. ലാൽ
17 – ഈ കോഴിയാണെന്റെ ദുഃഖം – പ്രൊഫ. ശശികുമാർ
18 – ഒരു ഇഡ്ഡലിപ്രിയന്റെ ആകുലതകൾ – കെ. വിജയകുമാരൻ
24 – ജൈവ കൃഷി രീതികൾ – ബാലകൃഷ്ണ മേനോൻ
28 – സത്യം വദഃ ധർമ്മ ചരഃ – ടി. ജെ. നായർ
31 – ഹരിത ട്രിബ്യൂണലിന്റെ ചിറകരിയാൻ ശ്രമമോ ?
– വിനോദ് കുമാർ ദാമോദർ

**കഥ**
12 – വാച്ചിലെ മൂന്നുസൂചികൾ – പി. ആർ. ജോസ്
25 – താന്തോന്നി – മഞ്ജുകൃഷ്ണ കോങ്ങാട്
26 – ഭയം – കടാതി ഷാജി
27 – ഗുരുവായൂർ യാത്ര – അരവിന്ദൻ
29 – മടിയൻ – ടി. കെ. ഉണ്ണികൃഷ്ണൻ
30 – ഊർമ്മിള – എം. ഡി. വിശ്വംഭരൻ
39 – ചക്കരമോൻ – ദേവസ്യ അരമന

**കവിത**
11 – പത്തുനാൾ തൊട്ട് – അജയ് ബാലചന്ദ്രൻ
14 – കുഞ്ഞേ നിനക്കായ് – വാസന്തി മോഹൻ
22 – കുട/അച്ഛൻ, പഞ്ചസാര/അമ്മ – ജാഫർ ചളിക്കോട്
23 – കവിയരങ്ങ്, സത്യം – ടി. വി. ഹരികുമാർ
25 – മാവേലി കണ്ട കേരളം – ആർ. കെ. വള്ളിച്ചിറ
30 – ആഗ്രഹം – കെ. കെ. സോമനാഥൻ മാസ്റ്റർ
39 – ആതിഥ്യം – തുളസി കേരളശ്ശേരി
40 – വാടകവീട് – ഷീല ലാൽ
40 – ജാഗ്രത – ശ്രീജ ചേളന്നൂർ
40 – പണവും പിണവും – തിരുമല ശിവൻകുട്ടി
40 – ആരിവൻ? – സൈനുദീൻ മുണ്ടക്കയം
41 – കൊതുകിന് പറയാനുള്ളത് – അബ്ദുറബ്ബ് പറളി

**ഫലിതം**
42 – ബൂമറാങ്ങ് – കാരിത്തടം വർക്കി

**ആരോഗ്യം**
22 – പ്രതിരോധ മരുന്നുകൾ ഹോമിയോപതിയിൽ
– ഡോ. സി. രാമകൃഷ്ണൻ

**കഥയും കാര്യവും**
41 – മണൽ പുരണ്ട പഴം – സത്യൻ താന്നിപ്പുഴ

**സ്മരണ**
13 – പേരും പെരുമയും അഥവാ കർമോന്മുഖത്വം – പ്രമോദ് മഞ്ചേരി
15 – എന്റെ അഭിനയസ്മരണകൾ – മുക്കം ഭാസി
26 – പുത്രദുഃഖമേകാത്തവൻ – മുരളീധർ കൊല്ലത്ത്

**പുസ്തകപരിചയം**
32 – മുഖപുസ്തകത്തിലെ അമ്മ – അശോകൻ രാജീവം
33 – സാറചരിതം – കെ. വിജയകുമാരൻ
34 – അനുഭവക്കരുത്തിൽ കവിത പിറക്കുമ്പോൾ – സുരേഷ് തെക്കീട്ടിൽ

**അനുസ്മരണം**
20 – ഒടുവിലിനെ ഓർക്കുമ്പോൾ – ടി. വി. നാരായണൻകുട്ടി



# പൂവിനും വിത്തിനും എന്നപോൽ എല്ലാറ്റിനും പരസ്പരം ബന്ധമുണ്ട് !

# തിരിച്ചറിവല്ലോ പ്രധാനം

ഇ. ടി. മുരളീധരൻ

**ആ**ധാറും പാനുമായി ലിങ്ക് ചെയ്തു, ആധാറും ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തു, പിന്നെ ആധാറും മൊബൈലുമായി ലിങ്ക് ചെയ്തു, ഇനി ആധാറും റേഷൻ കാർഡുമായി ലിങ്ക് ചെയ്യണമത്രെ. ഇതിനെല്ലാമായി ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും ഓടി നടക്കുന്നു. അല്ലെങ്കിലേ സാധാരണക്കാരന്റെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമാണ്. പണിയും കളഞ്ഞ് ലിങ്ക് ചെയ്യാനായി നടക്കുന്നവന്റെ വേദന ആര് കേൾക്കാൻ? എം. പി. യുടേയും എം. എൽ. എ. യുടേയും സകല ഉദ്യോഗവൃന്ദത്തിന്റേയും ശമ്പളം ഇരട്ടിയാക്കണം. ഉത്സവബത്ത കൂട്ടിക്കൊടുക്കണം. അവർ മാത്രം മതി ഇവിടെ. ഇപ്പോൾ സ്വർണ്ണം വാങ്ങാൻ ആധാർ വേണം, വിൽക്കാൻ പാൻ വേണം. സാധാരണക്കാരന്റെ ഓണം ഒന്നൊന്നര ഓണമായി.

ജി. എസ്. ടി. വന്നു. വിലയെല്ലാം കൂടി. 0% ടാക്സ് പ്രഹസനം മാത്രം. ജി. എസ്. ടി. വെബ്സൈറ്റിനെക്കുറിച്ചും സോഫ്റ്റ്വെയറിനെ കുറിച്ചും ടാക്സ് റേറ്റിനെക്കുറിച്ചും ആർക്കും ഇതുവരേയും ഒരു ധാരണയുമില്ല, ഉദ്യോഗസ്ഥർക്കുപോലും. കൂടുതൽ കാര്യങ്ങൾ ചോദിച്ചാൽ അവർക്ക് ദേഷ്യം വരും. സൈറ്റ് പലപ്പോഴും ഹാങ് ആണ്. എങ്കിലും പരിശോധന നടത്താൻ ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ കയറിയിറങ്ങുന്നു. വെറുതെ ഇരിക്കണ്ട എന്ന് കരുതിയാവും. One tax One Nation എന്നതാണ് ജി. എസ്. ടി. വിഭാവനം ചെയ്തത്. പക്ഷെ ഇപ്പോൾ One name but many tax എന്നതായി GST. ഓരോ ഐറ്റത്തേയും തരംതിരിച്ച് ടാക്സ്. ഓരോന്നിനും ഓരോ ടാക്സ്. ഒരു കാപ്പിയുണ്ടാക്കുമ്പോൾ കാപ്പിക്ക് ഒരു ടാക്സ്, അതിലടങ്ങിയിരിക്കുന്ന ഓരോന്നിനും പഞ്ചസാര, പാല് എല്ലാറ്റിനും വേറെ വേറെ ടാക്സ്. ഇത് കണക്കാക്കാനും അടയ്ക്കാനും മാത്രമായി ഇരുന്നാൽ ബിസിനസ്സ് ചെയ്യാൻ നേരം കാണില്ല. HSN Code പ്രകാരം തരം തിരിച്ച് ടാക്സ് സമ്മറി കൊടുക്കണം. ഇതെല്ലാം നടക്കുന്ന കാര്യമാണോ എന്നതാണ് കച്ചവടക്കാരുടെ ചോദ്യം. കൈക്കൂലി വാങ്ങിക്കാൻ ഇനി സാധിക്കില്ലല്ലോ എന്നതാണ് ചില ഉദ്യോഗസ്ഥരെ വേദനിപ്പിക്കുന്ന ഘടകം. എന്നാൽ എല്ലാറ്റിനും 28% ടാക്സ് ആക്കിയാലും കുഴപ്പമില്ല. വേവ്വേറെ ടാക്സ് കലക്ട് ചെയ്യലും റിട്ടേൺ സബ്മിറ്റ് ചെയ്യലും വളരെ ബുദ്ധിമുട്ടാണ്. ടാക്സ് എത്രയായാലും നല്കുന്നത് ഇവിടത്തെ സാധാരണക്കാരനാണല്ലോ. അവരാകട്ടെ പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു സമൂഹത്തിന്റെ ഭാഗവും. എല്ലാവരും ഒത്ത് ചേരുന്ന പ്രശ്നമില്ല. എന്നിട്ടുവേണ്ടേ പുതിയ നിയമനിർമ്മാണങ്ങൾ നടത്താൻ. പക്ഷെ ഇവരെ ഏകീകരിപ്പിക്കാൻ ഒരു നേതാവില്ലല്ലോ. ഗോളിയില്ലാത്ത പോസ്റ്റിലേയ്ക്ക് പന്തടിക്കും പോലെ കാര്യങ്ങൾ പോകുന്നു. ചോദിക്കാനും പറയാനും ആളില്ലാതെ പോയി. എല്ലാവരും കയറി പൊതുജനത്തിന്റെ പോസ്റ്റിലേയ്ക്ക് ഗോളടിക്കുന്നുണ്ട്.

ജി. എസ്. ടി. രജിസ്ട്രേഷൻ ഇല്ലാത്തവരിൽ നിന്നും ഒന്നും വാങ്ങേണ്ടാ എന്നാണ് ജി. എസ്. ടി. ഉള്ളവർ പറയുന്നത്. കാരണം അവർക്ക് ടാക്സ് അധികം നല്കേണ്ടിവരുമത്രെ. പണിയും കൂടും. അതുകൊണ്ടുതന്നെ ഇരുപത് ലക്ഷത്തിനു താഴെ ബിസിനസ്സ് ചെയ്യുന്നവനുപോലും ജി. എസ്. ടി എടുക്കേണ്ട സ്ഥിതിയായി. നല്ല കാര്യം. പക്ഷെ ടാക്സ് റിട്ടേൺ നല്കാനായി ആരെയെങ്കിലും ഏർപ്പെടുത്തണം. അതുമല്ലെങ്കിൽ അതിനായി ഒരാളെത്തന്നെ നിയമിക്കേണ്ടിവരും. അല്ലെങ്കിലേ ബിസിനസ്സില്ല. പോരാത്തതിന് അവർക്കും കൊടുക്കണം പണം. വേണമെങ്കിൽ മതി. ആരു പറഞ്ഞു പെട്ടിക്കടയിടാൻ ? പോയി ഒരു എ. സി. ഷോറൂം തുടങ്ങ്, നാട് പുരോഗമിക്കയല്ലേ അറിഞ്ഞില്ലേ ? നിനക്കെന്താ ദേശസ്നേഹമില്ലേ എന്ന ഒറ്റച്ചോദ്യത്തിൽ ഏവരേയും മൗനിയാക്കിയിരിക്കുകയാണ്. നോട്ട് നിരോധനത്തോട് അനുബന്ധിച്ച് ദേശസ്നേഹികൾ അമ്പത് ദിവസം സഹിക്കാൻ പറഞ്ഞു. ആവശ്യത്തിന് കള്ളനോട്ട് വന്നപ്പോൾ എല്ലാം ശരിയായതുപോലെ ഇതും കുറച്ചുനാൾ സഹിക്കേണ്ടിവരും. പിന്നെയെല്ലാം പഴയതുപോലെയാവും.

ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന അറുപതിലേറെ കുട്ടികൾ ഒരേ ദിവസം ശ്വാസം മുട്ടി മരിച്ചു. വാർത്ത വായിച്ച് സ്വന്തം കുട്ടിയെ ഒന്ന് നോക്കി ആശ്വസിച്ചു എന്നിട്ട് മറ്റു വാർത്തകളിലേയ്ക്ക് പോയി. പക്ഷെ സ്വാമിജിയുടെ പീഡനവാർത്തകളും കൊലകളും സിനിമാനടന്റെ ഭൂമാഫിയയും പീഡനവും പലരുടേയും മനസ്സിൽ നിന്ന് മാഞ്ഞുപോകുന്നില്ല. മനസ്സിലെ വിഗ്രഹങ്ങൾ തകർന്നുപോകുന്നതിലുള്ള ദുഃഖം അവരിലെല്ലാമുണ്ട്. അതുമല്ലെങ്കിൽ സമ്മതിച്ചുകൊടുക്കാനുള്ള മടി... മനഃപ്പൂർവ്വം സൃഷ്ടിച്ച വാർത്തകളാകും ഇത്. മറ്റുള്ളവരുടെ പണിയാകും അല്ലെങ്കിൽ തന്നെ ഇത്തരം ഒറ്റപ്പെട്ട സംഭവത്തെ എന്തിന് പെരുപ്പിച്ച് കാട്ടണം. എത്രയോ നല്ല പുരോഹിതരും കലാകാരന്മാരും ഇവിടെ ഉണ്ടല്ലോ, ഈ വാർത്ത അവരെക്കൂടി തെറ്റിദ്ധരിക്കാൻ ഇടവരിത്തില്ലേ? ചിന്തകൾ പലപ്പോഴെല്ലാം വർഗ്ഗീയമായി. പീഡിപ്പിക്കപ്പെട്ടത് സ്വന്തം കുട്ടിയല്ലല്ലോ, കൊല്ലപ്പെട്ടവരിൽ നമുക്ക് വേണ്ടപ്പെട്ടവരൊന്നുമില്ലല്ലോ അപ്പോൾ പിന്നെ എന്തും പറഞ്ഞ് പരത്താം, ചർച്ച ചെയ്യാം. ഇവിടെ വിഷയത്തിന് ദാരിദ്ര്യമില്ല. വേറെ പണിയും തൊഴിലുമില്ലാത്തവന് ഒരു പണിയായി. രാഷ്ട്രീയവും വർഗ്ഗീയതയുമെല്ലാം കോർത്തിണക്കി നിയമം കൈയിലെടുത്ത്, വാളെടുത്ത് വീശി നിരപരാധികളെ വരെ ഉപദ്രവിക്കുന്ന, കൊല്ലുന്ന കാലം ഇത് കലികാലം.

വീഡിയോ ഗെയിം കളിക്കരുത്, കംപ്യൂട്ടറും മൊബൈൽ ഫോണുകളും, ഇന്റർനെറ്റുമെല്ലാം ഗെയിം കളിക്കാനായി ഉപയോഗിക്കരുത്. കണ്ണിന്റെ കാഴ്ച്ച കുറയും, ന്യൂറോ പ്രോബ്ലം വരും, സ്പോണ്ടിലോസിസ് വരും, പൈൽസ് വരും, ബുദ്ധി കുറയും പൊതുവെ ശരീര ആരോഗ്യം കുറയും. വീട്ടിൽ വന്ന അതിഥികളോട്, കുടുംബക്കാരോട് സംസാരിക്കാതെ, വന്നവരെ ശ്രദ്ധിക്കാതെ ഗെയിം കളിച്ചുകൊണ്ടിരുന്നാൽ കുടുംബബന്ധങ്ങൾ, സുഹൃദ് ബന്ധങ്ങൾ തകരാറിലാകും. ഇതെല്ലാം പലരും പലപ്പോഴാ

യി പറഞ്ഞുകൊണ്ടിരുന്നു. ആര് കേൾക്കാൻ ? ഒടുവിൽ എത്തി ഒരു ഒടുക്കത്തെ ഗെയിം... ഒരു മൊബൈൽ ആപ്പ്... സ്വന്തം ജീവിതം സ്വയം അവസാനിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ഗെയിം. അതെങ്ങിനെ വെറുമൊരു ഗെയിം എന്റെ ജീവിതത്തെ അവസാനിപ്പിക്കും ! പലർക്കും കൗതുകം... പരീക്ഷിച്ച വീരൻമാരെല്ലാം സ്വയം ആത്മഹത്യ ചെയ്ത് ഇല്ലാതായി. മാനസിക രോഗവിദഗ്ദ്ധർ മാനസിക രോഗികളെ ചികിത്സിച്ചു ഭേദമാക്കാറില്ലേ ? മാനസിക രോഗവിദഗ്ദ്ധന് വേണമെങ്കിൽ ഒരാളെ മാനസിക രോഗിയാക്കാനും കഴിയും എന്നതിൽ സംശയമുണ്ടോ ? വീട്ടിലുള്ള എല്ലാവരും ചേർന്ന് വീട്ടിലുള്ള ഒരു വ്യക്തിയെ വേണമെങ്കിൽ മാനസിക രോഗിയാക്കാം. അത് എങ്ങിനെ എന്ന് എഴുതുന്നില്ല. എഴുതിയാൽ അതും പരീക്ഷിച്ചുനോക്കും. ആവശ്യമുണ്ടായിട്ടല്ല എങ്കിലും ശരിയാണോ എന്നറിയാൻ. ഇതുപോലെ ശരിക്കും ഗെയിം കളിച്ചാൽ ആത്മഹത്യ ചെയ്യുമോ എന്നറിയാനും ഇതൊന്നും അറിയാതെ ഗെയിം കളിച്ചവരും നമ്മെ വിട്ടുപോയി. ഗെയിം കളിക്കുന്നവർ ഈ ലോകത്ത് ഉണ്ടാകേണ്ട, അവരെല്ലാം പോയി ചാകട്ടെ അതാണ് നല്ലത് എന്ന ചിന്തയിൽ നിന്ന് രൂപമെടുത്ത ഒരു ഗെയിമാണ് ബ്ലൂവേൽ ഗെയിം. ഇതിന്റെ നിർമ്മാതാക്കൾ നടത്തുന്നത് ഒരു ധർമ്മയുദ്ധമാണെന്ന് അവർ കരുതിയാൽ നമുക്ക് തെറ്റുപറയാനാകുമോ ? ഇത്രയും പേരെ കൊന്നിട്ട് വേണോ എന്നാണ് ചോദ്യമെങ്കിൽ ഗെയിം കളിക്കുന്നത് നല്ലതല്ല എന്ന് അറിഞ്ഞിട്ടും പറഞ്ഞുമനസ്സിലാക്കിയിട്ടും അതുതന്നെ ചെയ്യുന്നവരേ പിന്നെ എന്തുചെയ്യാൻ എന്നാണ് അവരുടെ മറു ചോദ്യമെങ്കിൽ നിങ്ങൾക്കെന്തു പറയാനാവും ? അത്തരം ആളുകൾ ഈ ഭൂമുഖത്ത് വേണ്ട എന്നാണ് അവരുടെ വാദമെങ്കിൽ നമുക്ക് എന്തുചെയ്യാനാകും ?

ഇതുതന്നെയാണ് മതതീവ്രവാദത്തിന്റെ പുറകിലും രാഷ്ട്രീയ ചേരിതിരുവുകൾക്കും കൊലപാതകങ്ങൾക്കും എല്ലാം പിറകിൽ. എല്ലാവരും വേദപുസ്തകങ്ങളെ നിരത്തിയും അല്ലാതെയും പറയുന്നു അവരും നടത്തുന്നത് ധർമ്മയുദ്ധമാണെന്ന്.

എല്ലാവരേയും എല്ലാറ്റിനേയും സൃഷ്ടിച്ച ദൈവത്തെ ചില രൂപങ്ങളിൽ, ഭാവങ്ങളിൽ അതുമല്ലെങ്കിൽ ജീവിച്ചിരിക്കുന്ന ചില മനുഷ്യരിൽ മാത്രം കണ്ട് ആരാധന നടത്തുകയാണ് പാവം മനുഷ്യൻ. സുഖമായിരിക്കുന്ന അവസ്ഥയിൽ ദൈവത്തെ ഓർക്കുന്നവർ വളരെ വിരളം എങ്കിലും അപ്പോഴും മറ്റുള്ളവർക്കുവേണ്ടി ദേവാലയങ്ങളിൽ പോയെന്നുവരാം. യഥാർത്ഥത്തിൽ പ്രശ്നങ്ങൾ വരുമ്പോഴാണ് ദൈവത്തെ അറിയാൻ ശ്രമിക്കുന്നതും അറിഞ്ഞപേക്ഷിക്കുന്നതും. അപ്പോഴും നമ്മുടെ അറിവ് പൂർണ്ണമല്ലാത്തതിനാൽ വികലമായി ആരാധിക്കുന്നു മനുഷ്യർ. പലരും ആരാധിക്കാൻ വേണ്ടി ജീവിക്കുന്നു. ശരിക്കും ദൈവത്തെ ആരാധിക്കാനായി സമയം കളയേണ്ട. എല്ലാറ്റിലും വർത്തിക്കുന്ന ദൈവത്തെ നിങ്ങൾക്ക് ആരാധിക്കാനുമാകില്ല. നിങ്ങൾ ചെയ്യുന്നത് കാട്ടിക്കൂട്ടലുകൾ മാത്രമാണ്. മനുഷ്യനെ, സഹജീവികളെ സ്നേഹിക്കാനറിയാത്ത നാം സ്വാർത്ഥപരമായ ദൈവാരാധന മാത്രമാണ് ഇവിടെ ഏവരിലും കാണുന്നതും നടത്തുന്നതും. എന്തെങ്കിലും ലഭിക്കുവാൻ മാത്രമായി നടത്തുന്നതൊന്നും ആരാധനയല്ല, പ്രാർത്ഥനയല്ല. ഇതൊന്നും അറിയാത്ത ആളല്ലല്ലോ ഇതെല്ലാം ഈവിധം ആക്കിത്തീർത്തത്. അതുകൊണ്ട് സമയം കളയേണ്ട. എല്ലാവരേയും നിരുപാധികം സ്നേഹിച്ചോളൂ. സ്നേഹമാണ് ദൈവം. സത്യസന്ധമായി, ആത്മാർത്ഥമായി കാര്യങ്ങൾ ചെയ്തോളൂ. സത്യമാണ് ദൈവം. അല്ലാത്തപക്ഷം രൂപവും കഥകളും മെനഞ്ഞ് അതിനുപുറകെ പോകുന്നവരാൽ പറ്റിക്കപ്പെടും. കഥകളെ അവലംബിച്ചുകൊണ്ടുള്ള യുദ്ധം ധർമ്മയുദ്ധമല്ല. യാഥാർത്ഥ്യങ്ങൾ പലപ്പോഴും കഥയിൽ നിന്നും പഴയകാല ചരിത്രങ്ങളിൽ നിന്നും ഒരുപാട് വ്യത്യസ്തങ്ങളാണ്.

ഭക്തി മൂത്ത് വട്ടായാൽ ചിലപ്പോൾ അവനെ മനുഷ്യദൈവമാക്കും. ഷുഗറും കൊളസ്ട്രോളും എല്ലാതരം അസുഖങ്ങൾക്കും പുറമെ എല്ലാതര വികാരവിചാരങ്ങളും ഇത്തരം ആൾദൈവങ്ങൾക്കുണ്ടാകും. അവരുടെ പ്രശ്നങ്ങളെ അവർക്ക് തീർക്കാനാകില്ലെന്ന് നന്നായിട്ടറിയാം. അത്തരം ആളുകളുടെ അടുത്തുചെന്ന് പരാതിയും പരിഭവങ്ങളും പറയും, ചൂഷണത്തിനിരയാവും. ഒടുവിൽ അവർക്കുവേണ്ടി മരിക്കും. അവിടെ നടക്കുന്ന വൃത്തികേടുകൾ മനസ്സിലാക്കി വിളിച്ചുപറഞ്ഞാൽ, എതിർത്താൽ, ചോദ്യം ചെയ്താൽ ഇല്ലാതാക്കും. അത് അവരുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ചില കാഴ്ചകൾ നിങ്ങൾക്ക് കാണാൻ മാത്രമായി സൃഷ്ടിക്കപ്പെട്ടതാണ്. അതിലെ വിഷയം ചിന്തിക്കാമെങ്കിലും പ്രവൃത്തി വേണ്ട. സിനിമയിലെ നായകന്റെ കൈയിലെ കത്തി നഷ്ടപ്പെട്ടപ്പോൾ സ്വന്തം കൈയിലിരിക്കുന്ന വടിവാളെറിഞ്ഞുകൊടുത്താൽ എന്താകും ? സിനിമാസ്ക്രീൻ കീറും. ആളുകൾ പരിഭ്രാന്തരാകും. ആകെ ബഹളമയമാവും. നിങ്ങൾ കുറ്റക്കാരനാകും. അതുപോലെയാണ് കാഴ്ചയ്ക്ക് പുറകിലെ യാഥാർത്ഥ്യം മനസ്സിലാക്കാൻ ശ്രമിക്കാതെ കത്തിയും ക്രോധവുമായി നടക്കുന്നവർ. ഇത്തരക്കാർ എല്ലായിടത്തുമുണ്ട്, രാഷ്ട്രീയത്തിലും ഭക്തിപ്രസ്ഥാനങ്ങളിലുമെല്ലാം. നിങ്ങളിലും ചിന്തകൾ ഈതരത്തിൽ വർഗ്ഗീയമായി മുന്നേറുന്നുണ്ടോ എന്ന് ചിന്തിക്കുക, പിൻതിരിയുക.

പുരോഹിതനും, സന്യാസിയും, മദ്രസ അദ്ധ്യാപകരുമെല്ലാം പീഡിപ്പിക്കുന്ന, വ്യഭിചരിക്കുന്ന വാർത്തകൾ മാറിമാറി വരുന്നു എന്നിട്ടും എന്ത് പഠിക്കുന്നു? എല്ലാം വായിക്കുന്നു, കാണുന്നു. പിന്നേയും ഇത്തരം ആളുകളുടെ പുറകേ പോകുന്നു. എല്ലാം സമയം കൂടുതൽ കിട്ടിയതുകൊണ്ടാണ്. സമയമില്ലാത്തവിധം പ്രശ്നങ്ങൾ നിങ്ങൾക്കുചുറ്റിലും ഉണ്ടെങ്കിൽ പിന്നെ നിങ്ങളും ഇത്തരത്തിലൊന്നിന്റേയും പുറകേ പോകില്ല. ഈ പറഞ്ഞത് തെറ്റാണ്, പ്രശ്നങ്ങൾ ഉള്ളപ്പോഴാണ് എല്ലാവരും ആരാധന നടത്തുന്നത്, ദേവാലയങ്ങളിൽ പോകാറ്. സുഖമുള്ള അവസ്ഥയിൽ ആര് പോകാൻ എന്നാണ് ചോദ്യമെങ്കിൽ ചിന്തിക്കുക, സുഖമായിരിക്കുന്ന അവസ്ഥയിലുള്ള ചെറിയ വ്യതിയാനം നമ്മെ ഭക്തിയിലേയ്ക്ക് എത്തിക്കാം. പക്ഷെ പ്രശ്നങ്ങൾ രൂക്ഷമായാൽ ആരാധനാലയങ്ങളിൽ പോകാനൊന്നും സമയം കിട്ടില്ല. അപ്പോൾ ചിലപ്പോൾ നാം മറ്റുള്ളവരെക്കൊണ്ട് വഴിപാട് നടത്തിക്കും. പിന്നെയും കാര്യങ്ങൾ രൂക്ഷമാകുമ്പോൾ അതിനും സമയമില്ലാതാകും, അപ്പോൾ പിന്നെ ഒന്നിലും വിശ്വാസമില്ലാതാകും നിരീശ്വരവാദിവരെയാകും. യഥാർത്ഥത്തിൽ ചടങ്ങുകളിലും വഴിപാടുകളിലും എന്തിരിക്കുന്നു ? പ്രവൃത്തികൾ ശ്രദ്ധിക്കുക, ചെയ്തുപോയ പ്രവൃത്തിയോ ചിന്തയോ ആവാം പല പ്രശ്നങ്ങൾക്കും രോഗങ്ങൾക്കും കാരണം...

സുഖമുള്ളപ്പോഴും ദുഃഖമുള്ളപ്പോഴും ഒരുപോലെ ചെയ്യുന്ന ഒന്നാണ് ചടങ്ങുകൾ. അതിനോടാണ് പലർക്കും താത്പര്യം. പക്ഷെ ചടങ്ങുകളിൽ എന്തിരിക്കുന്നു. ചടങ്ങുകളായി മാത്രം ഒന്നും ചെയ്യേണ്ടതില്ല. കാരുണ്യവാനായ ദൈവത്തേയും, പലരിലൂടെ പല സന്ദർഭങ്ങളിലൂടെ നമ്മെ ഈവിധമാക്കിത്തീർത്ത ഓരോ വ്യക്തിയേയും എന്നും സ്മരിക്കുകയാണ് വേണ്ടത്. അത് നമ്മെ വീണ്ടും വീണ്ടും കർത്തവ്യബോധമുള്ള, എളിമയുള്ള, സ്നേഹമുള്ളവനായി തീരാൻ സഹായിക്കുന്നു. നമ്മുടെ മുന്നിലെ എല്ലാം പ്രശ്നങ്ങളും നീങ്ങിപ്പോകുന്നു. പിന്നെ പിന്നെ എങ്ങും ഒന്നിലും സത്യമല്ലാതെ, അനിവാര്യതയല്ലാതെ മറ്റൊ

ന്നും ദർശിക്കാനാകില്ല എല്ലാം ശരി മാത്രമാണെന്ന് തിരിച്ചറിയാനാകുന്നു, ഉൾക്കൊള്ളാനാകുന്നു. അപ്പോൾ മനസ്സിലെ അലകൾ താനെ ശാന്തമാകും. എല്ലാം നിരീക്ഷിക്കാനും പരീക്ഷിക്കാനും കാത്തിരിക്കാനും ക്ഷമയില്ലാതെ പോയെങ്കിൽ ഇന്നുതന്നെ തുടങ്ങൂ ക്ഷമയാർജ്ജിക്കാനുള്ള പ്രയത്നം, പ്രാർത്ഥന. ക്ഷമയുള്ളവനായിതീരുമ്പോൾ തന്നിൽനിന്ന് അകന്നതും നഷ്ടപ്പെട്ടതുമായ എല്ലാം ഓരോന്നായി വന്നു ചേരുന്നത് കാണാം.

മറ്റുള്ളവർക്ക് ഉപദ്രവമായി മാറാവുന്ന എല്ലാ ശീലങ്ങളേയും ദുശ്ശീലങ്ങളേയും ദൈവത്തിനു സമർപ്പിക്കൂ, തിരികെ നല്കൂ. മറ്റുള്ളവർ ഉപേക്ഷിച്ചുപോയ, സമർപ്പിച്ചിട്ടുപോയ ശീലങ്ങളെ, ദുശ്ശീലങ്ങളെ തിരികെ വാങ്ങിക്കാതിരിക്കാനായി ശ്രദ്ധിക്കൂ. ദൈവം എല്ലാവരേയും പൂർണ്ണനായി സൃഷ്ടിച്ചു. ഏവരിലും നല്ലതും ചീത്തയും എല്ലാം ഒരുപോലെ തന്നിട്ടുണ്ട്, എല്ലാറ്റിനേയും ഈവിധം സൃഷ്ടിച്ച് പരിപാലിക്കുന്നുമുണ്ട്. നമ്മിലെ തിന്മകളെ, ചീത്ത ശീലങ്ങളെ നാം ദൈവത്തിനു തിരികെ നല്കുക. ഓരോന്നിനെയായി കണ്ടെത്തി തിരികെ നല്കുമ്പോഴും ദൈവം പുതിയ പുതിയ നന്മകൾ നമുക്ക് നല്കി അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നു. അങ്ങിനെ നമ്മിലെ നന്മയുടെ അംശം കൂടിവരുന്നു.

നാം നല്ല ഗുരുനാഥനാകുമ്പോൾ ശിഷ്യരാൽ എന്നും വാഴ്ത്തപ്പെടും. നല്ല നടനാകുമ്പോൾ കലാകാരനാകുമ്പോൾ ആസ്വാദകരിലൂടേയും, നല്ല ഉദ്യോഗസ്ഥനാകുമ്പോൾ സഹപ്രവർത്തകരിലൂടേയും, നല്ല ഭരണാധികാരിയാകുമ്പോൾ പ്രജകളിലൂടേയും ദൈവം നമ്മെ വാഴ്ത്തപ്പെടുത്തി നമുക്ക് ശക്തി പകരുന്നു. കൊടുക്കുന്നതിന്റെ ഇരട്ടി ലഭിക്കും. ഇരട്ടി ലഭിക്കാൻ വേണ്ടി കൊടുക്കുമ്പോൾ ഇരുട്ടടി ലഭിക്കും. ഈ അടുത്ത് അറസ്റ്റിലായ സിനിമാനടന് ലഭിച്ചതുപോലെ, സന്യാസിക്ക് ലഭിച്ചതുപോലെ. ഇനി പലർക്കും ലഭിക്കാനിരിക്കുന്നതു പോലെ...

ക്ഷമയോടെ വീക്ഷിക്കുക, ദൈവത്തിന് പക്ഷപാതമില്ല കൊടുത്താൽ കൊല്ലത്തും കിട്ടും എന്നതു പോലെ ഉപ്പ് തിന്നവൻ വെള്ളം കുടിക്കും എന്നത് തീർച്ചയാണ്. ജന്മാന്തരങ്ങളിലൂടെ നാം തന്നെ നശിപ്പിച്ച ഭൂമിയിൽ വീണ്ടും പിറക്കേണ്ടിവന്നതിനു കാരണവും അതുതന്നെ. നാം ചെയ്ത പ്രവൃത്തിയുടെ ഫലം നാം തന്നെ അനുഭവിക്കാനായിട്ടാണ് വീണ്ടും ഈ ഭൂമിയിൽ തന്നെ വന്ന് പിറന്നത് എന്ന് സാരം. സിനിമ കാണാൻ പോയി. സിനിമ ഇഷ്ടപ്പെടാത്തതിൽ അരിശം പൂണ്ട് സീറ്റ് കീറി പൊളിച്ചു. അടുത്ത തവണ ഒരു സൂപ്പർ ഹിറ്റ് സിനിമ കാണാൻ വളരെ ബുദ്ധിമുട്ടി ടിക്കറ്റെടുത്ത് കയറിയപ്പോൾ ഇരിക്കാനായി ലഭിച്ചത് അതേ കീറിപ്പറിച്ച സീറ്റാണെന്നിരിക്കട്ടെ, എന്താവും സ്ഥിതി? നഷ്ടപ്പെട്ട കുഷ്യനും, സീറ്റിനകത്ത് കയറിക്കൂടിയ മൂട്ടയുടെ കടി കൊണ്ടും ഇരിപ്പിന്റെ സുഖവും സിനിമയുടെ രസവും നഷ്ടപ്പെടും. ഇതുപോലെയാണ് നാമും. നാം നശിപ്പിക്കുന്ന പലതും നമുക്കുതന്നെ വന്നുചേരുന്നു എന്നറിയുക. എങ്കിലും മണ്ണിൽ വീണ വിത്തിന് മുളയ്ക്കാതിരിക്കാനാകുമോ? പിറന്ന കുഞ്ഞിന് ജീവിക്കാതിരിക്കാനാകുമോ? ഞാൻ തന്നെ മലിനപ്പെടുത്തിയ വെള്ളവും വെളിച്ചവും വായുവും ചിന്താധാരയും നിവൃത്തിയില്ലാതെയെങ്കിലും എനിക്ക് ഉപയോഗിക്കേണ്ടിവരുന്നു എന്നത് സത്യമാണ്. എല്ലാവരും അവരവരുടെ പ്രവൃത്തികളുടെ തുടർച്ചയെന്നോണം നാം ഇവിടെ പലതും ചെയ്തുകൊണ്ടിരിക്കുന്നു. ആർക്കും കർമ്മം ചെയ്യാതിരിക്കാനാകില്ലല്ലോ. മഹാബലിയും വാമനനുമെല്ലാം ഇടയ്ക്കിടെ കഥകളിൽ നിന്ന് പുറത്തേയ്ക്കിറങ്ങി എത്തിനോക്കുന്നുണ്ട്. വായന അവസാനിപ്പിച്ച് നെട്ടോട്ടം ഓടുന്നവരോട് എന്തെല്ലാമോ ഉറക്കെ പറയുന്നുണ്ട് ആര് കേൾക്കാൻ ? തുണ്ടും മുറിയുമായി പല മീഡിയയിലും വന്നുപോകുന്നുണ്ട്. മന്ദബുദ്ധികളെപ്പോലെ പലതും കണ്ട് നാം ചിരിക്കുന്നുണ്ട്. മറ്റ് ഭ്രാന്തൻമാർക്ക് സോഷ്യൽ മീഡിയയിലൂടെ അയച്ചുകൊടുക്കുന്നുണ്ട്. അവർക്കും ഒന്നും പിടികിട്ടിയില്ല. കിട്ടിയതാകട്ടെ പിടിവിട്ടുപോകുകയാണ് എന്ന് പലർക്കും മനസ്സിലാകുന്നുമുണ്ട്. ഞങ്ങൾ ഓണത്തിന് എന്തായാലും പൂക്കളമൊരുക്കി മത്സരിക്കും, സദ്യയുണ്ടാക്കും, ഇല്ലാത്തവന് കൊടുക്കാതെ ഭക്ഷിക്കും, കഴിഞ്ഞ ഓണത്തിന് ഇട്ട പുതിയ ഉടുപ്പിന്റെ മുകളിൽ അലമാരയിൽ ഒരു പുതിയ ഉടുപ്പുകൂടി ഊരി വെയ്ക്കും. ഉടുക്കാൻ വസ്ത്രമില്ലാതെ അലയുന്നവർക്ക് ഒരു തുണ്ട് തുണി പോലും കൊടുക്കില്ല. കിട്ടിയതും സ്വരൂപിച്ചതുമായ പണത്തേയും ഭൂമിയേയുമെല്ലാം ചേർത്തു പിടിക്കും. എല്ലാം എനിക്ക് വേണം! സ്വരൂപിച്ചുവെച്ചതെല്ലാം പോകുമ്പോൾ കൊണ്ടുപോകാൻ കഴിയില്ല എന്ന് അറിയാഞ്ഞിട്ടുമല്ല. വേഷം കെട്ടുക എളുപ്പമാണ്. വേഷങ്ങളില്ലാതെ ജീവിക്കുക എന്നത് പ്രയാസവുമാണ്. യാഥാർത്ഥ്യം മനസ്സിലാക്കി കർമ്മങ്ങൾ ചെയ്യുക ബുദ്ധിമുട്ടാണ്. പക്ഷെ ചടങ്ങുകൾ ചെയ്യുക എന്നത് എളുപ്പവും. എല്ലാവരും എളുപ്പവഴിയിൽ ജീവിക്കാൻ ശ്രമിക്കുകയാണ്. ഫലമോ നിരന്തര ദുഃഖവും പോരാത്തതിന് സ്വരൂപിച്ച് സമ്പത്തും നേടിയെടുത്ത അഭിമാനവും ഒരുപോലെ നഷ്ടപ്പെടുന്നു. എത്ര കണ്ടാലും അനുഭവിച്ചാലും പഠിക്കാത്തവർ കൂടുന്നു. ഡിഗ്രിയും ഡിപ്ലോമയും ഡോക്ടറേറ്റും മറ്റും നേടിയിട്ടും തിരിച്ചറിവ് ലഭിക്കാത്തവർ സ്വത്തിനും സുഖത്തിനും വേണ്ടി മാത്രമായി ജീവിക്കുന്നു.

പൂവിനും കായക്കും വിത്തിനും ബന്ധമുണ്ട്. ചിന്തിച്ചു നോക്കിയിട്ടില്ലേ അതുപോലെ എനിക്കും നിങ്ങൾക്കും എല്ലാറ്റിനും പരസ്പരബന്ധമുണ്ട്. വിത്തുകളെ സംരക്ഷിച്ച്, സൂക്ഷിച്ചുവെച്ചാൽ പോര മണ്ണിൽ വളരാൻ അനുവദിക്കണം. കുട്ടികളെ വിത്തുകളെ പോലെ സംരക്ഷിച്ചാൽ പോര ജീവിക്കാൻ അനുവദിക്കണം. പുതുതലമുറയെ ദുരുപയോഗം ചെയ്യരുത്. അവരെ സ്വതന്ത്രചിന്തകരായി വളരാൻ വിടണം. അവരിൽ വായനാശീലമാണ് വളർത്തേണ്ടത്. അനുഭവിച്ചു പഠിച്ച കാര്യങ്ങൾ മറക്കില്ല എങ്കിലും ദുരനുഭവങ്ങൾ ഉണ്ടാകാതെ പഠിക്കാൻ പുസ്തകങ്ങളും, വായനയും, നിരീക്ഷണവും അത്യാവശ്യമാണ്. ഒരു ജന്മത്തിലൂടെ തന്നെ ഒരുപാട് ജന്മം ജീവിച്ച അനുഭവങ്ങൾ സ്വന്തമാക്കാൻ വായന നമ്മെ സഹായിക്കും. വായനയിൽനിന്ന് അകന്നതുകൊണ്ടാണ് ഇവിടെ ചൂഷണം നടക്കുന്നത്, മോഷണവും അക്രമവും നടക്കുന്നത്. ഇനിയും സ്വാമിമാരുടേയും പുരോഹിതന്മാരുടേയും, അഭിനേതാക്കളുടേയും, ഭരണാധികാരികളുടേയും തുടങ്ങി പലരുടേയും മുഖംമൂടി അഴിഞ്ഞുവീഴും. അവരെയെല്ലാം ആരാധിച്ചവർ സൂയിസൈഡ് പോയിന്റിൽ എത്തും. എല്ലാം ഒരു ഗെയിമാണ്. ഒന്നിലും ചെന്നുപെടാതെ ഉയരങ്ങളിൽ നിന്നു വീക്ഷിക്കാനാകണം. നല്ലവണ്ണം പഠിക്കുന്ന ഒരു കുട്ടിക്ക് മറ്റൊരു പഠിക്കുന്ന കുട്ടിയെ, അതുപോലെ കള്ളൻമാർക്ക്, ചൂഷകർക്ക് മറ്റ് കള്ളൻമാരെ ചൂഷകരെ, ധനികന് മറ്റൊരു ധനികനെ, ഒരു ഭരണാധികാരിക്ക് മറ്റൊരു ഭരണാധികാരിയെ, സൗന്ദര്യമുള്ള ആളിന് മറ്റൊരു സൗന്ദര്യമുള്ള ആളെ, ഒരു കലാകാരന് മറ്റൊരു കലാകാരനെ ഇഷ്ടമല്ല. ചുരുക്കിപ്പറഞ്ഞാൽ എന്നെപ്പോലെ ഉള്ളവരെ എനിക്ക് ഇഷ്ടമല്ല എന്നത് യാഥാർത്ഥ്യം. ഇതെല്ലാം മനസ്സിലാകാൻ, വീക്ഷണം ഉയരങ്ങളിൽ നിന്നാകണം. അപ്പോൾ എല്ലാം വെറും കൗതുകം മാത്രം. എല്ലാ കൗതുകങ്ങളും മനസ്സിൽ ചോദ്യങ്ങൾ തീർക്കുന്നു. ഉത്തരങ്ങൾ കണ്ടെത്തേണ്ടത് നാമാണ്. ഉത്തരങ്ങൾ അറിവായും പിന്നെ തിരിച്ചറിവായും തീരും... ഈ തിരിച്ചറിവാണല്ലോ പ്രധാനം.

# പ്രാന്തൻ നാരായണൻ

പട്ടിയുടെ കുര കേട്ടിട്ടാണയാൾ വീടിനു പിന്നിൽ ചെന്ന് നോക്കിയത്. നോക്കുമ്പോൾ ഒരു രാജവെമ്പാല പത്തിവിടർത്തി നിൽക്കുന്നു. മുന്നിൽ തടുത്തു പട്ടിയും. പെട്ടെന്ന് എന്ത് ചെയ്യണമെന്ന് അയാൾക്ക് അറിയാതെയാണ് ഓടിപോയി ഗേറ്റ് തുറന്ന് അടുത്തുള്ളവരെ വിളിച്ചത്. ചിലർ വന്നു മതിലുന്നുമുകളിലൂടെ എത്തി നോക്കി. മറ്റു ചിലർ കൂട്ടംകൂടി വർത്തമാനം പറയാൻ തുടങ്ങി അടുത്തുള്ള പുരയിടത്തിലെ കാടിനെപ്പറ്റി, കാടിന്റെ ദോഷത്തെപ്പറ്റി, പാമ്പുകൾ ഉണ്ടാവാനുള്ള സാധ്യതയെപ്പറ്റി, മയിലുകൾ വരുന്നതിനെപ്പറ്റി, കീരിയുള്ളതിനെപ്പറ്റി, മയിലും കീരിയും പാമ്പിന്റെ ശത്രുക്കളാണെന്നതിനെപ്പറ്റി... മറ്റൊരാൾ ഞാൻ അന്നെ പറഞ്ഞതാണ് ആ കാട് വെട്ടണമെന്ന്. പക്ഷെ അതിന്റെ ഉടമസ്ഥൻ വിദേശത്താണ് എന്ത് ചെയ്യാം... പട്ടി അപ്പോഴും പാമ്പിനെതടുത്തു നിർത്തിയിരിക്കുകയാണ്. വേറൊരാൾ പറയുന്നു കാടൊക്കെ നല്ലതു തന്നെ അതില്ലെങ്കിൽ കാണാമായിരുന്നു ഇത്തവണത്തെ വേനൽ. കുറച്ച് പെണ്ണുങ്ങൾ കൂടി വന്നു. അയ്യോ ഭയങ്കരം തന്നെ. ആ പട്ടി അതിനെ തടുത്തു നിർത്തിയിരിക്കുന്നത് കണ്ടില്ലേ. ഈ ജനക്കൂട്ടത്തെ കണ്ടിട്ടാവാം നാരായണൻ അവിടെ വന്നു. നാരായണൻ പ്രാന്തനാണ്. അല്ലെങ്കിൽ പ്രാന്തനായാണ് അറിയപ്പെടുന്നത്. മടക്കികുത്തിയ മുണ്ട്, കഴുത്തിൽ തോർത്തുമുണ്ട്, കയ്യിൽ ഒരു മടവാള് മറ്റേ കയ്യിൽ ഒരു മുണ്ടൻ വടി. നാരായണൻ മതിലിനകത്തേക്ക് എത്തിനോക്കി. അയാൾ അടുത്ത തൊടിയിലേക്കു മതിൽ ചാടി അപ്പോഴും പട്ടി പാമ്പിനെ തടുത്തു നിർത്തിയിരിക്കയാണ്. അയാൾ ശീമകൊന്നയുടെ നീളൻ വടി വെട്ടി കഴുത്തിലെ തോർത്തുമുണ്ട് അതിനു തലക്കൽ കെട്ടി മതിലിന്നപ്പുറത്തുനിന്നു തോർത്തുമുണ്ടുകൊണ്ടു പാമ്പിനെചുറ്റി. പാമ്പു തത്കാലം തോർത്തിനുള്ളിലായി. അയാൾ ഒരു വലിയ കല്ലെടുത്തു ആ തോർത്തിരുന്നതിനു മുകളിലിട്ടു പാമ്പു തോർത്തിൽ കുടുങ്ങി അരഞ്ഞു. അയാൾ കയ്യിലുള്ള മറ്റേവടി കൊണ്ടു കല്ലുമറിച്ചിട്ടു. ചത്ത പാമ്പിനെ തൂക്കിയെടുത്തു റോഡിലൂടെ നടന്നു പോയി. കുട്ടികൾ അയാൾക്ക് പിന്നിൽ നടന്നു ആർപ്പുവിളിയോടെ, ആരവത്തോടെ...

പിന്നീട് നാരായണനെ കാണുന്നത് കുഞ്ഞുണ്ണിയേട്ടൻ മരിച്ചപ്പോഴാണ്. കുഞ്ഞുണ്ണിയേട്ടൻ പട്ടാളത്തിലായിരുന്നു. റിട്ടയർ ചെയ്തു വന്നിട്ട് അധികകാലം ജീവിച്ചില്ല പാവം. ശവം കുഴിച്ചിടാൻ തെക്കേത്തൊടിയിൽ കുഴികുഴിക്കുമ്പോളാണ് നാരായണൻ അതുവഴി വന്നത്. നാരായണൻ ആരോടും ചോദിച്ചില്ല. കുഴിക്കുന്നവരുടെ കൂടെ കൂടി. കൈക്കോട്ടുകൊണ്ടു ആഞ്ഞാഞ്ഞു കിളച്ച് കുഴി ശരിയാക്കി മാറി നിന്നു. ശവം കുഴിച്ചിട്ടു. ഓരോരുത്തരം മൂന്നുപിടി മണ്ണ് വീതം മാത്രം ഇട്ടു. പിന്നെ നാരായണനാണ് മുഴുവൻ കുഴിയും മൂടിയത്. മൂടി കഴിഞ്ഞപ്പോൾ നാരായണൻ പാട്ടും പാടി നടന്നുപോയി. ഒരു പ്രതിഫലവും ചോദിക്കാതെ.

ആൽത്തറയിൽ സന്യാസിക്ക് അസുഖം. സന്യാസി കുറെ ദിവസമായി ആൽത്തറയിൽ താമസം തുടങ്ങിയിട്ട്. ഭിക്ഷ യാചിച്ചാണ് ജീവിതം. പക്ഷെ സന്യാസിക്ക് ഒരാഴ്ച്ചയായി നടക്കാൻ വയ്യ. അയാൾക്ക് സന്യാസിയെന്ന പേരുമാത്രമേയുള്ളു. കഷായവേഷം. കുളിക്കും, ഭസ്മം കുറിയിടും, നാരായണ നാരായണ എന്ന് പറയും. ആരോടും വേറെ ഒന്നും പറയില്ല. അത്രമാത്രം. ജാടയൊന്നുമില്ല. ആയിടെ നാരായണൻ ആ വഴി വന്നു. നാരായണൻ കൃഷ്ണൻപട്ടരുടെ ചായക്കടയിൽ നിന്നും ദോശ വാങ്ങി, ചായ വാങ്ങി, സന്യാസിക്ക് കൊടുത്തു. കൂലിയായി നാരായണൻ വിറകുവെട്ടി. നാരായണൻ പണിക്കു ഒരിക്കലും കൂലി വാങ്ങിയില്ല. നാരായണൻ ഉച്ചക്കു സന്യാസിക്ക് ചോറ് കൊണ്ട് കൊടുത്തു. സന്യാസിക്ക് തുളസിയും, കുരുമുളകിലയും, കസ്തൂരി മഞ്ഞളുമെല്ലാം കൊടുത്തു. ക്രമേണ സന്യാസിയുടെ അസുഖം മാറി. നാരായണൻ അവിടം വിട്ടു പോയി.

ചേന പറിക്കുന്ന സ്ഥലം, കപ്പ പറിക്കുന്ന സ്ഥലം എല്ലായിടത്തും നാരായണൻ പണിക്കു സഹായിക്കും. പകരം ചായയും ചോറും മാത്രമേ കഴിക്കൂ.


രാവിലെ ഞാൻ ബസിൽ പോകുമ്പോൾ ഒരു ചത്ത നായ

റോട്ടുവക്കത്ത് നാറി കിടപ്പുണ്ടായിരുന്നു. വൈകുന്നേരം ഞാൻ വരുമ്പോൾ നാരായണൻ ആ ചത്ത നായയെ തൂക്കിക്കൊണ്ടു പോകുന്നു .

കനത്ത മഴ പെയ്തപ്പോൾ തോട്ടിൽ വെള്ളം വന്നു. ഒഴുക്കിൽ ഒരു പശു ഒഴുകി വന്നു. പിന്നാലെ തോട്ടുവക്കത്തുകൂടെ കരഞ്ഞു നിലവിളിച്ചുകൊണ്ട് ഒരു സ്ത്രീയും... നാരായണൻ തോട്ടിലേക്ക് ചാടി. പയ്യിനെപിടിച്ച് കയറ്റി, ആ സ്ത്രീക്ക് കൊടുത്തു. നാരായണന് വൃത്തിയില്ല, സൗന്ദര്യമില്ല, നല്ല ഭാഷയറിയില്ല, സംസ്കാരമില്ല...

എനിക്കറിയാം നാരായണന്റെ വീട്. ഞാൻ ബസിനു പോകുന്ന വഴിയിലാണ്. നാരായണൻ ഇപ്പോൾ ഒറ്റത്തടിയാണ്. പക്ഷെ ഒരു പെങ്ങളും അവരുടെ ഭർത്താവും കുട്ടികളുമുണ്ട്. അച്ഛനും അമ്മയും ചെറുപ്പത്തിലേ മരിച്ചു. നാരായണനാണീ പെങ്ങളെ വളർത്തിയതും കല്യാണം കഴിച്ചുകൊടുത്തതും. പക്ഷെ ഇപ്പോൾ നാരായണന് അവിടെ ചെല്ലാൻ പാടില്ല. നാരായണൻ ആ വഴിപോലും പോകാറില്ല. പോയാൽ പെങ്ങൾക്ക് നാണക്കേടാവും. നാരായണന് ആനയെ ഭയങ്കര ഇഷ്ടമാണ്. ആനയെ കുളിപ്പിക്കുന്നത് കണ്ടാൽ നാരായണൻ അവിടെച്ചെല്ലും. ആനയെ കുളിപ്പിക്കാൻ കൂടും. റോഡുപണി നടക്കുമ്പോൾ നാരായണൻ പണിക്കു കൂടും. നാരായണൻ കൂലി വാങ്ങില്ല. ഭക്ഷണം മാത്രമേ കഴിക്കൂ. നാരായണൻ മേൽപ്പാലത്തിന് താഴെ മഴകൊള്ളാത്ത സ്ഥലത്താണ് കിടപ്പ്. കൂടെ രണ്ടു പട്ടികളും ഒരു പൂച്ചയുമുണ്ട്. എന്നും നാരായണൻ ഉറങ്ങാൻ വരുമ്പോൾ മീൻ ചെകിളകൾ കൊണ്ടുവരും. അത് പട്ടികൾക്കും പൂച്ചക്കുമായി കൊടുക്കും. അവർ നാലുപേരും അവിടെ കിടന്നുറങ്ങും. പരസ്പരം മൗനമായി സ്നേഹിച്ച്... സഹായിച്ച്... പ്രിയപ്പെട്ടവരേ നാരായണനാണോ പ്രാന്ത്. അതോ സംസ്കാരസമ്പന്നരെന്നഭിമാനിക്കുന്ന നമ്മൾക്കോ....





എം. എം. മേനോൻ
0491 6451469

# ഭാഷാസ്നേഹം മതസ്നേഹം ദേശസ്നേഹം

പരസ്പരം അടുത്ത ബന്ധമില്ലെന്നു തോന്നിക്കുന്ന ഈ വിഷയങ്ങളെ ഒന്നിച്ചുചേർത്ത് എഴുതുന്നതിന് കാരണമുണ്ട്. കൂടെക്കൂടെ മേൽ കൊടുത്ത വിഷയങ്ങളിൽ ലേഖനങ്ങളും കവിതകളും ഇന്നു കാണുന്നുണ്ട്. ഉറച്ച നിയന്ത്രണമില്ലെങ്കിൽ ഇവയെല്ലാം ലഹരി പദാർത്ഥങ്ങളെപ്പോലെത്തന്നെ നമ്മുടെ ഗുണദോഷവിവേചന കക്തിയെ ബാധിച്ച് ഗുണത്തിനു പകരം ദോഷം വരുത്തുന്നു. എന്നാലും ഇവയെ വേറെ വേറെയായി പരിശോധിക്കുന്നത് കുറേക്കൂടി സഹായമായിരിക്കും.

## ഭാഷാസ്നേഹം

വിവേചന ശക്തിയില്ലാത്തതും കേവലം ജീവൻ നിലനിർത്തിപ്പോകാൻ കഴിവുള്ളതുമായ ജീവികളെ ഒഴിച്ച്, മനുഷ്യജാതിക്ക് മാത്രമായി കാണുന്ന ഒന്നാണ് ഭാഷാസ്നേഹം. സ്വാർത്ഥപരതയില്ലാതെ അന്യോന്യം മനസ്സിലാക്കാനും മനസ്സിലാക്കിത്തരാനും സർവ്വ ജീവജാലത്തിന്റെ വാസ്തവ നന്മയ്ക്കായി ചിന്തിച്ച്, വികസിപ്പിച്ച് (Develop), ജീവിതരീതിയെ രൂപീകരിക്കാൻ/മെച്ചപ്പെടുത്താൻ ആവശ്യമായ ഒന്നാണ് ഭാഷ. മനുഷ്യർ എത്രത്തോളം പ്രഗതി ചെയ്തുവരുന്നുവോ, അതിന് സഹായമായും, അതിനൊപ്പം വളർന്നുവരുന്നതും ആയ ഒന്നാണ് ഇത്. കാട്ടുജീവിയായി കഴിഞ്ഞിരുന്ന അതിപുരാതന കാലത്ത്, വളരെ ചുരുക്കം ചില ആംഗ്യങ്ങളും ഒച്ചകളും മാത്രം പുറപ്പെടുവിച്ച് മനുഷ്യൻ ജീവിച്ചുകഴിഞ്ഞിട്ടുണ്ടാവണം. കുടുംബം, കൂട്ടം, സമുദായം, സഹപ്രവർത്തനം എന്നിവയുടെ വികസനത്തോടൊപ്പം ചിന്തിക്കാനും അന്യോന്യം വിചാരകൈമാറ്റത്തിനും പടിപ്പടിയായി വകസിപ്പിച്ചെടുത്ത ഒന്നാണ് ഭാഷ. ജീവിതത്തിൽ അനേകം നിഗൂഢ/അഗോചര/അവ്യക്ത ആശയങ്ങൾ ഉണ്ട്. പ്രഗതിക്കൊപ്പം തന്നെ ഇത്തരം പുതുകാര്യങ്ങളും ഉണ്ടായിവരുന്നു. എല്ലാവർക്കും എല്ലാ കാര്യങ്ങളും വ്യക്തമാക്കിക്കൊടുക്കേണ്ട ആവശ്യമില്ല. എന്തെന്നാൽ താരതമ്യേന മനുഷ്യായുസ്സ് ചെറുതും സീമിതവും ആണ്. എങ്കിലും ഭാഷയുടെ സഹായത്താൽ അന്യർക്ക് കഴിയുന്നത്ര സ്പഷ്ടമാക്കാൻ ശ്രമിക്കുന്നത് വിവേക ജീവിയായ മനുഷ്യന് സാധിക്കും. ഇതിന് അന്യഭാഷകളിലെ ഗുണകര കൃതികളെ വായിച്ചറിഞ്ഞ്

മാതൃഭാഷയിൽ വിവർത്തനം ചെയ്യുന്നത് ആവശ്യമാണ്. ഇതാണ് വാസ്തവ ഭാഷാപ്രേമം. പുതിയ വിധികളെ കൈക്കൊള്ളാതെ ഭാഷയെ വികസിപ്പിക്കാതെ "ജാമ്പവാന്റെ" കാലത്തെ കൃതികളെ മാത്രം മുറുക്കിപ്പിടിച്ചുള്ള കാഴ്ചപ്പാട് അല്പദൃഷ്ടിയെ അല്ലെ സൂചിപ്പിക്കുന്നത് ? ഇതാ മാറ്റേണ്ടതായി കാണുന്ന ഒരു കാര്യത്തെ ചൂണ്ടിക്കാട്ടുകയാണ്. ഇന്ന് ഖ്യാതിപെറ്റ ദിനപത്രം 'The Hindu' ന് തമിഴിൽ 'ഇന്ത്' എന്നാണ് തുടർന്ന് അച്ചടിച്ച് കാണുന്നത് ! തമിഴിൽ വേർതിരിച്ചെഴുതാൻ അക്ഷരങ്ങൾ കുറവാണെന്ന് എല്ലാവർക്കും അറിയാം. യഥാർത്ഥ ഭാഷാസ്നേഹം ഭാഷയിലെ കുറവുകളെ അകറ്റി ഭാഷയെ പോഷിപ്പിക്കുന്നതിലല്ലെ? ഇതുപോലെത്തന്നെ തിരക്കുപിടിച്ചു പായുന്ന ഇന്ന് ഉയർന്ന/നിഗൂഢ ആശയങ്ങളെ വെളിപ്പെടുത്താനും പ്രചരിപ്പിക്കാനും ഉപകരിക്കുന്നത് പദ്യത്തെക്കാട്ടിലും ഗദ്യമല്ലെ? അല്ലാത്തപക്ഷം രചനകൾ കേവലം പാണ്ഡിത്യപ്രദർശനമായി അവയുടെ പാടെ തിരസ്കാരത്തിൽ അവസാനിക്കുകയില്ലെ ?

വാസ്തവ ഭാഷാസ്നേഹം അന്യഭാഷകളെ താഴ്ത്തിക്കാട്ടാൻ ശ്രമിച്ചുകൊണ്ടല്ല, സ്വന്തം ഭാഷയെ പോഷിപ്പിക്കാൻ ശ്രമിച്ചുകൊണ്ടല്ലെ തെളിവാക്കേണ്ടത് ?

## മതസ്നേഹം

ഈ ഭൂമിയിൽ മനുഷ്യന്റെ ആവിർഭാവകാലത്ത് ഒരുതര മതവും ഉണ്ടായിക്കാണുകയില്ല. സമൂഹ ജീവിതം തുടങ്ങിയ ശേഷം അന്യോന്യം കലഹിച്ചുനാശം ഉണ്ടാക്കാതിരിക്കാനും സഹകരിച്ച് സർവ്വ ജീവജാലത്തിന്റെ വാസ്തവ ഗുണത്തിനുമായി രൂപീകരിക്കപ്പെട്ടവയല്ലെ നമ്മളറിയുന്ന മതങ്ങൾ ? ക്രിസ്തുവർഷം സുമാർ 500 (AD) നു മുമ്പ് സിഖ് (ഖാൽസാ) മതമുണ്ടായിരുന്നില്ല. അതുപോലെ സുമാർ 786 AD ക്കുമുമ്പ് ഇസ്ലാം ഉം ക്രിസ്തുവർഷാരംഭത്തിനുമുമ്പ് ക്രിസ്തുമതവും ഉണ്ടായിരുന്നില്ല. ഭഗവദ് ഗീത അധ്യായം IV ശ്ലോകം 7 ഉം 8 ഉം എടുത്തുപറഞ്ഞതുപോലെ ലോകത്തിൽ ധർമ്മബോധം ക്ഷയിച്ചു, അധർമ്മം തലയെടുത്തുവരുമ്പോൾ സാധുജനങ്ങളുടെ രക്ഷക്കും അധർമ്മികളെ നശിപ്പിക്കാനുമായി അവതാരങ്ങൾ ഉണ്ടായിവരുന്നു. ഈ പറഞ്ഞ കാര്യം പൊതുവെ ഇന്നത്തെ എല്ലാ മതവിശ്വാസികൾക്കും, അവിശ്വാസികൾക്കും തന്നെ, ബാധകമാണ്. ഈ എഴുതിയത് അന്യമതങ്ങളെ ക്കാട്ടിലും 'ഹിന്ദുമത'ത്തിന്റെ ഉത്കൃഷ്ടത എടുത്തുകാട്ടുവാൻ ശ്രമമല്ല ! എല്ലാ മതഗുരുക്കളും മനുഷ്യന്റെ ആത്മവിശ്വാസത്തെ വർദ്ധിപ്പിക്കാൻ ഇത്തരം വചനങ്ങൾ തീർച്ചയായും പുറപ്പെടുവിച്ചിട്ടുണ്ടാവും. ദീനദുഃഖികളെ സഹായിക്കുന്നതിലും അക്രമികളെ ശിക്ഷിക്കുന്നതിലും എല്ലാ മതങ്ങളും ആചരണവിധികളെ സ്പഷ്ടമാക്കിയിട്ടുണ്ടാവും. എന്നാൽ ഈ സത്യത്തിന്റേയും പല മതങ്ങളുടേയും അത്യുന്നത ലക്ഷ്യത്തെ മനസ്സിലാക്കാതെ ഇന്ന് ഇതിനെ വക്രീകരിച്ച്, തൃണവൽക്കരിച്ച്, സ്വാർത്ഥപരതയോടുള്ള ദുർവ്യാഖ്യാനങ്ങൾ നൽകി, സൃഷ്ടിച്ച ആചാരങ്ങളും ഉപചാരങ്ങളും കാരണം മനുഷ്യരാശി തീരെ വ്യതിചലിക്കപ്പെട്ടു/വഴി തെറ്റിക്കപ്പെട്ടതായല്ലെ നാം കാണുന്നത് ? ഉന്നതലക്ഷ്യം ഒന്ന്, വഴികൾ അനേകം. എന്നാൽ അക്ഷമരായി, അസഹിഷ്ണുത/സ്വാർത്ഥപരതയോടുകൂടിയുള്ള പരിഭാഷ, ഈ അത്യുന്നത ലക്ഷ്യത്തിൽ നിന്ന്, പരിഹാരമില്ലെന്നു തോന്നിക്കും വിധം ജനങ്ങളെ അന്യോന്യം അകറ്റിക്കൊണ്ടല്ലെ വരുന്നത് ? "എന്റെ മതം നിന്റെ മതത്തേക്കാൾ മികച്ചത്, എന്റെ ഗുരു നിന്റെ ഗുരുവിലും ശ്രേഷ്ഠൻ" എന്നുള്ള നില തെളിവാക്കുന്നത് വാസ്തവമതോദ്ദേശത്തെ എള്ളോളം പോലും മനസ്സിലാക്കിയിട്ടില്ല എന്നല്ലെ? ആകർഷകം പക്ഷെ ഹാനികരമായ ഭൗതിക/ശാരീരിക നേട്ടങ്ങളായ ധനം, പെരുമ/പ്രശസ്തി അധികാരം, സുവിധാ സാമഗ്രികൾ, സുഖഭോഗം എന്നിവയെ അന്ധമായി പിന്തുണർന്ന്, ആത്മീയ/ മാനസിക/ ആന്തരിക ഉന്നതിയെ കുബേര/മന്മഥ ബലിപീഠത്തിൽ അർപ്പിച്ചല്ലെ നാം നമ്മുടെ വ്യക്തിപര മതസ്നേഹത്തെ ദർശിപ്പിക്കാൻ ശ്രമിക്കുന്നത്?

## ദേശ സ്നേഹം

നമ്മളാരും തന്നെ ഒരുത്തമ ദേശത്തെ തിരഞ്ഞെടുത്ത് അവിടെ ജനിക്കുന്നില്ല. ഈ ഭൂമിയിലെ പല ഭാഗവും പലവിധത്തിലാണ്. കാലാവസ്ഥ, പ്രകൃതി സൗകര്യങ്ങൾ, സുവിധാ സാമഗ്രികൾ, ചുറ്റുപാടുകൾ, അയൽവാസികൾ- എല്ലാം ഏറെക്കുറെ ഭിന്നമാണ്. എല്ലാ ഇടത്തും എല്ലാ സാധനങ്ങളും ലഭിക്കുന്നില്ല. 'Nature abhors a vaccum' (പ്രകൃതി ശൂന്യതയെ വെറുക്കുന്നു, അതായത് ശൂന്യതയെ പൂർത്തിയാക്കാൻ ശ്രമിക്കുന്നു) എന്ന ചൊല്ലുണ്ട്. ഇത് പ്രകാരം മനുഷ്യൻ സ്വന്തം പ്രവണതയും സീമിത അറിവും കാരണം ചെറു ചെറു ഭൗതിക ലക്ഷ്യങ്ങളെ തേടി ലഭിക്കുന്ന ഇടങ്ങളിലേക്ക് ഒഴുകിച്ചെല്ലുന്നു. ആകർഷക ശാരീരിക നേട്ടങ്ങൾ പ്രദാനം ചെയ്യുന്ന സ്ഥലത്തെ 'നമ്മുടെ ദേശം' എന്നു പ്രഖ്യാപിച്ചു, ഇതിനോടുള്ള പാശത്തെ ദേശസ്നേഹം എന്ന് വിശ്വസിച്ച് വരുന്നു ! മരുഭൂമിയിലെ നിവാസികളും, Keland, Serbia പോലത്തെ അതിശൈത്യം ബാധിച്ച സ്ഥലങ്ങളേയും അവിടത്തെ നിവാസികൾ സ്നേഹിക്കുന്നു. മനുഷ്യൻ വിവിധ ദേശങ്ങളിലും യഥോചിത മാർഗ്ഗങ്ങൾ കൈക്കൊണ്ട് ചുറ്റുപാടുമായി ഇണങ്ങി ജീവിക്കാൻ കഴിവുള്ളതാണ്.

ഭൗതിക നേട്ടങ്ങളായ ധനം, പെരുമ/പ്രശസ്തി, അധികാരം, സുവിധാ സാമഗ്രികൾ, സുഖഭോഗം എന്നിവ ക്ഷണികമാണ്, ശാശ്വതമല്ല എന്ന് മനസ്സിലാക്കാതെ 'ദേശ സ്നേഹം' എന്നു കരുതുന്നത് വെറും ഒരു ഭ്രമമാണ്. ഇത് പ്രകടിപ്പിക്കുന്നത് ദേശ സ്നേഹമല്ല. വാസ്തവ സ്നേഹം നമ്മളോടു തന്നെയാണ് ! ഇത്തരം ഇഷ്ടസാധ്യം നമ്മുടെ വാസ്തവ ഗുണത്തിനാണോ എന്നു നാം അന്വേഷിക്കുന്നില്ല; എന്തെന്നാൽ അതിന് സമയമില്ല ! വാസ്തവ ദേശ സ്നേഹം ദേശത്തിലെ സർവ്വ ജീവജാലത്തിനോടും ഉള്ള സ്നേഹമാണ്. ഇതിനെ പ്രകടിപ്പിക്കാൻ അന്യർക്ക് അളവറ്റ ധനസഹായം ചെയ്യണം എന്നു നിർബന്ധമില്ല. ഇത് എല്ലാവരാലും സാധ്യവുമല്ല. വേണ്ടത് മനസ്സിൽ പൊതുവെ അനുകമ്പയും, സഹതാപവും സഹായസഹകരണത്തിന്നൊരുക്കവും ആണ്. സ്നേഹം നിറഞ്ഞ മനസ്സിൽ ആരെക്കുറിച്ചും വൈരം, വെറുപ്പ് എന്നിവയുണ്ടാവുകയില്ല. ഇവിടെ സ്വലാഭം സ്വാർത്ഥപരത മുതലായതുമായി ഒരു ബന്ധവുമില്ല. St. Francis of Assissi (അസ്സിസി ഫ്രാൻസിസ്

പുണ്യവാളന്റെ പ്രാർത്ഥനയിലെ 'It is in giving that we receive' (കൊടുക്കുന്നതിലാണ് നാം ലഭിക്കുന്നത്) എന്ന സത്യം പോലെ വാസ്തവ 'ദേശ സ്നേഹം' ഇതുപോലെ, കൊടുക്കുവാൻ അവസരം/പ്രചോദനം പ്രദാനം ചെയ്ത് നമ്മുടെ ആത്മവിശ്വാസത്തെ ദൃഢപ്പെടുത്താൻ സഹായിക്കുന്നതാണ്.

മേലെ കൊടുത്തതിന് നേർ വിപരീതമായി, സ്വാർത്ഥപരത മൂത്ത ഇന്ന് നമ്മുടെ 'സ്നേഹത്തെ' (ഭാഷയായാലും, മതമായാലും ദേശമായാലും ശരി !) തെളിയിക്കാൻ ശ്രമിക്കുന്നത്, വിപരീത അഭിപ്രായമുള്ള ഏതിനേയും പഴിക്കുന്നതിലും വെറുക്കുന്നതിലും അല്ലെ ? വാസ്തവ സ്നേഹത്തിന് ശത്രുതയില്ല അകൽച്ചയില്ല. ഈ മനോഭാവം വളർത്തിയെടുക്കാതെ, വളർന്നുകൊണ്ടുവരുന്നു വിള്ളലുകൾക്ക് പരിഹാരം എവിടെ ? ചേർന്നുചിന്തിക്കാം, പരിഹരിക്കാൻ ശ്രമിക്കാം...

'അഭിപ്രായങ്ങളും പ്രതികരണളും' (പേജ് 36) എന്നതിന്റെ ആരംഭത്തിൽ തന്നെ Tension ചുരുക്കുവാൻ ആയി 'അമ്മായിയമ്മയെക്കുറിച്ച് രസകരമായ ഒരുചെറുകഥ ഒടുവിൽ' എന്നെഴുതിയത് ഇതാ ഇവിടെ.

ഒരു നവവധു അമ്മായിയമ്മയെ പ്രീതിപ്പെടുത്താൻ കാലത്തുനേരത്തെ എഴുന്നേറ്റ് കുളിച്ച് ശ്രദ്ധയോടെ അവർക്കായി രണ്ട് കോഴിമുട്ട പൊരിച്ചു പ്രാതൽ ഭക്ഷണമായി കൊടുത്തു. കണ്ടതും മുഖം ചുളിച്ച് അമ്മായിയമ്മ ചോദിച്ചു, "ഇതെന്താണ് ? എനിക്ക് വേണ്ടിയിരുന്നത് പുഴുങ്ങിയ മുട്ടയാണ്." അടുത്ത ദിവസം മരുമകൾ ഉപ്പും കുരുമുളകുപൊടിയും അടുത്തുവെച്ച് രണ്ടുമുട്ട പുഴുങ്ങി കൊടുത്തു. "ഇന്നെനിക്ക് വേണ്ടത് പൊരിച്ച മുട്ടയാണല്ലോ" എന്ന പരാതി ഉയർന്നു ! മൂന്നാം ദിവസം, മരുമകൾ ഒരു കിണ്ണത്തിൽ പുഴുങ്ങിയ മുട്ടയും അടുത്ത കിണ്ണത്തിൽ പൊരിച്ച മുട്ടയും ഒരുക്കി സന്തോഷിപ്പിക്കാൻ ശ്രമിച്ചു. "ഇവൾക്ക് കാര്യങ്ങൾ എപ്പോൾ തെളിയും ? വിഡ്ഢി ! ഏതു മുട്ടയെ പൊരിക്കണമോ അതിനെ നീ പുഴുങ്ങി ഏതിനെ പുഴുങ്ങണമോ അതിനെ നീ പൊരിച്ചു. ഈശ്വരോ രക്ഷ !!" എന്നായി അമ്മായി !!

■ലേഖനം

# സ്വാതന്ത്ര്യം എത്രത്തോളം



**ജോസഫ് പൂതക്കുഴി, കോഴിക്കോട്**
**9846751749**

നമ്മുടെ സ്വാതന്ത്ര്യദിനാചരണത്തെക്കുറിച്ചോർക്കുമ്പോൾ പണ്ടൊരു രാജാവിൽ നിന്ന് ഭിക്ഷയായി ഒരു സ്വർണ്ണധാന്യമണി കിട്ടിയ ഒരു യാചകന്റെ കഥയോർമ്മ വരുന്നു. രാജാവ് നഗരവീഥിയിലൂടെ എഴുന്നള്ളുന്നു എന്ന വർത്തമാനം യാചകൻ കേട്ടു. ഘോഷയാത്ര കടന്നുപോകുന്ന രാജവീഥിയിൽ അയാൾ പ്രതീക്ഷാപൂർവ്വം കാത്തിരുന്നു. പള്ളിമഞ്ചൽ യാചകന്റെ അരികത്തെത്തി. പെട്ടെന്ന് രാജാവ് യാചകന്റെ നേരെ കൈ നീട്ടി. "എനിക്ക് വല്ലതും തരൂ." യാചകന് അത്ഭുതമായി. ഭിക്ഷ യാചിച്ചു നടക്കുന്ന തന്നോട് രാജാവ് വല്ലതും തരുക എന്നു പറയുന്നു. അയാൾ എന്തുചെയ്യണമെന്നറിയാതെ കുഴങ്ങി. "എന്തെങ്കിലും തരൂ" രാജാവ് വീണ്ടും ആവശ്യപ്പെട്ടപ്പോൾ അയാൾ തന്റെ ഭാണ്ഡക്കെട്ടഴിച്ച് അതിൽ നിന്നും ഒരു ധാന്യമണിയെടുത്ത് രാജാവിന്റെ കൈയിൽ വെച്ചുകൊടുത്തു. രാജാവ് പുഞ്ചിരി തൂകി കടന്നുപോയി. സന്ധ്യയ്ക്കയാൾ ഭിക്ഷാടനമെല്ലാം കഴിഞ്ഞ് വീട്ടിലെത്തി ഭാണ്ഡക്കെട്ടഴിച്ച് കിട്ടിയതൊക്കെ പരിശോധിച്ചപ്പോൾ ഒരു ധാന്യമണി സ്വർണ്ണമായിരിക്കുന്നു എന്നു കണ്ടെത്തി.

രാജാവിന്റെ വരവുകാത്തിരുന്ന യാചകനെപ്പോലെയായിരുന്നുവോ നാം ഭാരതീയർ ? സ്വാതന്ത്ര്യലബ്ധി വഴി വലുതായ മേന്മകൾ പലതും നമുക്ക് കൈവരുമെന്നായിരുന്നു നമ്മുടെ കണക്കുകൂട്ടൽ. എന്നിട്ടിപ്പോൾ പ്രതീക്ഷയോടെ കാത്തിരുന്ന യാചകനോട് രാജാവ് ദാനം ചോദിച്ചതുപോലെ നമ്മുടെ സ്വാതന്ത്ര്യം നമ്മിൽ നിന്ന് പലതും ആവശ്യപ്പെടുകയാണോ ?


പഴയ ഒരു ദേശഭക്തിഗാനത്തിലെ വരികൾ ഏറെ അർത്ഥവത്താണ്. 'ഭാരതമെന്നാൽ... ജനകോടികൾ നമ്മെ നാമായ് മാറ്റിയ ജന്മഗൃഹമല്ലോ.' നമ്മൾ ജനിച്ചുവളർന്ന സ്വന്തം വീടാണ് നമുക്ക് ഭാരതം. സ്വന്തം വീട് നമുക്ക് തരുന്ന സംഭാവനകളോ, നമ്മുടെ വീടിനുവേണ്ടി നമ്മൾ ചെയ്യുന്ന ത്യാഗങ്ങളോ ഏതാണ് വലുത് ? എന്റെ വീട് എന്ന് നമ്മൾ അഭിമാനപൂർവ്വം പറയുന്ന ഭവനം നമ്മുടെ ത്യാഗത്തിന്റെ ഫലമായുണ്ടാകുന്നതാണ്. അതിനുവേണ്ടി നാമെത്രത്തോളം അദ്ധ്വാനിക്കുന്നുവാ അത്രത്തോളമായിരിക്കും നമുക്ക് തിരിച്ചുകിട്ടുന്നതും.

നഗരങ്ങളിൽ പദയാത്രക്കാർക്കായ് കരുതിയിട്ടുള്ള നടപ്പാതകളിൽ പൊതുയോഗം ചേരുന്നതും മറ്റും നീതിരഹിതമാണെന്ന് ഹൈക്കോടതി വിധിക്കുകയുണ്ടായി. "പൊതുജനങ്ങളുടെ സ്വാതന്ത്ര്യവും സൗകര്യവും വേണം ഒന്നാമത് നമ്മുടെ ശ്രദ്ധാവിഷയമാവാൻ എന്നതാണ്" അതിന് ഹൈക്കോടതി ഉന്നയിച്ച ന്യായം. രാഷ്ട്രീയ പാർട്ടി താൽക്കാലികമേന്മയുണ്ടാകുമെന്നതായിരിക്കാം വഴിമുടക്കിയോഗങ്ങൾ കൊണ്ടുള്ള നേട്ടം. സ്വാതന്ത്ര്യത്തെക്കുറിച്ച് സുന്ദരമായ സ്വപ്നങ്ങൾ മെനയാൻ എളുപ്പമാണ്. എന്നാൽ നടുകിൽ തിന്നാം നൽകുകിൽ നേടീടാം' എന്നതുപോലെ ദുർഘടമെങ്കിലും വിവേകത്തിന്റെതായ ഏകവഴിയേ സ്വാതന്ത്ര്യലബ്ധിക്കുള്ളൂ എന്ന തിരിച്ചറിവ് ശ്രമകരമാണ്.

വിവേകത്തിന്റെ വഴി ചൂണ്ടിക്കാണിക്കുന്നവർ അതുചെയ്യാതിരുന്നെങ്കിൽ എന്നാശിച്ച്, സാധിക്കുമെങ്കിൽ അവരെ വിമർശനങ്ങൾ കൊണ്ട് മൂടി, സ്വാതന്ത്ര്യ സമ്പാദനത്തിനുവേണ്ടി കടമ നിറവേറ്റി എന്ന തോന്നലുണ്ടാക്കാൻ പറ്റിയ വൈകാരികതയല്ല നമുക്ക് വേണ്ടത്. ഗ്രാമഗ്രാമാന്തരങ്ങളിൽ ക്ഷേമപ്രവർത്തനങ്ങൾ നടത്തി കർമ്മനിരതരായി മുന്നേറുവാൻ നമ്മുടെ മാർഗ്ഗത്തിൽ ശാന്തിയുടെ പ്രഭ ചൊരിയുന്ന ചിന്താശേഷിയാണ് നമുക്കെന്നും ആദരണീയം. ജീവന്റെ വില കൊടുത്ത് നമ്മൾ നേടി എടുത്ത നമ്മുടെ സ്വാതന്ത്ര്യം നമ്മുടെ കണ്ണിലെ കൃഷ്ണമണിപോലെ നാം കാത്തുസൂക്ഷിക്കണം.

ജാലിയൻ വാലാബാഗിലെ പുണ്യഭൂമിയിൽ ചൊരിഞ്ഞ രക്തം ഹിന്ദുവിന്റെയും മുസൽമാന്റെയും പാർസിയുടേയും ബൗദ്ധന്റെയും ജൈനന്റെയും ഒരുമിച്ചായിരുന്നു. ബ്രിട്ടീഷുകാരന്റെ ജയിലറകളിൽ തമിഴനും തെലുങ്കനും ഹിന്ദിക്കാരനും മറാത്തിയും പഞ്ചാബിയും മലയാളിയും വേർതിരിക്കപ്പെട്ടിരുന്നു. ഏകോദര സഹോദരങ്ങളെപ്പോലെ ഭാരതീയർ ഒത്തൊരുമിച്ച് നേടി എടുത്ത നമ്മുടെ സ്വാതന്ത്ര്യത്തിന്റെ മഹത്വം നഷ്ടപ്പെടുത്തുവാൻ ആര് ശ്രമിച്ചാലും ആ ഛിദ്രശക്തികളെ നമ്മുടെ മണ്ണിൽ നിന്നും വേരോടെ പിഴുതെടുത്തുകളഞ്ഞേ മതിയാവൂ ! ●

■ കവിത



**അജയ് ബാലചന്ദ്രൻ**
**9895659050**

# പത്തുനാൾ തൊട്ട്...

അത്തപ്പൂക്കളമിട്ടോ അത്തച്ചമയം കണ്ടോ
ഒന്നാം ഓണനാള് അത്തം നാള്
പൂക്കള വട്ടത്തിൽ ഒരു വട്ടം കൂട്ടിയോ
രണ്ടാം ഓണനാള് ചിത്തിര നാള്
പൂവട്ടം കൂട്ടിയോ പാവാട വാങ്ങിയോ
മൂന്നാം ഓണനാള് ചോതി നാള്
മാങ്ങ നുറുക്കിയോ ഭരണി നിറച്ചുവോ
നാലാം ഓണനാള് വിശാഖ നാള്
പമ്പാറിൽ പോയോടീ ചുണ്ടനെ കണ്ടോടീ
അഞ്ചാം ഓണനാള് അനിഴ നാള്
ഓപ്പോള് വന്നോടീ അമ്മാത്ത് പോയോടീ
ആറാം ഓണനാള് കേട്ട നാള്
മാവില പപ്പടോം കൊണ്ടാട്ടും കാച്ചിയോ
ഏഴാം ഓണനാള് പൂരാട നാള്
കാഴ്ച കുലവച്ചോ കാർന്നോരെ കുമ്പിട്ടോ
ഒമ്പതാം ഓണനാള് ഉത്രാട നാള്
പൂക്കളവട്ടവും സദ്യവട്ടങ്ങളും
തനിക്കൊത്ത വണ്ണത്തിൽ കൂട്ടിയോടീ
പത്താം ഓണനാള് തിരുവോണനാള്
അന്നതിനൽപ്പവും മുട്ടതു കൂടാതെ
എങ്ങളെ കാക്കുന്ന തമ്പുരാനേ
നാൾ ഇരുപത്തേഴതും മാസം മൂന്നാലതും
കാത്തു ഞാൻ പൊന്നപ്പ ഓണത്തപ്പാ
പാതാള രാജ്യം പോൽ പൂക്കളമുറ്റത്തും
വാണരുളീടുവാൻ കൈതൊഴുന്നേൻ.

■ ലേഖനം

**അമ്പാടി എസ്. ലാൽ, ന്യൂ ഡൽഹി**
**09868515635**

# ഈശ്വരനെ ബന്ധനസ്ഥനാക്കുന്നവർ !

*"മന്ദിരേ മന്ദിരോല്പത്തി*
*ശ്രൂയതേ ന ച ദൃശ്യതേ"*

**മ**തങ്ങളുടെ വ്യക്തമായ സമന്വയചരിത്രം കാണണമെങ്കിൽ ഭാരതത്തിലേക്ക് വരൂ. ഈ സമന്വയത്തിന്റെ തുടർച്ച കാണണമെങ്കിലും ഇവിടേക്ക് വരൂ. ക്ഷേത്രങ്ങൾക്കുമുകളിൽ ക്ഷേത്രങ്ങൾ ഉയർന്നുവരുന്നത് മറ്റെവിടെയാണ് കാണാൻ സാധിക്കുക ! ഹിന്ദുക്ഷേത്രങ്ങൾക്കുമുകളിൽ മുസ്ലീം ക്ഷേത്രങ്ങളും മുസ്ലീം ക്ഷേത്രങ്ങൾക്കു മുകളിൽ ഹിന്ദുക്ഷേത്രങ്ങളും പണിയാൻ വെമ്പൽകൊള്ളുന്ന ഈശ്വരഭക്തന്മാരെ നിങ്ങൾക്കുകാണാം. അമൂർത്തമായ ഈശ്വരസങ്കല്പത്തിൽ നിന്നും മൂർത്തമായ ശിലാവിഗ്രഹങ്ങളിലേക്ക് ചേക്കേറാം. അല്ലെങ്കിൽ മറിച്ചാകാം. ഇത് ഈശ്വരഹിതമാണ്. മൂർത്താമൂർത്തതയുടെ ചാക്രികതയിൽ അജ്ഞനായ മനുഷ്യനെ വിഭ്രാന്ത്രിയുടെ തലങ്ങളിലെത്തിക്കുകയെന്നുള്ളത്. ഇവിടെ അജ്ഞനായ മനുഷ്യൻ എന്നത് അടിവരയിടുന്നു. ഇത് ലോകത്ത് മറ്റൊരിടത്തും കാണാത്ത ഒന്നാണ്.

'ഇവിടെ രാമക്ഷേത്രം വരണം' എന്ന് ഇന്ന് ശരീരികൾ മുഴങ്ങുമ്പോൾ ഇതിഹാസ കാലഘട്ടത്തിൽ സാക്ഷാൽ വാല്മീകി മഹർഷി വിഭാവനം ചെയ്ത രാമരാജ്യം (രാമക്ഷേത്രം) വരണം എന്ന കല്പനയിൽ നിന്ന് എവിടേക്കാണ് നാം എത്തിച്ചേർന്നത് ? വെളുക്കുന്നതുവരെ രാമായണം വായിച്ചിട്ട് രാമക്ഷേത്രമെന്നാലിതാണ് എന്ന് ഇന്നത്തെ രാമായണ ഭക്തന്മാർ ആക്രോശിക്കുമ്പോൾ രാമൻ സീതയുടെ ആരായിരുന്നുവെന്നുള്ളതിന് അവരെന്തുത്തരം പറയും? വർഷാന്തരത്തിൽ ഇവിടെ രാമരാജ്യം വരണമെന്ന് തന്റെ അവസാന ശ്വാസത്തിലും വിഭാവനം ചെയ്ത ഗാന്ധിജിയുടെ രാമക്ഷേത്രമാണോ ഇവിടെ പണിതുയർത്തപ്പെടുന്നത് ? വൈരാഗികളായ യഥാർത്ഥ ഋഷിമാരുടെ സംസ്കാരത്തെ പിൻതുടരുന്ന അതിന്റെ മതാനുയായികൾ സംസ്കാരം എന്ന വാക്കിനും പുതിയ അർത്ഥതലങ്ങൾ കണ്ടെത്തുന്നു. അല്ലയോ വാല്മീകി മഹർഷേ, അങ്ങ് കാട്ടാളനിൽ നിന്ന് സന്യാസിയായി രൂപാന്തരം വന്നശേഷം 'മാ നിഷാദ' (കാട്ടാളത്വം അരുത് എന്നും ഇതിനർത്ഥമില്ലേ) എന്നു തുടങ്ങി രാമായണം രചിച്ചപ്പോൾ അതേ രാമായണബോധം കൊണ്ട് സന്യാസത്വത്തിൽ നിന്ന് 'ഭവ, നിഷാദ'യെന്ന പരാത്മതത്വത്തിലേക്കുള്ളൊരു മാറ്റം അങ്ങ് ഊഹിച്ചിരിക്കാനിടയില്ല. അങ്ങറിഞ്ഞിട്ടില്ല, അങ്ങയുടെ പൂർവ്വാശ്രമമാണിവരെ കൂടുതലാകർഷിച്ചതെന്ന്. സരയൂനദിയൊഴുകട്ടെ, ഇവർ നെയ്യുന്ന പുതിയ രാമായണ പാരമ്പര്യങ്ങൾക്കൊപ്പം. അവിടെ സരയുവും കബനിയുമെല്ലാമൊന്നാകട്ടെ. അങ്ങനെ പുതിയൊരദ്വൈതം പിറക്കട്ടെ !

സമാധാനം നിന്നിൽ കുടികൊള്ളുന്നുവെന്നത് മുഹമ്മദിന്റെ


വാഗർത്ഥമാണെങ്കിൽ അതിനെ എല്ലാ നിലയ്ക്കും അന്വർത്ഥമാക്കാൻ ആഗോളതലത്തിൽ യത്നിക്കുന്ന അതിന്റെ പിൻഗാമികൾ. നീയും ഞാനും രണ്ടാണെന്നിരിക്കെ നിന്നിൽ മാത്രമേ സമാധാനം കുടികൊള്ളേണ്ടതുള്ളുവെന്നും അങ്ങനെ നീ പരമാത്മാവായി മാറുന്നുവെന്നും തങ്ങളുടെ ഈശ്വരൻ അപ്പോൾ മറ്റെല്ലാ ഈശ്വരൻമാരെക്കാളും മുകളിലെത്തുമെന്നും മതാശയങ്ങൾ രചിക്കുന്നു നിന്റെ പിൻഗാമികൾ. അൽ-നിസയിൽ സ്ത്രീകളെ അബലകളും നിരാശ്രയരും എല്ലാക്കാലത്തും സംരക്ഷിക്കപ്പെടേണ്ടവരുമായി ചിത്രീകരിക്കുമ്പോൾ അക്ഷരം പഠിക്കാനുള്ള അവരുടെ ആഗ്രഹങ്ങൾക്ക് തോക്കുകൊണ്ട് മറുപടി പറഞ്ഞവർ, സ്വന്തം മതസന്യാസിമാരുടെ ശിരച്ഛേദം ചെയ്ത് ഈശ്വരനും സാത്താനും തമ്മിലുള്ള അകലം വർദ്ധിപ്പിക്കുന്നവർ അല്ലയോ സർവ്വേശ്വരാ, ഇവർ നിന്നെ ഉദ്ധരിക്കുന്നതിന് അഹോരാത്രം കഷ്ടപ്പെടുന്നത് നീ കാണുന്നില്ലേ? അതോ ഇവർക്കൊരു അത്ഭുതോപഹാരം നീ സൂക്ഷിച്ചിട്ടുണ്ടോ ?

'കുരിശിന്റെ വഴിയേ' യെന്ന മതാലങ്കാരഭാഷ്യത്തിന്, കുരിശിലേറ്റപ്പെട്ടവന്റെ പിറകേ, അന്ന് ഗമിച്ചവർ അവനെ കുരിശിലേറ്റിയവരാണല്ലോയെന്ന വ്യാഖ്യാനം ചമയ്ക്കുന്നവർ അങ്ങനെ അതിന്റെ പാത പിൻതുടരുന്നവർ ! ഇവിടെയും സന്യാസത്തിന് പുതിയ അർത്ഥം ചമയ്ക്കുന്നവരുണ്ട്. മതപരിവർത്തനത്തെ അജ്ഞാനത്തിന്റെ ചൂഷണത്തിനിരയാക്കുന്നവരുണ്ട്. അഞ്ചപ്പം കൊണ്ട് അയ്യായിരം പേർക്ക് സദ്യ വിളമ്പിയവന്റെ കാരുണ്യത്തെ കാത്തുസൂക്ഷിച്ചുകൊണ്ട് ബാക്കി നാലായിരത്തഞ്ഞൂറും മിച്ചം പിടിക്കുന്നവർ. ഇവരെല്ലാം ഈശ്വരനെ അറിഞ്ഞവരാണ്. ഇവർക്കൊക്കെ എന്തു പ്രതിഫലമാണ് നീ നൽകുന്നത് ? ഭൂമിയുടെ ദരിദ്രമൂലകളിൽ, അട്ടപ്പാടിയിൽ, സോമാലിയയിൽ, യെമനിൽ വൃത്തിഹീനമായ തെരുവുകളിൽ പ്രാണവായുവിനുവേണ്ടി ശ്വാസകോശത്തിന്റെ അങ്ങേത്തലയ്ക്കൽവരെ പൊരുതി, വൃദ്ധരായ മാതാപിതാക്കൾക്കും കുഞ്ഞുങ്ങൾക്കും ഒരുനേരത്തെ ഭക്ഷണം കൊടുക്കാനില്ലാതെ വാ പിളർക്കുന്ന, താനേതു മതത്തിൽപ്പെട്ടവനാണെന്നു ചിന്തിക്കാൻ സമയമില്ലാത്ത, നിന്റെ നാമം ഒരിക്കൽപ്പോലും ജപിക്കാൻ സമയമില്ലാത്ത കോടിക്കണക്കിന് വരുന്ന 'നിരീശ്വരവാദികൾ'ക്ക്, ഈശ്വരാ നീയെന്തു ശിക്ഷയാണ് കരുതിവെച്ചത് ?

ഇവർക്കെല്ലാംകൂടി ചരിത്രമെന്ന മഹാമായികതയെ അനാവരണം ചെയ്യുകയെന്ന നിന്റേതായ കർമ്മം നിനക്ക് നിർവ്വഹിക്കാനുണ്ട്. പുതിയ തലമുറയെ അവിടേക്കു നയിക്കുകയെന്നതും അനിവാര്യമാണ്. മന്ദിരങ്ങൾക്കുതാഴെ, വളരെയാഴത്തിൽ കുഴിച്ചുനോക്കാത്തതെന്ത് ? അസ്ഥികൂടങ്ങളാകുന്ന യഥാർത്ഥ ഈശ്വര വിഗ്രഹങ്ങൾ കണ്ടെടുക്കാനാകും. അവയിൽനിന്നനാവരണം ചെയ്യപ്പെടും അബ്രഹാമൈറ്റ്സുകളുടെ, ദ്രാവിഡരുടെ, സെമിറ്റിക്കുകളുടെ, ഹിപ്പോക്രെറ്റ്സുകളുടെ യഥാർത്ഥ ചരിത്രം. ചരിത്രമവിടെയെഴുതിത്തുടങ്ങുമ്പോൾ ഓങ്കാരവും നിസ്കാരജപവും ശബ്ദത്തിന്റെ പര്യായങ്ങളായി മാറും. പർദ്ദയും വേഷ്ടിയും വസ്ത്രങ്ങളുടേയും. പ്രവാചകൻമാരുടെ തീക്ഷ്ണ ദൃഷ്ടിയിലൊളിഞ്ഞിരുന്ന വ്യാഖ്യാനങ്ങൾ ഓരോ മതഗ്രന്ഥത്തിനും നൽകാൻ പുതിയ തലമുറ കാത്തുനില്ക്കും.

ക്ഷേത്രം സ്ഥലമാണെന്നും വിഗ്രഹം വിഘടനമാണെന്നും അത്യുച്ചത്തിലുള്ള ഈശ്വരനാമജപം ശബ്ദമലിനീകരണമാണെന്നും അവർ തിരിച്ചറിയും. ഈ തിരിച്ചറിവാണ് താനെന്ന് പ്രപഞ്ചത്തിലെ ഓരോ അണുവിൽ നിന്നും പ്രപഞ്ചശക്തി അരുളിച്ചെയ്യും. അങ്ങനെ മന്ദിരത്തിന്റെ മതിൽക്കെട്ടുകൾ പൊട്ടിച്ച് സ്വയം മോചിതനായി ഈശ്വരൻ മനുഷ്യമനസ്സുകളിലേക്ക് ചേക്കേറും. അങ്ങനെ ഈശ്വരൻ സ്വയം തകർത്തെറിഞ്ഞ ഇന്നത്തെ എല്ലാ മത ക്ഷേത്രങ്ങളുടേയും അവശിഷ്ടങ്ങളുടെ കൂമ്പാരമത്രേ യഥാർത്ഥ രാമരാജ്യം. അവിടുത്തെ ഓരോ മണൽത്തരികളും തങ്കമാറ്റുള്ള കൃഷ്ണശിലകളും. അവയെ തിരിച്ചറിയാൻ വയ്യാതെ അപ്പോഴും മതാന്ധൻമാർ സാളഗ്രാമങ്ങൾ തേടി ഭ്രാന്തമായി അലഞ്ഞുനടക്കും, മന്ദിരങ്ങൾക്കു മുകളിൽ മന്ദിരങ്ങൾ തീർക്കാൻ അങ്ങനെ സർവ്വവ്യാപിയായ ഈശ്വരനെ ബന്ധനസ്ഥനാക്കാൻ !!!

■ കഥ



# വാച്ചിലെ മൂന്നു സൂചികൾ

**പി. ആർ. ജോസ്**
**തൃശ്ശൂർ**
**9847946094**

ദീർഘകാലം സർക്കാരാഫീസിൽ ക്ലർക്കായി ജോലി ചെയ്ത് വിശ്രമജീവിതം നയിച്ചുകൊണ്ടിരുന്ന അയാൾ ജോലി ചെയ്തിരുന്ന നല്ല നാളുകളെക്കുറിച്ചു ചിന്തിച്ചു. ഓഫീസുസമയം കഴിഞ്ഞും അവധി ദിനങ്ങളിലും അധികജോലി ചെയ്ത് തന്റെ മേശയുടെ മുകളിലുള്ള ഫയലുകൾ അതിവേഗം നീക്കുന്നതിൽ തല്പരനായിരുന്നു അയാൾ. എന്നാൽ ഇത്രയും ജോലി ചെയ്യുന്ന അയാളെ ആരും പരിഗണിച്ചിരുന്നില്ലായെന്നുള്ള ചിന്ത അയാളെ വിഷാദത്തിലാക്കി. ഓഫീസിൽ വരുന്ന വി. ഐ. പി കളും ജനപ്രതിനിധികളും ആഫീസറുമായേ സംസാരിക്കുകയും അഭിനന്ദിക്കുകയും ചെയ്യാറുള്ളൂ.

ഇങ്ങനെ ചിന്താമഗ്നനായിരുന്ന അയാൾ തന്റെ കൈയിൽ കെട്ടിയിരിക്കുന്ന വാച്ചിലേക്ക് നോക്കി. അതിലേ മൂന്നു സൂചികളേയും ശ്രദ്ധിച്ചു. അതിലെ സെക്കന്റ് സൂചി നിരന്തരം വിശ്രമമില്ലാതെ ഓടിക്കൊണ്ടിരിക്കുന്നു. എന്നാൽ മണിക്കൂർ സൂചി ചലിക്കുന്നത് നാമമാത്രമായും, മിനിറ്റ് സൂചി ചലിക്കുന്നത് അറിയുന്നതേയില്ല. സമയമറിയാൻ വാച്ചിലേക്ക് നോക്കുമ്പോൾ നാം ആദ്യം ശ്രദ്ധിക്കുന്നത് മണിക്കൂർ സൂചിയുടെ സ്ഥാനമല്ലേ ? അതിനുശേഷം മിനിറ്റ് സൂചിയുടെ സ്ഥാനവും. വിശ്രമമില്ലാതെ കറങ്ങിക്കൊണ്ടിരിക്കുന്ന സെക്കന്റ് സൂചിയെ ശ്രദ്ധിക്കുന്നു പോലുമില്ല. 'ഈ സെക്കന്റ് സൂചിയുടെ അവസ്ഥ തന്നെയായിരുന്നില്ലേ എന്റേയും' എന്ന ചിന്ത അയാളെ ഉന്മേഷവാനാക്കി.



പ്രമോദ് മഞ്ചേരി
9495607393

# പേരും പെരുമയും അഥവാ കർമോന്മുഖത്വം

**പരിസ്ഥിതിവാദിയും സൈലന്റ് വാലിയെ ദേശീയോദ്യാനമാക്കാൻ നടത്തിയ പ്രക്ഷോഭത്തിന്റെ മുൻനിരയിലുണ്ടായിരുന്ന എസ്. പ്രഭാകരൻ നായർ ആണ് ഇതിലെ പ്രതിപാദ്യവിഷയം.**

ഒരു പേരിലെന്താണിരിക്കുന്നത് ? അല്ല പേരിൽ അല്ലേ എല്ലാമിരിക്കുന്നത് ? സ്വന്തം നാമധേയത്തെപ്പഴിച്ച് അച്ഛനോട് തർക്കിച്ചിരുന്നു, കുട്ടിക്കാലത്ത്. ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്വന്തം രഹസ്യമായി മാനം കാണിക്കാത്ത മയിൽപ്പീലിയെന്ന പോലെ സൂക്ഷിച്ച കഥകളിലൊരെണ്ണം 'യൂറീക്ക'യിലയച്ചുകൊടുത്ത് അച്ഛൻ എന്നെ ഞെട്ടിച്ചു. സ്വന്തം പേരാദ്യമായി അച്ചടിച്ചുവന്നതിന്റെ സന്തോഷം മറച്ചുവെച്ചന്നു പരിഭവിച്ചു. "അച്ഛനെന്റെ പേര് ശങ്കരനെന്നോ വാസുവെന്നോ മുകുന്ദനെന്നോ വെച്ചാൽ മതിയായിരുന്നു." നല്ല മലയാളം വായിക്കാൻ അച്ഛൻ തന്നിരുന്ന പുസ്തകങ്ങളുടെ കർത്താക്കൾ ! എ. എസിന്റെ മനോഹര ചിത്രങ്ങൾ സഹിതം 'യയാതി' പ്രസിദ്ധീകരിച്ചുവന്നിരുന്നു മാതൃഭൂമിയാഴ്ച്ചപതിപ്പിൽ. മുറുമുറുത്തുകൊണ്ട് മുനിഞ്ഞുനിന്നത് ഓർമ്മയുണ്ട്. "ഖാണ്ഡേക്കർ എന്നാണെങ്കിൽ പോലും അതിനൊരു ഗമയുണ്ട്, ഇരുമ്പുലക്ക, കരിങ്കല്ല് എന്നൊക്കെ പറയുമ്പോലെ !" മൂക്കിനറ്റത്ത് വീഴാനായെന്നവണ്ണം ഞാന്നുകിടക്കുന്ന കട്ടിക്കണ്ണടയുടെ മുകളിലൂടെ തമാശയോടെ തന്റെ മുഖത്തുറ്റുനോക്കിക്കൊണ്ട് ഒരു വലിയ ചിരി പടർത്തി സമാധാനിപ്പിക്കും. "നീ വലുതാകുമ്പോൾ മനസ്സിലാകും നിന്റെ പേരിന്റെ വില. അന്നു നീയൊരു പക്ഷെ പേരിനെക്കാൾ പെരുമയെ കുറിച്ചാകുമോർക്കുക. പേരിനൊത്തു വളരാൻ ശ്രമിക്കൂ."

പത്താം ക്ലാസ്സിലെത്തിയപ്പോൾ ആണ് സമാനഹൃദയനായ ഒരു കൂട്ടുകാരനെ കിട്ടിയത് ! ചെളി ചെത്തി തേച്ച പാടവരമ്പത്തുകൂടെ നടന്നുപോകാൻ കൂട്ടു കിട്ടിയ ബാലന്മാഷുടെ മകന്റെ പേര് 'സന്യാലെ'ന്നായിരുന്നു. മുറ്റത്തെ മാവിന്റെ തണലിലിരുന്നു പഠിക്കാനെത്തുന്ന അവനോടൊപ്പം പാഠ്യഭാഗങ്ങൾ ചർച്ച ചെയ്തു മനസ്സിലുറപ്പിക്കുമ്പോൾ ഞങ്ങളെ രണ്ടുപേരേയും സാകൂതം വീക്ഷിച്ചിരിക്കുന്ന അച്ഛനെ കണ്ടിട്ടും കണ്ടില്ല എന്ന് നടിച്ചിട്ടുണ്ട്. ഒരുദിവസം അമ്മയോട് പരിഭവിച്ചു. "ഈ അച്ഛനെന്തിനാ സന്യാലിനേയും എന്നേയുമിങ്ങനെ നോക്കിക്കൊണ്ടിരിക്കുന്നെ ?" "അതിനെന്താടാ നിങ്ങളെ രണ്ടുപേരേയും നോക്കിയിരിക്കുമ്പോൾ അച്ഛന്ന് ചില നേതാക്കന്മാരെ ഓർമ്മ വരുമത്രേ..." അതാരാണപ്പാ അങ്ങനെ നേതാക്കന്മാര് എന്നന്തം വിട്ട് ഉത്സവപ്പറമ്പിൽ വഴിതെറ്റിയ കുട്ടിയെ പോലെ ഞാനച്ഛന്റെ മുറിയിൽ ചെന്ന് മേലോട്ട് നോക്കും. ലഘുലേഖകളും മാസികകളും പുസ്തകങ്ങളും നിറഞ്ഞ് ഷെൽഫുകൾ പാതിതുറന്ന് അലുക്കുലുക്കായി കിടക്കുന്ന മുറിയാണത്. അതടുക്കിവെക്കരുതെന്ന് അലിഖിത നിയമമുണ്ട്. പ്രകൃതിയുടെ സൗന്ദര്യം അതിന്റെ അച്ചടക്കമില്ലായ്മയും വൈരുദ്ധ്യങ്ങളുമാണെന്നാണ് അച്ഛന്റെ പക്ഷം. അങ്ങിനെ അടുക്കും ചിട്ടയുമില്ലാത്ത പ്രകൃതിയുടെ തനിപ്പകർപ്പാണത്രെ ആ മുറി ! ഞാനതിനിട്ടിരുന്ന പേര് 'വാത്മീകം' എന്നാണ്. ഒരുമൂലക്ക് വച്ചിരിക്കുന്ന ചാരുകസേരയുടെ നീണ്ട കൈകളിലേക്ക് കാലെടുത്തുവെച്ച് എഴുത്തുപലകമേൽ പുസ്തകം വായിക്കുന്നതായോ എഴുതുന്നതായോ കാണപ്പെടുന്നയാളാണ് 'വാത്മീകി'!!!

അക്കാലത്ത് ഞാനവിടെ ചെന്നു മേലോട്ടു നോക്കിയിരുന്നത് അവിടെ ഭിത്തിയിൽ ചില്ലിട്ടു പ്രതിഷ്ഠിച്ച രണ്ട് താടിക്കാരെ കാണാനാണ്. കാറൾ മാർക്സും ഹെംഗൽസും !!! പ്രഭാത് ബുക്സിന്റെ റഷ്യൻ സഹായത്തോടെ ഇറങ്ങിയിരുന്ന ചുവന്ന പുസ്തകങ്ങളിലാണ് ആ ചിത്രങ്ങൾ ആദ്യം കണ്ടത്. റഷ്യൻ വിപ്ലവത്തിന്റെ ഉറവിടം ആ താടിയിലും മുടിയിലും ഒളിച്ചിരുന്ന ചിന്തകളിലായിരുന്നുവല്ലോ എന്നത്ഭുതം കൂറിയതല്ലാതെ ആ പുസ്തകങ്ങളുടെ അന്തർഭാഗങ്ങളിലേക്കെന്റെ പ്രയാണമാരംഭിച്ചിരുന്നില്ല ആ പ്രായത്തിൽ.

നാട്ടിൽ അക്കാലത്ത് പ്രചുരപ്രചാരത്തിലുണ്ടായിരുന്ന ഒരു സമ്പ്രദായമായിരുന്നു ഇടതുപക്ഷക്കാരെ സഖാവ് എന്ന് ചേർത്തുള്ള സംബോധന. അച്ഛനെ അങ്ങിനെ ആരും വിളിച്ചുകേട്ടിട്ടില്ല. മറിച്ച് തരം കിട്ടുമ്പോഴൊക്കെ സഖാക്കന്മാരെ അച്ഛൻ ശാസിക്കുന്നത് കേട്ടിട്ടുമുണ്ട്. ഒരുപക്ഷേ ടിയാൻ വളരെ മുന്തിയ ഇനമായിരിക്കുമെന്നാണ് ഞാൻ ധരിച്ചുവശായത്. നിരീശ്വരവാദിയും പ്രകൃതിസ്നേഹിയും ഒക്കെയായി വീടുവിട്ട് നാട്ടിലേക്കിറങ്ങുന്ന അച്ഛനോട് തോന്നിയ പരിഭവം ചില്ലറയല്ല, പ്രത്യേകിച്ച് ആ അഭാവം മാവേലി സ്റ്റോറിന്റേയും, റേഷൻ കടകളുടേയും നീളുന്ന വരികളിൽ എന്നെ ഞാത്തിയിട്ട് ബുദ്ധിമുട്ടിച്ചപ്പോൾ ! അല്ല, അതന്നൊരു ജീവിത ശൈലി ആയിരുന്നുതാനും. പത്ര മാധ്യമങ്ങളിൽ കൂടി കേട്ടറിഞ്ഞ പല പേരുകളും വീട്ടിൽ വരുന്നുവെന്ന് തിരിച്ചറിഞ്ഞപ്പോഴാണ് സാമൂഹ്യ പ്രവർത്തകനായ പിതാവിനെ കുറിച്ച് മതിപ്പ് തോന്നുന്നത്. എന്നാലും തന്റേയും അച്ഛന്റേയും പേരിലുള്ള സാദൃശ്യം വെറും ആദ്യാക്ഷരപ്രാസം മാത്രമെന്നു വിശ്വസിച്ചുനടന്ന കാലമായിരുന്നുവത്. മുട്ടോളം വെള്ളത്തിൽ മഴക്കാലത്ത് നടക്കേണ്ടി വരുന്ന കഷ്ടപ്പാട് തീർക്കാനായി സമീപവാസികളുടെ കൂട്ടായ്മ തീർത്തപ്പോഴാണ് മനസ്സിലെ ഇടവഴികൾ ബൃഹത്തായി വികസിപ്പിച്ചു കഴിഞ്ഞ പ്രഭാകരൻ മാസ്റ്ററെന്ന ആക്റ്റിവിസ്റ്റിന്റെ സാംഗത്യം എനിക്ക് വെളിവായിത്തുടങ്ങിയത്. ആ വർഷത്തെ മലയാളം പരീക്ഷ പേപ്പറിൽ ആദ്യാക്ഷരപ്രാസത്തിന്റെ ഗർവ്വും ഭംഗിയുമച്ഛൻ ചൊല്ലിത്തന്ന കവിതകൾ തന്നെ എഴുതി, കനക ചിലങ്ക കിലുങ്ങി കാഞ്ചനകാന്തി കുലുങ്ങി മനസ്സിൽ ഗർവ്വ് നടിച്ച് വലിയപിതാവിന്റെ വലിയ മകനായി കടമിഴിക്കോണുകളിൽ അഹങ്കാരവുമായി നാട്ടുകാരുടെ ശ്രമഫലമായുണ്ടായ പുതിയ ടാറിട്ട റോഡിലൂടെ ഞാൻ നീണ്ടുനിവർന്നു നടന്നു. കട്ടിക്കണ്ണടക്കിടയിലൂടെ

ചിരിക്കുന്ന കണ്ണുകൾ പിന്തുടരുന്നത് ഗൗനിക്കാതെ.


ചിന്തകൾക്ക് ചുവപ്പുനിറം പടരുന്നത് കലാലയത്തിൽ വെച്ചായിരുന്നു. തൊഴിലാളി വർഗ്ഗരാഷ്ട്രീയ ചരിത്രത്തിന്റെ ഏടുകൾ മനസ്സിലാക്കാൻ ശ്രമിച്ചപ്പോഴാണ് ബംഗാളിലെ സിലിഗുഡിയെക്കുറിച്ചും നക്സല്ബാരിയെക്കുറിച്ചും മനസ്സിലായത്. റഷ്യൻ-ചൈനീസ് സ്വാധീനങ്ങളിൽ ഉലഞ്ഞ വർഗ്ഗ വിമോചനവാദികൾ രണ്ടായും തീവ്രവാദികളായ ഒരു സംഘം രക്തച്ചൊരിച്ചിലിലേക്കും തിരിഞ്ഞതുമൊക്കെ വായിച്ചു ഞരമ്പുകൾക്ക് തീ പിടിച്ചു. ചാരു മജുംദാറും കനു സന്യാലും പ്രമോദ് ദാസ് ഗുപ്തയും ജ്യോതിബസുവുമടങ്ങുന്ന നാമസമൂഹം എന്റെ ധാരണകളെ തകിടം മറിക്കുന്നത് ആ കാലത്ത് തന്നെ.

ജില്ലാ ആശുപത്രിയിലെ മരുന്നുകൾ വഴിവിട്ട് വില്പനശാലകളിലേക്കെത്തുന്നതിനെപ്പറ്റി സംസാരിക്കാനെത്തിയ അപ്പോത്തിക്കിരികളോടൊരു ജന മുന്നേറ്റത്തിനെപ്പറ്റി പ്രതിപാദിച്ച കഷണ്ടി കയറിയ റിട്ടയേർഡ് അധ്യാപകനെ ഞാൻ ആദ്യാക്ഷരപ്രാസത്തിന്റെ അതിരുകൾവിട്ട് ശ്രദ്ധിച്ചു. രാത്രി വാല്മീകത്തിലെ വിളക്കണഞ്ഞിട്ടില്ല. കോഴിക്കോട് റേഡിയോനിലയത്തിലൂടെ നാടകോത്സവത്തിൽ ഖാൻ കാവിൽ എഴുതിയ നാടകം ശ്രവിച്ചുകൊണ്ടിരിക്കെ കഥാപുരുഷൻ ഒരു മഫ്ളറും ചുറ്റി കുറേ പോസ്റ്ററുകളുമെടുത്ത് ഇറങ്ങിപ്പോകുന്നത് കണ്ടു. ഏകാംഗ നാടകങ്ങൾ കണ്ട് ശീലമായതിനാൽ ആകാം വീട്ടിലമ്മ അതൊന്നും കാര്യമാക്കിയതേയില്ല. റേഡിയോ നാടകങ്ങൾ കഴിഞ്ഞു ജനാലയിലൂടെ നിലാവിലിളകുന്ന നിഴലുകളുടെ നാടകം കണ്ടുകൊണ്ടിരിക്കുമ്പോൾ ഒരു നിഴലുപോലെ ആക്റ്റിവിസ്റ്റ് കേറിവന്നു. "നീയുറങ്ങിയില്ലേ" കൈയിലെ പോസ്റ്ററുകൾ അപ്രത്യക്ഷമായിരിക്കുന്നു ! "അച്ഛനെവിടെപ്പോയതാ ?" നിസ്സംഗനായൊരു മറുപടി. "ഒരാവശ്യമുണ്ടായിരുന്നു." രാവിലെ പ്രാതൽ കഴിച്ചു കോളേജിലേക്കിറങ്ങാനിരിക്കെ പടിക്കൽ വീണ്ടും അപ്പോത്തിക്കിരിക്കൂട്ടം പറമ്പിലെ ഒരു മൂലയ്ക്ക് കപ്പ നട്ടുകൊണ്ടിരിക്കുന്ന കർഷകന്നരികിലേക്ക് ആ കൂട്ടം നടന്നു അല്ല ഓടി.

"മാഷേ ആരോ പണി പറ്റിച്ചൂലോ ?" എല്ലാവരും ഒന്നിച്ചാണ് പറഞ്ഞത്. മണ്ണ് പുരണ്ട കൈകൾ മടക്കിക്കുത്തിയ കൈലിയിൽ തുടച്ചു കാര്യമാരായുന്ന മാഷ്. (ഓരോ തവണയും അമ്മ പരാതിപ്പെടുന്നത് കേട്ടിട്ടുണ്ട്. കൈ തുടയ്ക്കുന്നവർക്കറിയില്ലല്ലോ കൈലി വെളുപ്പിക്കാനുള്ള പാട് എന്ന്) രാത്രിയിൽ ആശുപത്രി വളപ്പിൽ മതിലുകളിൽ പോസ്റ്റർ പതിച്ചിരിക്കുന്നു. രോഗികളും ആശ്രിതരും കൂടി മരുന്നുമായി പുറത്തേക്കുപോയ വാഹനം തടഞ്ഞു ഡി.എം.ഓയെ തടഞ്ഞുവെച്ചിരിക്കുന്നു. "നമ്മളിന്നലെ ചർച്ച ചെയ്ത കാര്യം തന്നെ" ഒരു പൊട്ടിച്ചിരിയാണുയർന്നത്. "അപ്പൊ ആൺകുട്ടികൾ നാട്ടിലുണ്ട്, അല്ലേ വൈദ്യന്മാരേ? കാര്യം നടന്നില്ലേ നിങ്ങൾ പൊയ്ക്കോളൂ ഞാൻ എത്താം." വൈദ്യഗണം ഗേറ്റിലൂടെ പുറത്തേക്ക്. കയ്യിൽ ബാക്കിയുള്ള ചെളികൂടി വൃത്തികേടാകാത്ത കൈലിയുടെ ബാക്കി ഭാഗങ്ങളിൽ തുടച്ചു കയ്യിൽ തൂമ്പയുമായി ഉമ്മറത്തേക്ക് വന്ന ആക്റ്റിവിസ്റ്റിനെ ഞാനാദരവോടെ നോക്കി. മനസ്സിൽ ദ്വയാക്ഷരപ്രാസത്തിന്നായി പഠിച്ച കവിത...

പൊട്ടുകല്ലിതിനെ എന്റെ
സോദരൻ
കട്ടുവെന്നു പറയുന്ന നാവുകൾ
വെട്ടിടാതെ മമ രുട്ടടങ്ങുകി-
ലൊട്ടുമെന്നതിഹ തിട്ടമേറ്റവും...

കാലം കഴിഞ്ഞു ജോലിയിൽ പ്രവേശിച്ച് ബംഗാളിലെ സിലിഗുഡിയിൽ എത്തി ആദ്യമായി ചാർജ്ജെടുത്ത് പേരെഴുതിയപ്പോൾ സഹപ്രവർത്തകർ ആദരവോടെ പറഞ്ഞു "കേരളത്തിൽ ഞങ്ങളുടെ നേതാവിന്റെ പേര്?! അങ്ങേക്ക് ഈ പേരിട്ടത് ഇടതുപക്ഷ ചിന്തകളിൽ നല്ല അറിവുള്ള ആൾ തന്നെ ആയിരിക്കണം. ഇടതുപക്ഷം എന്നൊന്ന് നശിക്കാതെ ഇരുന്നത് അത്തരം ആളുകളുള്ളതിനാലാവാം" ഞാൻ വെറുതെ ആകാശത്തേക്ക് നോക്കി, മേഘങ്ങൾക്കിടയിലൂടെ കുസൃതിയാർന്ന ഒരു നോട്ടവുമൊരു കട്ടിക്കണ്ണടയും കാണുന്നുണ്ടോ? ഉറക്കെയുള്ള ചിരിയും കേൾക്കുന്നുണ്ടോ ?



**വാസന്തി മോഹൻ**
9142223960


# കുഞ്ഞേ നിനക്കായ്

കുഞ്ഞിക്കണ്ണു തുറക്കുമ്പോൾ
കുഞ്ഞിച്ചുണ്ടു പിളർത്തുമ്പോൾ
കരചരണങ്ങളിളക്കുമ്പോൾ
കരളിനകത്ത് കുളിർമഴയായ്
നിന്നുടെ ചിരിയിൽ കണ്ടാവൂ
നിരുപമമാമൊരു സൗന്ദര്യം
നിന്നുടെ മൊഴിയിൽ കേട്ടീടാം
ഓടക്കുഴലിൻ മാധുര്യം
ഭാവിക്കുള്ളൊരു വരദാനം
സ്നേഹിക്കാനൊരു പൊന്നുണ്ണി
സ്വപ്നങ്ങൾക്കെല്ലാമാധാരം
കുഞ്ഞേ നീയൊരു സൗഭാഗ്യം.
എങ്കിലുമെന്തെന്നറിയില്ല
ഖിന്നതയുണ്ടെന്നകതാരിൽ
നീവളരുന്നതുകാണുമ്പോൾ
നിർവൃതി കൊണ്ടീടുമ്പോഴും
കാലത്തിന്റെയീ പേക്കോലം
കേൾക്കുന്നതിലേ വൈചിത്ര്യം
ഭോജ്യങ്ങളിലോ കാകോളം
വ്യാജൻമാരുടെ വിളയാട്ടം
നല്ലവനായി വളർന്നീടാൻ
നാടും വീടുമറിഞ്ഞീടാൻ
നൻമക്കൊപ്പം നിന്നീടാൻ
നിന്നെ ദൈവം കാക്കട്ടെ.

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**



മുക്കം ഭാസി
9846138693

## എന്റെ അഭിനയ സ്മരണകൾ ഭാഗം 8

# അജാഗള സ്തനവും സി. എച്ചും

ഹൈസ്കൂൾ ജീവിതം അവസാനിക്കുന്നു ! 1958 മാർച്ച്. പൊതുപരീക്ഷയെഴുതി ഞങ്ങളെല്ലാം പുറത്തുകടന്നു. ഒരു ഭാരം ഇറക്കിവെച്ച പ്രതീതി. പക്ഷെ, ഹൃദയം ദുഃഖസാന്ദ്രമായിരുന്നു. വേർപാടിന്റെ വേദന.

സാമ്പത്തിക പരാധീനതകളും, പരിമിതികളും ഏറെയുണ്ടായിരുന്നെങ്കിലും ഹൈസ്കൂൾ പഠനകാലം ജീവിതത്തിന്റെ സുവർണ്ണഘട്ടമായിരുന്നു.; സംശയമില്ല. ഇല്ലായ്മയേയും വല്ലായ്മയേയും 'കല്ലും മുള്ളും കാല്ക്ക് മെത്ത'യാക്കി പരിവർത്തിപ്പിക്കുന്നതിൽ ഞാൻ വിജയിക്കുക തന്നെ ചെയ്തു. പഠനത്തിലും കലാ പ്രവർത്തനത്തിലും, ലീഡർഷിപ്പിലുമെല്ലാം.

പക്ഷെ, ഇവിടെ ഞങ്ങൾ വേർപിരിയുന്നു. നദിയിലൊഴുകുന്ന കെട്ടറ്റ നെരപ്പം പോലെ. പലരും പലവഴിയ്ക്ക്. ചിലർ കോളേജിലേക്ക്. ചിലർ പെരുവഴിയിലേക്ക്. ഞാനെവിടേയ്ക്കാവും ? അറിയില്ല. ഹൈസ്കൂൾ പഠനം തന്നെ എനിയ്ക്ക് വീണുകിട്ടിയ സൗഭാഗ്യമാണ് ! കോളേജ് പഠനം എന്റെ സ്വപ്നത്തിന്റെ വക്ക് പോലും സ്പർശിച്ചിരുന്നില്ല !

അസഹനീയമായിരുന്നു സൗഹൃദങ്ങളുടെ അകൽച്ച. മറ്റൊരു വേദന കൂടി എന്റെ ഹൃദയത്തെ കീറിമുറിച്ചു. ഞാനറിയാതെ എന്റെ മനസ്സിൽ കൂടുകെട്ടിയ ഒരു മൈനയെ പറിച്ചെറിയാൻ എനിയ്ക്ക് കഴിഞ്ഞില്ല. അവൾ എന്റെ തൊട്ട് താഴെ ക്ലാസ്സിലായിരുന്നു; V[th] Formൽ.

കൗമാരത്തിന്റേയും യുവത്വത്തിന്റേയും ഇടവരമ്പിൽ ചവുട്ടി നിൽക്കുന്ന എന്റെ ഹൃദയത്തിലേയ്ക്ക് എങ്ങനെയാണ് അവൾ ചവിട്ടിക്കയറിയതെന്ന് എനിയ്ക്ക് വ്യാഖ്യാനിക്കാനറിയില്ല. ആരും ആരുടേയും ഹൃദയത്തിൽ കുടിയേറി പാർക്കുന്നത് ഒരു അപ്ലിക്കേഷൻ സമർപ്പിച്ചിട്ടല്ലല്ലോ.

ഈ വേർപാടും എന്നെ വല്ലാതെ ഉലച്ചു. VI Form ൽ ഇക്കാരണം കൊണ്ടുതന്നെ ഞാനൊന്നു ഉഴപ്പിയിരുന്നു. അതുകൊണ്ട് 62% മാർക്കേ എനിയ്ക്ക് എസ്. എസ്. എൽ. സി. യ്ക്ക് കിട്ടിയുള്ളൂ.

എല്ലാ വിഷയങ്ങളിലും മുൻപന്തിയിലായിരുന്ന എന്നെ ഗളഹസ്തം ചെയ്യാൻ ചില മിടുക്കന്മാരുണ്ടായി. പാവങ്ങൾ അവർക്കറിയുമോ എന്നെ ബാധിച്ച പനിയെ പറ്റി. ഒരുപക്ഷെ നിസ്വനായ എന്റെ ജീവിതത്തിലേയ്ക്ക് അവൾ കടന്നുവന്നില്ലായിരുന്നുവെങ്കിൽ ഞാനുമൊരു ഇടപ്പള്ളി രാഘവൻ പിള്ളയായേനേ !

രാഷ്ട്രീയം ? ഇല്ല, ഒരിയ്ക്കലും ഒരു പൂർണ്ണ രാഷ്ട്രീയക്കാരനാവാൻ എനിയ്ക്ക് കഴിയുമായിരുന്നില്ല. ലക്ഷ്മണരേഖകൾ എനിയ്ക്കിഷ്ടമല്ല; മൂക്കുകയറിടുന്നതും ചോദ്യങ്ങളോടാണ് എന്നും എനിയ്ക്ക് താൽപ്പര്യം. റെഡിമെയ്ഡ് ഉത്തരങ്ങളോടല്ല. പ്രതിപക്ഷ ബഞ്ചുകളെ ഞാനെന്നും ഇഷ്ടപ്പെടുന്നു.

തത്വസംഹിതകൾ ഒരിയ്ക്കലും എന്നെ കുറ്റിയിൽ തളച്ചിരുന്നില്ല. അനുഭവങ്ങളും സാഹചര്യങ്ങളുമാണ് എന്റെ ഗുരുനാഥന്മാർ. ഒരു കലാഹൃദയമുള്ളത് കൊണ്ട് ഞാനെന്നും മനുഷ്യപക്ഷത്താണ്; വേദനിയ്ക്കുന്നവരുടെ പക്ഷത്ത്.

ഒരിടത് പക്ഷസഹയാത്രികനാണ് ഞാനെന്നും. പക്ഷെ, എന്റെ മൂക്ക്കയറ് ഞാനൊരിയ്ക്കലും അവരെ ഏൽപ്പിച്ചിരുന്നില്ല. ശബരിമലയിലും, ഗുരുവായൂരും, കൊട്ടിയൂരുമൊക്കെ ഞാൻ പോയിട്ടുണ്ട്. അതെന്റെ സ്വകാര്യതയാണ് എന്നുവെച്ച് ഭക്തിയുടെ പ്രകടനാത്മകതയുടെ നെറ്റിപ്പട്ടം ഞാനൊരിയ്ക്കലും എടുത്ത് ചാർത്തിയിട്ടുമില്ല. പറഞ്ഞുവന്നത് ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരന് ഇതൊക്കെ നിഷിദ്ധമാണെന്ന് സൂചിപ്പിക്കാനാണ്. അതുകൊണ്ടുതന്നെ എനിയ്ക്ക് ഒരു യഥാർത്ഥ രാഷ്ട്രീയക്കാരനാവാനും കഴിയില്ലല്ലോ !

എസ്. എസ്. എൽ. സി. യുടെ റിസൽട്ട് വരുന്നതിന്ന് മുമ്പ് തന്നെ മുക്കം ഹൈസ്കൂളിൽ നാല് ഹൈസ്കൂളുകളെ പങ്കെടുപ്പിച്ച് കൊണ്ട് ഒരു സോഷ്യൽ സർവ്വീസ് ലീഗ് ക്യാമ്പ് സങ്കടിപ്പിക്കുകയുണ്ടായി. 15 ദിവസത്തെ ക്യാമ്പ്. 100 ഓളം വിദ്യാർത്ഥികൾ. തിരുവമ്പാടി ഹൈസ്കൂൾ, കുന്ദമംഗലം ഹൈസ്കൂൾ, നന്മണ്ട ഹൈസ്കൂൾ, മുക്കം ഹൈസ്കൂൾ.

ഞാനേതായാലും ക്യാമ്പിൽ പങ്കെടുക്കാൻ തീരുമാനിച്ചു. കുറച്ച് സൗഹൃദങ്ങൾ കൂടി മുതൽക്കൂട്ടാവുമല്ലോ. ഞങ്ങളുടെ സ്കൂളിനെ നയിച്ചിരുന്നത് എന്റെ ക്ലാസധ്യാപകനും എന്റെ ജ്യേഷ്ഠനായി നാടകത്തിലഭിനയിച്ച നമ്പൂതിരി മാഷായിരുന്നു.

ക്യാമ്പ് ലീഡറായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. അതൊരു വല്ലാത്ത അനുഭവമായിരുന്നു എനിയ്ക്ക്. Scout, ACC, NCC തുടങ്ങിയ ചില സന്നദ്ധ പരിശീലന സംഘടനകൾ അക്കാലത്ത് ഹൈസ്കൂളുകളിലും കോളേജുകളിലുമൊക്കെ പ്രവർത്തിച്ചിരുന്നു. ഇപ്പോഴും കാണും അവയൊക്കെ. NCC കോളേജിൽ മാത്രം. എന്റെ വിദ്യാലയത്തിലെ ACC ക്യാപ്റ്റനായിരുന്നു ഞാൻ. അതുകൊണ്ടാവാം ക്യാമ്പ് ലീ

ഡർഷിപ്പ് എനിയ്ക്ക് ലഭിച്ചത്.

ഗ്രാമസന്ദർശനങ്ങൾ, ചില വികസന പ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ, കലാപരിപാടികൾ അവലോകനയോഗങ്ങൾ എന്നിവയായിരുന്നു ക്യാമ്പിലെ അജണ്ട. നിത്യവും അത് നടന്നിരിയ്ക്കും.

അദ്ധ്യാപകർക്ക് പുറമെ രണ്ടുമൂന്ന് ചെറുപ്പക്കാരായ ഹാജിമാരും ഉണ്ടായിരുന്നു ക്യാമ്പിന്റെ രക്ഷാധികാരികളായി. മൊയ്തീൻ കോയ ഹാജി, ഇമ്പിച്ചമ്മത് ഹാജി, മോയി ഹാജി എന്നിവർ.

ഹാജിമാർ എന്നു കേൾക്കുമ്പോൾ അത്ഭുതപ്പെടേണ്ട. മുക്കത്ത് അഞ്ചും പത്തും വയസ്സായ ഹാജിമാർക്ക് പഞ്ഞമില്ല. പണക്കാരായ രക്ഷിതാക്കൾ ഹജ്ജിന് പോകുമ്പോൾ ചിലർ മക്കളേയും കൊണ്ട് പോകും. അവർ കുട്ടി ഹാജികളായി തിരിച്ചുവരും. പക്ഷെ, ആരും അവരെ ഹാജിമാർ എന്നു വിളിയ്ക്കാറില്ല.

മൊയ്തീൻ കോയ ഹാജിയ്ക്ക് എന്നേക്കാൾ മൂന്നുവയസ്സ് പ്രായക്കൂടുതൽ. ചുറുചുറുക്കുള്ള കോൺഗ്രസ്സ് പ്രവർത്തകൻ, പണക്കാരൻ. പിന്നീടദ്ദേഹം കോഴിക്കോട് DCC പ്രസിഡണ്ടായി.

അക്കാലത്ത് പണക്കാരനായ ഒരേ ഒരു വ്യക്തിയേയുള്ളു മുക്കത്ത് ഹജ്ജിന് പോകാത്തയാൾ. അത് മൊയ്തീന്റെ ബാപ്പ ബി. പി. ഉണ്ണിമൊയീൻ. 'കാട്ടുകോഴിയ്ക്കെന്ത് സംക്രാന്തി ?' എന്ന് പറഞ്ഞ കൂട്ടത്തിലാണ് മൊയ്തീൻ. പള്ളിയിൽ പോകാത്ത മൊയ്തീനെന്ത് ഹജ്ജ് ?

പണക്കാരായ ഈ ഹാജിമാരെയൊക്കെ എന്റെ എതിർ ടീമിലെ അംഗങ്ങളായെ ഞാൻ കണക്കായിരുന്നുള്ളൂ ! വർഗ്ഗശത്രുക്കൾ!

എന്നാൽ മൊയ്തീൻ കോയ ഹാജി ഞങ്ങളെയൊക്കെ കീശയിലാക്കി. സൗമ്യമായ പെരുമാറ്റം, മധുരഭാഷണം, നല്ല പ്രസംഗം. ക്യാമ്പ് കഴിഞ്ഞപ്പോഴേയ്ക്കും ഞങ്ങളൊക്കെ ഹാജിയാരുടെ സൗഹൃദ വലയത്തിലായി !

മുക്കത്ത് അദ്ദേഹം പണിത കൊട്ടാരസദൃശമായ വീട്ടിൽ ഞങ്ങൾക്ക് ഒരു വിരുന്ന് ഒരുക്കാൻ കൂടി അദ്ദേഹം മറന്നില്ല ! കൂട്ടത്തിൽ പറയട്ടെ മുക്കത്തിന്റെ ഭൗതിക പുരോഗതിയിൽ ഹാജിയാർ വഹിച്ച പങ്ക് നിസ്തുലമാണ്.

ക്യാമ്പംഗങ്ങളിൽ ചിലരെയെങ്കിലും സ്മരിയ്ക്കാതിരിയ്ക്കാൻ വയ്യ. 'ചാഴിക്കാടൻ' എന്ന അപരനാമധേയത്തിൽ അറിയപ്പെട്ട കുന്ദമംഗലം ഹൈസ്കൂളിലെ കെ. പി. ചന്ദ്രൻ. നന്മണ്ട ഹൈസ്കൂളിലെ കെസ്സ് വിദഗ്ദ്ധൻ ഉസ്സൈൻ, അതേ ഹൈസ്കൂളിലെ എ. കെ. ജി. (എ. കെ. ഗോപാലൻ) എപ്പോഴും ചിരിയുതിർക്കുന്ന തിരുവമ്പാടി ഹൈസ്കൂളിലെ വർക്കി, ഇരുത്തം വന്ന നടൻ ജോസഫ്, എന്റെ നിഴലായി എന്നെ അനുഗമിച്ചിരുന്ന രാമചന്ദ്രൻ...! എത്രയെത്ര വിലപ്പെട്ട സൗഹൃദങ്ങൾ ?

അന്ന് കേരള അസംബ്ലിയിലുണ്ടായിരുന്ന ഫലിത സാമ്രാട്ട് ജോസഫ് ചാഴിക്കാടനെ അനുസ്മരിച്ചാണ് ചന്ദ്രനെ ഞങ്ങൾ ചാഴിക്കാടനെന്ന് വിളിച്ചിരുന്നത്. വാ തുറന്നാൽ ചന്ദ്രൻ ഫലിതമെ പറയൂ ! അവനെ പിന്നീട് ബസ്സിലെ ചെക്കിങ്ങ് ഇൻസ്പെക്ടറായും, എ. കെ. ജി. യെ പോലീസ് സബ്ബ് ഇൻസ്പെക്ടരായും, വർക്കിയെ അദ്ധ്യാപക വേഷത്തിലും, രാമചന്ദ്രനെ ജവാനായും കാണാൻ സാധിച്ചു. ജോസഫ് പള്ളിലച്ചന്റെ ളോഹയിൽ സുരക്ഷിതത്വം പ്രാപിച്ചെന്നും കേട്ടു...

വരണ്ടുള്ള പൊയവക്ക
ത്തുണങ്ങിയ മരത്തിമ്മൽ
കരഞ്ഞും കൊണ്ടിരിയ്ക്കുന്ന
കുരുവി പച്ചി...
അന്നെ ചിരിപ്പിക്കാൻ
കുന്ദത്തുള്ള
തണുത്ത കാറ്റ്...
അങ്ങ് കെയക്കന്ന് ബരണൊണ്ട്
കുളിരും പാറ്റീ...

പാടിയ ഹുസൈനെ പറ്റി ഒരു വിവരവുമില്ല. ഇവരിൽ പലരും എന്നന്നേയ്ക്കും അപ്രത്യക്ഷരായി. ഹാസ്യസാമ്രാട്ടും, പോലീസും, ചിരിവർക്കിയും, പട്ടാളവും മറ്റും മറ്റും...! എത്രയെത്ര സുഹൃത്തുക്കൾ സഹപാഠികൾ, സഹപ്രവർത്തകർ, സമകാലീനർ ദിനപത്രത്തിന്റെ ചരമകോളത്തിൽ ചിരിയ്ക്കുന്ന ഫോട്ടോകളായി രൂപാന്തരപ്പെട്ടു...?! ഒരുനാൾ പത്രത്താളിലെ ചരമക്കോളത്തിൽ ചിരിയ്ക്കുന്ന ഫോട്ടോ ആയി ഞാനും മാറുന്നത് എനിയ്ക്ക് കാണാൻ കഴിഞ്ഞേയ്ക്കും !!

ഒരു സമാധാനമുണ്ട്. പരലോകത്ത് ഒറ്റപ്പെടലുണ്ടാവില്ല. ഇവരൊക്കെ അവിടെ കാണുമല്ലോ.

ചിന്ത കാടുകയറുന്നുവോ? വൈകുന്നേരമായാൽ ഗ്രാമത്തിന്റെ ഊടുവഴിയിലൂടെ ഒരു മാർച്ചിങ് സോങ്ങുമായി ഞങ്ങൾ നീങ്ങും. പാട്ട് എന്റെ സൃഷ്ടി !

*അങ്ങകലെ ദൂരെയായ്*
*മന്ദഹാസമായിതാ*
*പൊന്നൊളിപരത്തി വീശി*
*പൊന്തിടുന്നു മെല്ലവെ...*

എന്നു തുടങ്ങുന്ന ഗാനം. സ്ത്രീകളും കുട്ടികളും നാട്ടുവഴികളിൽ ഞങ്ങളുടെ ദൃക്സാക്ഷികൾ ! തിരിച്ചെത്തിയാൽ ക്യാമ്പ് അവലോകനം കലാപ്രകടനങ്ങൾ. മിമിക്രിയും, മോണോ ആക്ടും ഹാസ്യ പ്രകടനങ്ങൾ. 'വായിൽ തോന്നിയത് കോതയ്ക്ക് പാട്ട്' എല്ലാം നിമിഷ സൃഷ്ടികൾ.

പത്ത് പതിനഞ്ച് ദിവസം സ്വർണ്ണം പൂശിയ സന്ധ്യകളെ നെഞ്ചോട് ചേർത്ത് ഞങ്ങൾ ലാളിച്ചു.

സമാപനദിവസം ഒരുഗ്രൻ ഹാസ്യനാടകവും. ഒരു ഹാജിയാരുടെ വേഷമായിരുന്നു എനിയ്ക്ക്. വട്ടത്താടി, തൊപ്പി, കള്ളിത്തുണി, ബെൽട്ട്, കത്തി, വട്ടക്കഴുത്ത് ബനിയൻ, കൊള്ളാം. കോഴിക്കോടൻ മാപ്പിള ഭാഷ കൊണ്ട് ഞാൻ വേദിയിൽ പന്തുകളിച്ചു. പ്രതിഭാശാലിയായ ജോസഫായിരുന്നു നായകൻ. അവൻ കസറി.

പക്ഷെ, വിധികർത്താക്കൾ എന്നെയാണ് ഏറ്റവും നല്ല നടനായി പ്രഖ്യാപിച്ചത്. എനിയ്ക്ക് ഒരു വെള്ളിക്കപ്പ് സമ്മാനമായി കിട്ടി ആദ്യമായി. വെള്ളിയില്ലാത്ത കപ്പ് - വെള്ളിക്കോലുപോലെ !

ഞങ്ങളുടെ മുഖ്യാതിഥി സി. എച്ച്. മുഹമ്മദ് കോയയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ഒരുപമ എനിയ്ക്ക് 'ക്ഷ' പിടിച്ചു. അതിങ്ങനെ 'നമ്മുടെ സമൂഹത്തിൽ - രാഷ്ട്രീയത്തിലും - ചിലരുണ്ട്. അജാഗളംസ്തനം പോലെ ! ഒരനാവശ്യഘടകം ! പൊങ്ങന്മാർ !!


ആട്ടിൻ കഴുത്തിലെ മുലകൾ ! ആഹാ... ഒരപാര ഉപമ !!

അന്നുകിട്ടിയ ആ 'വെള്ളിക്കപ്പ്' നിറം മങ്ങിയ നിലയിൽ ഇന്നും എന്റെ ശേഖരത്തിലുണ്ട്. അഭിനയം ജീവിതത്തിലെ കൈയ്യൊപ്പുപോലെ !! ●



# ഈ കോഴിയാണെന്റെ ദുഃഖം

പ്രൊഫ. കെ. ശശികുമാർ
+91 4923222081



ഗുഡ്സ് സർവ്വീസ് ടാക്സ് - ജി. എസ്. ടി. എന്ന ചരക്കുനയം വന്നപ്പോൾ അമിതാഹ്ലാദത്താൽ ഉച്ചത്തിലൊന്നു കൂവാൻ ശബ്ദമില്ലെങ്കിലും ശ്രമിച്ചത് കേരളത്തിലെ നാട്ടുകോഴികളും മറുനാട്ടുകോഴികളുമാണ്. തങ്ങളുടെ വംശത്തിന് വില എന്നത്തേക്കാളും കുത്തനെ ഉയർന്നിരിക്കുന്നു. വില കൂടും ലൈവായ കോഴിയ്ക്ക് ചത്ത കോഴിയേക്കാൾ എന്നൊരു പാരഡി വള്ളത്തോൾ വരിയ്ക്കെഴുതിയത് ആണെഴുത്താളായ, കൂവൽ വിദഗ്ദ്ധനായ പൂവൻകവിയത്രെ.

വിരുദ്ധ ദ്വന്ദ്വസമന്വയമാണല്ലോ ജീവിതം. കോഴികൾക്കിങ്ങനെ വിലയേറിയാൽ പാവം കോഴി വിഴുങ്ങികളെന്തുചെയ്യും ? കോഴിതീറ്റക്കാരുടെ കണ്ണീർ കള്ളക്കർക്കിടകത്തിൽ മലയാളമണ്ണിനെ വല്ലാതെ നനച്ചുകളഞ്ഞു. പൂടയും ചപ്പും, വഴിയോരങ്ങളിൽ കൂമ്പാരമായി. നടക്കാനോ നിവർന്നുനില്ക്കാനോ ഓടാനോ കഴിയാത്ത കോഴികളെയെല്ലാം ഇരുമ്പുകൂട്ടിലടച്ച് ഷട്ടറിട്ട് കോഴിമുതലാളിമാർ ഹർത്താലിനാഹ്വാനം ചെയ്തു. കോഴ മന്ത്രിമാരുമായി ചർച്ച. ഭക്ഷ്യവിഭവങ്ങളുടെ വില വിവരപ്പട്ടിക പത്രലോകം പ്രസിദ്ധീകരിച്ചു. പട്ടികയിൽ ഒന്നാമത് കോഴി. കേരളീയരുടെ പ്രധാനഭക്ഷണം അരിയും പയറുമൊന്നുമല്ല. കോഴി തന്നെ. ഭക്ഷ്യ - ആരോഗ്യമന്ത്രിമാർ ഒരു സംയുക്തപ്രസ്താവനയും നടത്തി: 'കോഴിമാംസം തനി വെജിറ്റേറിയൻ തന്നെ; നോൺ വെജല്ല'. 'കോഴിഭക്ഷണം സസ്യാഹാരം' എന്ന് ചാനലുകൾ അക്ഷരപ്പകിട ഉരുട്ടിക്കളിച്ചു. കോഴികളുടെ തൂവലുകളിൽ അംഗീകാരത്തിന്റെ പുളകം പൂത്തലഞ്ഞു. കേരള കോഴി അസോസിയേഷൻ പ്രസിഡന്റായ ചുവന്ന പൂവൻ അറവുമുട്ടിയുടെ മുകളിൽ നിന്നും ചരിത്ര പ്രസ്താവന നടത്തി : 'ജൂൺ 30, കോഴിദിനം !'

ജനനം, നാമകരണം, ഉപനയനം, തിരണ്ടുകല്യാണം, മരണം, ചാവടിയന്തിരം, ചാത്തം - മലയാളത്തറവാട്ടിലെ സജീവ സാന്നിദ്ധ്യം കോഴി തന്നെ. ഇനമോ പ്രായമോ എന്തുമേതുമാവട്ടെ ഒരൊറ്റ നാമപദത്തിൽ ഈ പറവ വംശം വ്യവഹാരം നടത്തുന്നു - 'ചിക്കൻ' മറിയാമ്മ ടീച്ചർ പണ്ടെന്നെ പഠിപ്പിച്ചത് ഇങ്ങനെ. ചിക്കനെന്നാൽ കോഴിക്കുഞ്ഞ്. ഹെൻ പിടക്കോഴി, കോക്ക് പൂവൻ. 'ചിക്കൻ' എന്നതിലെ ശൈശവകോമളിമ കണ്ടിട്ടാണല്ലോ പഴയ കവി ഇങ്ങനെ കുറിച്ചത് : 'കോഴിക്കുഞ്ഞേ നിന്റെ പാട്ടൊന്നും കേട്ടീല/ഞാനും ചെറുപ്പത്തിൽ കീയോ കീയോ.' ഈ കൈശോരകവിത ക്ലാസ്സിൽ ചൊല്ലവേ ഒരുകുട്ടി പോയ ദിവസം കോൺവെന്റ് എൽ. പി. സ്കൂളിലെ സ്നേഹടീച്ചറോട് ചോദിച്ചുവത്രെ: കോഴിക്കുഞ്ഞ് ചിക്കനാണോ ? അതേ എന്നു ടീച്ചർ പറയവേ അണമുറിയെ പുഴവെള്ളം ചോൽ വായിൽനിന്നും വെള്ളമൊഴുകി ക്ലാസ്സ് നനഞ്ഞുപോലും. 'കോഴി കൊക്കരക്കൊ ചെന്നു/ നാഴിനെല്ലുകൊത്തി' എന്ന കവിത വെള്ളപൊക്കം ഭയന്ന് സ്നേഹ ഒട്ടു ചൊല്ലിയതുമില്ല.

കോഴിക്കുഞ്ഞിന്റെ ഓമനത്തത്തിലും കഴുകൻ കണ്ണുവീണപ്പോഴാണ് ഇവിടെ ബാല പീഡനകഥകളേറിയത്. ആരുടെയായാലും ജീവിതവാസരം തന്നുടെ കാല്യമായ ബാല്യം വെറും മാംസമായി കാണുമ്പോൾ രണ്ടു വയസ്സുകാരിയും പീഡനനാനുഭവങ്ങൾക്ക് വിധേയമാവും. കടമ്മനിട്ടയുടെ തള്ളക്കോഴി കുഞ്ഞുങ്ങളോടു പറഞ്ഞില്ലേ ?' 'കണ്ണുവേണം മുകളിലും താഴേം/കണ്ണുവേണമിരുപുറവുമെപ്പോഴും ?' നമ്മുടെ തള്ളമാരുടെ കണ്ണ് സീരിയലുകളിലുടക്കി പോയി. മക്കളെ ശരിയ്ക്കും കാണാതായി.

ടെലിവിഷൻ ചാനൽ തുറന്നാൽ നവരുചികളുടെ നളപാകത്തിൽ എണ്ണപ്പാത്തികളിലിളകി നുരയുന്ന കോഴിയുടെ മൃതശരീരഭാഗങ്ങൾ. രുചികരം പ്രിയകരം ആനന്ദകരമെന്ന് ചാനൽ പൈങ്കിളി. വീട്ടമ്മമാർക്ക് നിർവൃതികരമായി ഈവണ്ണം മറ്റൊന്നില്ല. സ്വന്തമടുക്കളയിലേക്കവ തിരിച്ചുപിടിക്കേണ്ടതിന്റെ അനിവാര്യത റസിഡൻഷ്യൽ അസോസിയേഷൻ സെക്രട്ടറി മീന സന്ദേശത്താലേവരേയും അറിയിച്ചു. ഓണാഘോഷത്തിന്റെ ഭാഗമായി നാട്ടമ്മമാർക്കായി ഒരുമത്സരവും നടത്തുന്നു. വിഷയം : 'പപ്പും പൂടയും കറിവെക്കേണ്ടത്'. ഡെമോയ്ക്ക് ഒരുമണിക്കൂർ സമയവും ഒന്നാം സമ്മാനം പൊന്മുട്ടയിടുന്ന കോഴിയും കോഴിദിനാചരണത്തിന്റെ ഭാഗമായി തീറ്റമത്സരവുമുണ്ട്. ഇഡ്ഢലിയ്ക്കുപകരം ഇക്കുറി കോഴിയാണെന്ന് പ്രസിഡന്റ് പണിക്കരാശാൻ എസ്. എം. എസ് അയച്ചിരിക്കുന്നു. കോഴിമലയാളം ജയിക്കട്ടെ ! കോഴമലയാളി തുലയട്ടെ. എന്റെ പേരക്കുട്ടന്റെ മുദ്രാവാക്യം കൊള്ളാം.

ഇങ്ങനെയൊരു ഋഗ്വേദ മന്ത്രമുണ്ട്. 'ശംദ്വിപദേ, ശം ചതുഷ്പദേ !' മന്ത്രാർത്ഥം വളരെ ലളിതം. ഇരുകാലികൾക്കും നാല്ക്കാലികൾക്കും ശാന്തിവരട്ടെ. ഉദാരരാമണീയകമുള്ള അർത്ഥന. സമസ്തജീവജാലങ്ങളും ശാന്തിയനുഭവിക്കുവാനുള്ള ഋഷിമനസ്സിന്റെ വിലോഭനീയത. ശാന്തി രേവ ശാന്തിഃ എന്ന് ശാന്തിയ്ക്കുപോലും ശാന്തി നേരുന്ന കവിമനസ്സ്.

പൂച്ചയാണിന്നെന്റെ ദുഃഖം എന്നെഴുതിയ സ്വർഗ്ഗസ്ഥനായ കവി ഇന്നിങ്ങനെ തിരുത്തുന്നു: 'കോഴിയാണിന്നെന്റെ ദുഃഖം.' കോഴിദിനത്തിന് ആശംസകൾ നിറയെ.

●





# ഒരു ഇഡ്ഡലിപ്രിയന്റെ ആകുലതകൾ

**കെ. വിജയകുമാരൻ**
**9448312631, 9444540631**

കലാകൗമുദിയുടെ 2016 നവംബർ 20 (നമ്പർ. 2150) ലക്കത്തിൽ ഡോ. കെ. ജ്യോതിലാൽ എഴുതിയ 'ഇഡ്ഡലി വേണ്ട ദോശയും' എന്ന ലേഖനം വായിച്ച ഉടനെ പ്രതികരിക്കാനാവാത്തവിധം ഒരു വല്ലാത്ത മാനസികാവസ്ഥയിലായിരുന്നു. പ്രായമേറുമ്പോൾ പ്രതികരണവേഗം കുറയുമെന്നതിനാൽ അതിനെപ്പറ്റി ഭേജാറാകേണ്ടതില്ല. എന്നാൽ ലേഖനത്തിൽ പറഞ്ഞ കാര്യങ്ങൾ മനസ്സിലുണ്ടാക്കിയ അങ്കലാപ്പ് ചില ആഴ്ചകൾ കഴിഞ്ഞിട്ടും വിട്ടുപോകാഞ്ഞതിനാൽ ഒരു കുറിമാനമെഴുതി അതിനൊരു ശമനം കിട്ടുമോ എന്ന് പരീക്ഷിക്കുകയാണിവിടെ.

ലേഖനത്തിലെ മുഖ്യമായ വിഷയം കേരളീയരുടെ (അതിനെക്കാളും തമിഴരുടെ) മുഖ്യാഹാരമായ ഇഡ്ഡലിയും, ദോശയും കേരളത്തിന് 'പ്രമേഹരോഗികളുടെ തലസ്ഥാനം' എന്ന ദുഷ്പ്പേരുണ്ടാക്കിക്കൊടുക്കുന്ന വില്ലൻ ഭക്ഷണങ്ങളാണെന്നാണ്. ആയുർവേദ പ്രഫസറായ ലേഖകൻ ഇഡ്ഡലി, ദോശ, ഉഴുന്നുവട, കോൺഫ്ളേക്, കാരറ്റ്, ഉരുളൻ (അല്ലാത്തതും) കിഴങ്ങ്, ബാർളി എന്നിവയൊക്കെ പ്രമേഹത്തിന്റെ അസ്കിതയുള്ളവർ വർജ്ജിക്കണമെന്നാണ് ആഹ്വാനിക്കുന്നത്.

മൂന്നുനേരവും ഇഡ്ഡലി തന്നാൽ ഒരു പരാതിയും കൂടാതെ മുന്നൂറ്റി അറുപത്തഞ്ചേകാലും കഴിഞ്ഞുകൂടാൻ സന്മനസ്സുള്ള ഒരു നീചനാണ് ഇതെഴുതുന്നയാൾ. തൊട്ടുകൂട്ടി അകത്താക്കാൻ ചട്നി (നാളികേരം, നിലക്കടല, പുതിന, മല്ലിയില, തക്കാളി, വഴുതിന, ഉള്ളി എന്നിങ്ങനെ പല ജാതി), സാമ്പാർ (മുരിങ്ങക്കായ, ചെറിയുള്ളി, വെണ്ടയ്ക്ക, മുള്ളങ്കി എന്നിവയുടെ സ്പെഷൽ ഇനങ്ങൾ), രസം (ഇതൊരു വിചിത്രമായ കണ്ടുപിടിത്തമാണ്), ഇഷ്ടു (ഞങ്ങൾ പാലക്കാടുള്ളവർ സ്റ്റ്യൂവിനെ വിളിക്കുന്നത്), പൊടി (ഉഴുന്ന്, പരിപ്പ്, കറിവേപ്പില, ഇതിൽ നല്ലെണ്ണ, നെയ്യ്, വെളിച്ചെണ്ണ എന്നിവ ചേർക്കാം), ഇതിനൊക്കെ പുറമെ ആന്ധ്രയിലെ അല്ലം (ഇഞ്ചി), മിരപ്പക്കായ (ചുവന്ന മുളക്) പച്ചടികൾ എന്നീ വിഭവങ്ങളിൽ ചുരുങ്ങിയത് മൂന്നിനമെങ്കിലുമില്ലാതെ ഇഡ്ഡലിയെ സ്പർശിക്കുന്നത് മഹാപാപമായി കരുതുന്നയാളുമാണ്. കഴിഞ്ഞ 'ലോക ഇഡ്ഡലി ദിന'ത്തിൽ (2016 മാർച്ച് 30) കാര്യമായി ആഘോഷിക്കാനാവാതെ അടുത്ത കൊല്ലം കനപ്പെട്ട എന്തെങ്കിലും ചെയ്യണമെന്നു കരുതിയിരിക്കുമ്പോഴാണ് ഡോക്ടറുടെ ലേഖനം വരുന്നത്. ലേഖനത്തിലെ പ്രസ്താവനകളോട് യാതൊരുവിധ വിയോജിപ്പിനും മുതിരാതെ നിരുപാധികം ചില ആകുല (അല്ലാത്തതും) ചിന്തകൾ രേഖപ്പെടുത്തുകയാണിവിടെ.

പ്രാതലിന് ഒരു ശരാശരിക്കാരന്റെ മുന്നിലെന്താണുള്ളതെന്ന് പരിശോധിക്കാം. വട, പൂരി, ചപ്പാത്തി, ബ്രെഡ്, ഓട്സ്, കോൺഫ്ളേക്, ന്യൂഡിൽസ് എന്നിവയെപ്പറ്റി ശ്രീനിവാസൻ സ്റ്റൈലിൽ 'ഒരക്ഷരം മിണ്ടിപ്പോകരുത്' എന്ന് ആദ്യമേ പറയട്ടെ. ആരോഗ്യ കേരളത്തിൽനിന്നും പൊറോട്ടയെ മറ്റൊരു ഡോക്ടർ പടികടത്തി പിണ്ഡം വച്ചത് ചരിത്രമാണല്ലോ. പുട്ടടിച്ചാൽ ഒരു പണിയും ചെയ്യാനാകാതെ പെരുമ്പാമ്പിനെപ്പോലെ ഇരുന്നുപോകും, പഴംചോറാണെങ്കിൽ കിട്ടാനില്ല, ദോശയിൽ എണ്ണ, അപ്പത്തിൽ അമ്ലം/ആൽക്കഹോൾ, കഞ്ഞിയാണെങ്കിൽ വെറും 'കഞ്ഞി' തന്നെ. അപ്പോൾ ഭാഗ്യമെന്നു പറയട്ടെ ഇഡ്ഡലി രക്ഷകനായി വരുന്നു. ഇഡ്ഡലിയില്ലാത്ത ലോകം സങ്കല്പിക്കാൻ ഉത്തരേന്ത്യയിൽ കാശ്മീരത്തേക്ക് പോകേണ്ടിവരും. (അവിടെ ഇഡ്ഡലി മാവ് പുളിക്കാൻ ദിവസങ്ങളെടുക്കും).

എനിക്കറിയാവുന്ന കുറേ നല്ലവരായ (ലേഖനകർത്താവായ ഡോക്ടർ ചീത്തയാണെന്ന് വിവക്ഷയില്ല കേട്ടോ) ഡോക്ടർമാർ സുഖമായിരിക്കുമ്പോഴും, അസുഖമായിരിക്കുമ്പോഴും ഇഡ്ഡലി സാപ്പിടാൻ പറയുന്നതിനൊക്കെ മുമ്പുതന്നെ ഈയുള്ളവൻ ഇഡ്ഡലിപ്രിയനായിരുന്നു (കൊച്ചുനാളിൽ അമ്മ ഇഡ്ഡലിക്കച്ചവടം നടത്തിയിരുന്നത് ഒരു കാരണമായിരിക്കാം). പിന്നെ എന്റെ അറിവിൽ കുറേയധികം ബുദ്ധിജീവികൾ ഇഡ്ഡലിപ്രിയരാണ് (ഇവിടെ എന്റെ ബുദ്ധിയെപ്പറ്റി ഒരാരോപണവും ഇല്ല കേട്ടോ).

ഈയുള്ളവൻ ഗുരുതുല്യനായി കണക്കാക്കുന്ന വി.കെ.എൻ ഇഡ്ഡലി മാഹാത്മ്യത്തെപ്പറ്റി തന്റെ 'നിലനില്പീയം'[1] എന്ന കഥയിൽ വളരെ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട് (ഒന്നേകാൽ പേജുള്ള ആ 'ഈ-ബുക്കിന്' അറുപത്തഞ്ചു ഉറുപ്യകൾ ഈടാക്കിയ രവി ഡി സി യോട് "എന്താണിത്ര സാമ്പത്തികപ്രതിസന്ധി" എന്നു ചോദിക്കാൻ ഈ അവസരം വിനിയോഗിക്കട്ടെ). കഥയിലെ നായകൻ പയ്യൻ മരണാനന്തരം അന്ത്യയാത്ര ചെയ്യവേ വീട്ടുകാർ കേൾക്കാത്ത ദൂരമെത്തിയപ്പോൾ ശവമഞ്ച വാഹകരോട് 'അവിടെയും രാവിലെ ഇഡ്ഡലിതന്നെയല്ലേ?' എന്നൊരു ചോദ്യം ഉന്നയിക്കുന്നതിൽനിന്നും സ്വർഗ്ഗത്തിൽ (നരകത്തിൽ) ആണെങ്കിലും പ്രാതലിന് ഇഡ്ഡലിതന്നെ പഥ്യമെന്ന കാര്യം സ്പഷ്ടമാണ്.

എസ്. വി. ശേഖർ എന്ന തമിഴ് നാടക വിദ്വാൻ അവതരിപ്പിച്ചതായ ഒരു ഫലിതം ഓർമ്മവരുന്നു. യാതൊരു കുഴപ്പവുമില്ലാത്ത ഒരു വ്യക്തി ഒരു ഡോക്ടറോട് താൻ 'നൂറാണ്ട് വാഴാൻ എതാച്ച് മരുന്ത്' വേണമെന്നു അപേക്ഷിക്കുന്നു. ഡോക്ടർ അയാൾക്ക് പുകവലി, മദ്യപാനം, വ്യഭിചാരം എന്നിത്യാദി ദുശ്ശീലങ്ങൾ ഏതെങ്കിലും ഉണ്ടോ എന്ന് ഒന്നൊന്നായി ചോദിക്കുന്നു. അയാൾ അതൊന്നും തന്നെ തനിക്കില്ലെന്നു പറയുമ്പോൾ ഡോക്ടർ ഇതൊന്നും ഇല്ലാതെ 'നീ എതുക്കയ്യാ നൂറാണ്ട് വാഴണും?' എന്നൊരു മറുചോദ്യം ഉന്നയിക്കുന്നു. ഇഡ്ഡലി ഒരു ദുശ്ശീലമാണെന്നു പ്രഖ്യാപിച്ചാൽത്തന്നെ, അത് നിയമപരമായി തടഞ്ഞാൽപ്പോലും, ഇഡ്ഡലിയില്ലാത്ത ജീവിതം അടിയന് അചിന്തനീയമാണ് (ച്ചാൽ ബ്ലാക്കിൽ അതുണ്ടാക്കി സാപ്പിടുംന്ന് സൂചന).

ആരോഗ്യക്ഷയത്തെപ്പറ്റിയും ഭക്ഷണക്രമത്തെപ്പറ്റിയും ധാരാളം വിവരങ്ങൾ ഇന്ന് മലയാളിക്ക് (മറ്റു ഭാഷക്കാർക്കും) ലഭ്യമാണ്. അത് വിളമ്പുന്ന ആനുകാലികങ്ങൾ എത്രയെണ്ണമുണ്ടെന്ന് നിശ്ചയമില്ല. ഇക്കാര്യംകൊണ്ടുതന്നെ അക്ഷരജ്ഞാനമുള്ള ഭാര്യമാർ ഭക്ഷ്യനിയന്ത്രണത്തിലൂടെ ഭർത്താക്കന്മാരെ എത്രമാത്രം പീഡിപ്പിക്കുന്നുണ്ടെന്ന് (സ്വയം പീഡകരെ ഒഴിവാക്കാം) വല്ല കണക്കുമുണ്ടോ? ഭക്ഷ്യ എണ്ണകളുടെ കാര്യത്തിൽ കാട്ടിയ കോലാഹലത്തെത്തുടർന്ന് വെളിച്ചെണ്ണയെ വെറുക്കാൻ നിർബന്ധിതരായ മലയാളിയുടെ കണ്ണുകൾ തുറപ്പിക്കാൻ ഇനിയും പൂർണ്ണമായും സാധിച്ചിട്ടില്ല. വെളിച്ചെണ്ണയുടെ നന്മയറിഞ്ഞ അറിവുള്ളവർ അതിനെ സർവരോഗനിവാരണിപോലെ ഉപയോഗപ്പെടുത്തുന്നു[2,3]. കൊളസ്ട്രോൾ, വ്യായാമം എന്ന മിത്തുകളും, മരുന്നുകളും[4,5,6] നിത്യജീവിതത്തെ ഒഴിയാബാധപോലെ പിടികൂടുമ്പോൾ മലയാളിക്ക് മനസ്സിൽ ആകുലതകൾ പകരാൻ ടി. വി. സീരിയലുകളും, ചാനൽ ചർച്ചകളും മത്സരിക്കുന്നു.

ഡോ. ബി. എം. ഹെഗ്ഡെ തന്റെ പ്രസിദ്ധമായ പുസ്തകത്തിൽ[7] ഒരിടത്തുപറയുന്നുണ്ട്, 'ഒരു വ്യക്തി ഭക്ഷിക്കുന്നതല്ല അയാളെ കുഴപ്പത്തിലാക്കുന്നത് മറിച്ച് വ്യക്തിയെ ഭക്ഷിക്കുന്നത് (ചിന്തകൾ) ആണ് എല്ലാ കുഴപ്പത്തിനും കാരണം' എന്ന്. അതേ ലൈനിൽ ഡോക്ടർ ലിസ്സാറാൻകിൻ തന്റെ ഒരു പുസ്തകത്തിൽ[8] മനസ്സിലെ ആകുലചിന്തകൾ ശരീരത്തെ എങ്ങിനെ ബാധിക്കും എന്ന് വളരെ വ്യക്തമാക്കുന്നുണ്ട്. നാളിതുവരെ നിരുപദ്രവിയായിക്കരുതിയ ഇഡ്ഡലിയെപ്പറ്റി ഒരു ആകുലചിന്തയുടെ വിത്തിടാൻ ഡോ. ജ്യോതിലാലിന്റെ ലേഖനം നിമിത്തമായി. ഇനി ഇഡ്ഡലിയുടെ സൈഡ് ഇഫക്ടായി അല്പം ബേജാറ് ഒഴിവാക്കാനാവില്ല.

2015 ഡിസംബറിൽ ചെന്നൈയിൽ കോട്ടൂർപുരത്ത് വെള്ളപ്പൊക്കത്തിലകപ്പെട്ട എന്റെ വീട്ടിനകത്തേക്ക് ചെളിയിലൂടെ കയറാൻ വല്ലാതെ വിഷമിച്ചു നിൽക്കുമ്പോൾ റോട്ടിലെ മലിനമായ ചെളിവെള്ളത്തിൽ കളിക്കുന്ന രണ്ടു നരിക്കുറവക്കുട്ടികളെ കുറേ നേരം നോക്കിനിന്നു. ദുരിതാശ്വാസ പ്രവർത്തകർ കൊടുത്ത ബിസ്ക്കറ്റ് ശുചിത്വത്തിന്റെ സകല സങ്കൽപ്പങ്ങളേയും വെല്ലുവിളിച്ചുകൊണ്ട് തിന്നുന്ന ആ കുരുന്നുകളെ നോക്കി അല്പം അസൂയപ്പെടാൻപോലും അന്നേരം അസമർത്ഥനായിരുന്നു. അവർ നിശ്ചയമായും ഒരു ഡോക്ടറേയും കാണാനിടയില്ല. മനസ്സിൽ ആകുലയൊന്നുമില്ലെങ്കിൽ അവരുടെ ശരീരത്തിലെന്തുണ്ടാവാൻ ?

ഡോക്ടർ ഷാരോൺ മോളേം എഴുതിയ 'സർവൈവൽ ഓഫ് ദ സിക്കസ്റ്റ്'[9] എന്ന പുസ്തകത്തിന്റെ അവസാന അദ്ധ്യായത്തിന്റെ തലക്കെട്ട് 'That's life: Why you and your iPod must die' എന്നാണ്. അതിൽ നമ്മുടെ ശരീരത്തിലെ ഓരോ കോശത്തിലും ലിഖിതമായ മരണമെന്ന അനിവാര്യതയെ ഭംഗിയായി അനാവരണം ചെയ്യുന്നുണ്ട്. (ഈ പുസ്തകത്തിന്റെ കോപ്പികൾ എന്നെ പലപ്പോഴായി ചികിത്സിച്ച അഞ്ചു ഡോക്ടർമാർക്ക് സമ്മാനിക്കുകയുണ്ടായി). ഇഡ്ഡലിയുൾപ്പടെ സകലതും മിതമായ തോതിൽ ആസ്വദിച്ച് ആ അനിവാര്യതയെപ്പറ്റി ബോധവാനായി, ആകുലതകളെ ഒഴിവാക്കിയുള്ള ഒരു ജീവിതത്തിന് പ്രേരിപ്പിക്കാൻ ആരെങ്കിലുമൊക്കെ എഴുതിയിരുന്നെങ്കിൽ എന്ന് വല്ലാതെ ആശിക്കയാണ്. അക്കാരണംകൊണ്ടുതന്നെ അന്ത്യയാത്രയിലെ' അവിടെയും രാവിലെ ഇഡ്ഡലിതന്നെയല്ലേ' എന്ന പയ്യന്റെ ചോദ്യത്തിന്റെ പ്രസക്തി ചെറുതല്ല.

## വാൽക്കഷണം

ഈ കുറിമാനം എഴുതി രണ്ടുമാസം കഴിഞ്ഞ് കലാകൗമുദിയുടെ 2017 ജനുവരി 15, നമ്പർ. 2158 ലക്കത്തിൽ വി. ഡി. ശെൽവരാജ് നടത്തിയ ഡോക്ടർ എം. എസ്. വല്യത്താനുമായുള്ള അഭിമുഖം 'തൃപ്തിയുള്ള ജീവിതം പ്രധാനം' എന്ന തലക്കെട്ടിൽ വെളിയിട്ടത് ആശ്വാസമേകുന്ന ഒരു വായനാനുഭവം നൽകി. അതിന്റെ അവസാനം അദ്ദേഹം പറഞ്ഞത് ഇവിടെ ഉദ്ധരിക്കട്ടെ.

'ജീവിതം ആസ്വദിക്കാനുള്ളതാണെന്ന് ആയുർവേദം പറയുന്നു. വിശപ്പുമാറ്റാൻ മാത്രമുള്ളതല്ല ആസ്വദിക്കാനുമുള്ളതാണ് ആഹാരം. എവിടെനിന്നെങ്കിലും എന്തെങ്കിലും കഴിച്ചാൽ പോര, ആസ്വാദ്യത വേണം. അതുപോലെ രതിയും ആസ്വദിക്കാനുള്ളതാണ്, സന്താനോല്പാദനത്തിന് മാത്രമുള്ളതല്ല. വിരുന്നുവേളയിൽ വീഞ്ഞു വിളമ്പുന്നതിനെപ്പറ്റി ആയുർവേദാചാര്യൻ വാഗ്ഭടൻ വിവരിക്കുന്നുണ്ട്. ഇന്ദ്രിയാനുഭവം പ്രധാനമാണെന്ന് ആയുർവേദം പറയുമ്പോൾത്തന്നെ എല്ലാ വിഷയത്തിലും മിതത്വം പാലിക്കേണ്ടതും ചൂണ്ടിക്കാട്ടുന്നു.'

## നോട്ടുകൾ

1. വി. കെ. എൻ., നിലനില്പീയം, Kindle e-book Edition (2015), ഡി സി

ബുക്സ്, കോട്ടയം.

2. Bruce Fife (2004), Coconut Oil Miracle, 4th Edition, Avery (a member of Penguin Group) New York.

3. Sharon Daniels, Coconut Oil Cures-Miracle Oils from the Kitchen - Book 2, Kindle Book Internet Niche Publishers; 1st Edition (2012)

4. Stephen Sinatra, Johny Bowden, The Great Cholesterol Myth, Audible Audio Book, Tantor Audio.

5. Uffe Ravnskov, Ignore the Awkward - How the Cholesterol Myths are kept alive, Kindle Edition (2010), Creative Space.

6. Al Sears (2004), Doctor's Heart Cure, Beyond the Modern Myths of Diet and Exercise, Dragon Door Publications, St. Paul, MN, USA.


7. Hegde B. M., (2014), What Doctors Don't Get to Study in Medical School, 4th Edition, Paras Medical Publisher, Hyderabad.

8. Lissa Rankin (2013) Mind Over Medicine Scientific Proof That you can Heal Yourself, Kindle Edition, Hay House, Inc.


9. Sharon Moalem (2007), Survival of the Sickest, Harper Collins e-books.


**കുറിപ്പ് :**

ഈ കൃതി ഇക്കൊല്ലത്തെ തിരുവാന്മിയൂർ (ചെന്നൈ) കേരള സമാജത്തിന്റെ 'ശംഖനാദം' എന്ന സുവനീറിൽ പ്രസിദ്ധമായതാണ്. എന്നാൽ ഒരു കുഴപ്പം. ഇതിന്റെ ഒരു പേജിൽ അധികം വരുന്ന കാതലായ ഭാഗം (ഉടൽ എന്നുപറയാം) അറിഞ്ഞോ അറിയാതെയോ അവർ വെട്ടിക്കളഞ്ഞിരിക്കുന്നു. എന്റെ ഒരു കൃതിയും ഇതിനുമുമ്പ് ഇത്തരമൊരു വൻവെട്ടിനിരയായിട്ടില്ല. ഒരു വക്കാണത്തിന് വകുപ്പില്ലാത്തവിധം പ്രതികൾ നാട്ടുകാരായിപ്പോയി (സെക്രട്ടറി ഒരു മഞ്ചേരിക്കാരനും, എഡിറ്റർ ഒരു കൊല്ലങ്കോട്ടുകാരനും ആണ്). എഴുത്തിലെ അറുകൊലക്ക് പ്രതികാരമായിട്ടല്ല കൃതി ഏക തത്ത്വക്ക് അയച്ചത്. പ്രസവിച്ച കുഞ്ഞിനെ മുഴുവൻ ശരീരത്തിൽ കാണാനുള്ള മോഹം കൊണ്ടാണെന്നു കൂട്ടിക്കോളൂ. (ഒരു കൃതി തന്നെ രണ്ടിടത്ത് പ്രസിദ്ധീകരിച്ച് (കു)പ്രസിദ്ധി നേടാനുള്ള സൂത്രമാണെന്നു വ്യാഖ്യാനിക്കാനുള്ള വായനക്കാരുടെ അവകാശത്തെ നിഷേധിക്കുന്നില്ല).



■ അനുസ്മരണം




ടി. വി. നാരായണൻ കുട്ടി
9446030344


# ഒടുവിലിനെ ഓർക്കുമ്പോൾ

മലയാളസിനിമയിൽ ഹാസ്യാഭിനേതാക്കളുടെ സാന്നിദ്ധ്യം അതിന്റെ തുടക്കം മുതലേ പ്രേക്ഷകരെ ഏറെ സ്വാധീനിച്ചിരുന്നുവെന്ന് കാണാം. പ്രാരംഭത്തിൽ എസ്. പി. പിള്ള, ബഹദൂർ, തുടർന്ന് മണവാളൻ ജോസഫ്, അടൂർ ഭാസി, ആലംമൂടൻ, കടുവാക്കുളം ആന്റണി, ബോബി കൊട്ടാരക്കര, കൂട്ടത്തിൽ ചിലപ്പോൾ ശങ്കരാടി, പറവൂർ ഭരതൻ, അതിനുശേഷം കുതിരവട്ടം പപ്പു, മാള അരവിന്ദൻ, ജഗതി ശ്രീകുമാർ, ഒടുവിൽ, സലിംകുമാർ, ഹരിശ്രീ അശോകൻ, സുരാജ് വെഞ്ഞാറമൂട് ഇങ്ങിനെ നീണ്ടുപോകുന്ന ഒരുനിര തന്നെ മലയാള സിനിമയെ പല കാലങ്ങളിലായി ധന്യമാക്കിയിരുന്നു. ഇതിൽ മൺമറഞ്ഞുപോയവരിൽ ഏറ്റവും അവസാനത്തെ രണ്ടുപേർ മാള അരവിന്ദനും ഒടുവിൽ ഉണ്ണികൃഷ്ണനുമാണ്. ഇതിൽ 'ഒടുവിലി'നേയും ഇദ്ദേഹം മലയാളസിനിമയ്ക്ക് നൽകിയ സംഭാവനകളേയും പറ്റി സംക്ഷിപ്തമായി പ്രതിപാദിക്കാൻ ശ്രമിക്കുകയാണിവിടെ.

1944 ഫെബ്രുവരി 13ന് വടക്കാഞ്ചേരി ഏങ്കക്കാട് ഒടുവിൽ വീട്ടിൽ കൃഷ്ണമേനോന്റേയും, പാറുക്കുട്ടി അമ്മയുടേയും മകനായാണ് ഉണ്ണികൃഷ്ണൻ ജനിച്ചത്. നല്ലൊരു പാട്ടുകാരനും, വാദ്യോപകരണങ്ങൾ (പ്രത്യേകിച്ച് തബല) ഉപയോഗിക്കുന്നതിൽ മിടുക്കനുമായിരുന്നു. വായ്പാട്ടിലും ശ്രദ്ധിച്ചിരുന്നു. ഇദ്ദേഹത്തിന്റെ അമ്മാവൻ സരസകവി ഉണ്ണികൃഷ്ണമേനോൻ നല്ലൊരു നർത്തകനായിരുന്നു. കുറേക്കഴിഞ്ഞ് കെ. പി. എ. സി. യിലും കേരള കലാവേദിയിലും ഒടുവിൽ തന്റെ സാന്നിദ്ധ്യമറിയിച്ചു. ഇദ്ദേഹം പാടിയതിനുപുറമെ ചില ആൽബങ്ങൾക്ക് പാട്ടുകൾ ചിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 1984ൽ പരശുരാം എക്സ്പ്രസ് എന്ന് പേരിൽ ബിച്ചുതിരുമല എഴുതിയ ഒരു ആൽബവും ഇക്കൂട്ടത്തിൽ പെടുന്നു. 'സർവംസഹ' എന്ന പേരിൽ രവിഗുപ്തൻ സംവിധാനം ചെയ്ത ഒരു സിനിമയും ഇദ്ദേഹം നിർമ്മിച്ചു. എന്തുകൊണ്ടോ അത് റിലീസ് ചെയ്യപ്പെട്ടില്ല. ഇദ്ദേഹത്തിന്റെ ഭാര്യ പത്മജ, രണ്ട് പെൺമക്കൾ ശാലിനിയും, പത്മിനിയുമൊത്ത് അവസാനകാലങ്ങളിൽ പാലക്കാട് കേരളശ്ശേരിയിലെ 'നീലാഞ്ജനം' എന്ന വീട്ടിലായിരുന്നു താമസം. തന്റെ 29ാം വയസ്സിൽ സിനിമാപ്രവേശനം. ശ്രീ. പി. എൻ. മേനോൻ സംവിധാനം ചെയ്ത 'ദർശന'ത്തിലൂടെയാണ് തന്റെ സിനിമാഭിനയത്തിന്റെ 'ഹരിശ്രീ' കുറിച്ചത്. രണ്ടാമത്തെ ചിത്രം ക്യാമറാമാൻ കൂടി

യായ എ. വിൻസെന്റ് സംവിധാനം ചെയ്ത ചെണ്ടയാണ്. തുടർന്ന് 'ഗുരുവായൂർ കേശവനി'ൽ അടൂർഭാസി, ശങ്കരാടി, മണവാളൻ എന്നിവരുടെ കൂടെ കേശവന്റെ രണ്ടാം പാപ്പാനായി അഭിനയിച്ചു. അന്ന് മെലിഞ്ഞ്, എല്ലിച്ച ഒരു ശരീരത്തിന്നുടമയായിരുന്നു ഉണ്ണികൃഷ്ണൻ. ഇന്നസെന്റിന് അതിൽ ഒരു ചെറിയ റോളുണ്ടായിരുന്നു.

തുടർന്ന് മരിക്കുന്നതിനു മുമ്പായി ഏതാണ്ട് നാനൂറോളം സിനിമകളിൽ അദ്ദേഹം തന്റെ സജീവ സാന്നിദ്ധ്യം തെളിയിച്ചു. പണ്ടൊക്കെ സിനിമാ പോസ്റ്ററുകളിലും, പാട്ടുപുസ്തകങ്ങളിലും, അഭിനേതാക്കളുടെ പേരെഴുതുക പതിവാണ്. ഇങ്ങിനെയെഴുതുമ്പോൾ ഉണ്ണികൃഷ്ണൻ പേര് ഒടുവിലെഴുതുന്ന ഒരു ശൈലി തന്നെ അക്കാലത്തുണ്ടായിരുന്നത് ഓർക്കുന്നു. തോപ്പിൽ ഭാസി, ഹരിഹരൻ, സത്യൻ അന്തിക്കാട് എന്നിവരുടെ സിനിമകളിൽ ഉണ്ണികൃഷ്ണന്റെ സ്ഥിരം സാന്നിദ്ധ്യമുണ്ടാകാറുണ്ട്. 1972ൽ ദർശനം മുതൽ 74ൽ ചെണ്ട, ചക്രവാകം, 77ൽ അനുഗ്രഹം, 78 അടിമക്കച്ചവടം, 79ൽ ശരപഞ്ചരം, 80ൽ ശക്തി (കള്ള്ഷാപ്പ് മാനേജർ), 81ൽ പൂച്ച സന്യാസി, 82ൽ അനുരാഗ കോടതി, 84ൽ ശ്രീകൃഷ്ണപരുന്ത്, 85ൽ മനക്കലെതത്ത, 87ൽ PC 369, 88ൽ പട്ടണപ്രവേശം, 89ൽ ഒരു വടക്കൻ വീരഗാഥ, 90ൽ നഗരത്തിൽ ചെന്ന് രാപാർക്കാം, 92ൽ മൈ ഡിയർ മുത്തച്ഛൻ, കമലദളം തുടങ്ങി സിനിമയിൽ വ്യത്യസ്ത കഥാപാത്രങ്ങളിലൂടെ 2006ൽ മരിക്കുന്നത് വരെ ഇദ്ദേഹം തന്റെ അഭിനയം തുടർന്നു.

എന്റെ കാഴ്ചപ്പാടിൽ വാരിയർ, പിഷാരടി, നമ്പൂതിരി, എമ്പ്രാന്തിരി തുടങ്ങി അമ്പലവാസി കഥാപാത്രങ്ങൾ കൈകാര്യം ചെയ്യുവാൻ ഒടുവിലിനുള്ള മിടുക്ക് ഒന്ന് വേറെ തന്നെയാണ്. ചില ഉദാഹരണത്തിലൂടെ ഇതൽപ്പം വ്യക്തമാക്കാം.

'ദേവാസുര'ത്തിലെ 'പെരിങ്ങോട് ശങ്കരമാരാര്' എന്ന കഥാപാത്രം വളരെ കുറച്ചുസമയമേ രംഗത്ത് വരുന്നുള്ളുവെങ്കിലും, മോഹൻലാലും ഒടുവിലുമായുള്ള ആ രംഗം കണ്ടുകഴിയുമ്പോൾ, സംഭാഷണം അധികമില്ലാത്ത ദൈർഘ്യം വളരെ കുറഞ്ഞ ആ രംഗം, സിനിമയിലെ മറ്റു കഥാപാത്രങ്ങളെപ്പോലെ തന്നെ. ഒടുവിലിന്റെ ശങ്കരമാരാരും, നമ്മെ വല്ലാതെ സ്പർശിക്കുന്നതായി തോന്നും.

ഇതേപോലെ ഒടുവിലിന്റെ മറ്റൊരു കഥാപാത്രം 'ആറാം തമ്പുരാനിലെ' മഞ്ജുവാര്യരുടെ കഥാപാത്രത്തിന്റെ അച്ഛന്റെ റോളാണ്. ഇത്രയും കാലമായിട്ടും തന്റെ മകൾക്ക് അവൾ ആശിച്ച ഒരു ചെറിയ മൂക്കുത്തി വാങ്ങിച്ചുകൊടുക്കാൻ പോലും ശേഷിയില്ലാതെ വന്നപ്പോൾ തന്റെ എല്ലാമായ 'ഹാർമോണിയം' വിൽക്കുവാൻ നിർബന്ധിതനാവുകയും അത് വിറ്റ പണം കൊണ്ട് മൂക്കുത്തി വാങ്ങി മകൾക്ക് നൽകി തന്റെ സങ്കടത്തിന്നറുതി വരുത്താൻ ശ്രമിക്കുന്നതുമായ ഭാഗം എത്ര കണ്ടാലാണ് മതി വരുക. ഇതിനുപുറമെ 'മീശ മാധവനി'ലെ അച്ചുതൻ നമ്പൂതിരി, 'കഥാനായകനി'ൽ കലാമണ്ഡലം കേശവന്റെ കൂടെ അദ്ദേഹത്തിന്റെ വിവാഹം കഴിക്കാത്ത ഭാര്യ സൗദാമിനിയെ കുറിച്ചുള്ള വിവരത്തിന്റെ സൂക്ഷിപ്പുകാരനായി ആ സിനിമ മുഴുവൻ നിറഞ്ഞുനിൽക്കുന്ന അഭിനയം. ഇവയെല്ലാം ഒടുവിലിന്റെ സിനിമാ ജീവിതത്തിലെ കഥാപാത്രങ്ങളിൽ ചിലത് മാത്രം. ചില രംഗങ്ങളിൽ വായയിൽ പഞ്ചപുച്ഛ മടക്കി നിൽക്കുന്ന തരത്തിൽ കൈ വെച്ച് കൊണ്ടുള്ള ചിരിയാണ് ഒടുവിലിന്റെ മാസ്റ്റർ പീസ്. 'സി. ഐ. ഡി. മൂസ'യിലെ 'മൂലംകുഴി പ്രഭാകരൻ' എന്ന റോളിൽ ഇത്തരം ചിരികൾ കുറേ കാണാൻ സാധിക്കും. മുസ്ലിം കഥാപാത്രമായും നല്ല പോലെ ശോഭിക്കാറുണ്ട്. 'അച്ചുവിന്റെ അമ്മ' (2005)യിലെ അബ്ദുള്ള, ഗ്രാമഫോണിലെ പാട്ടുസേഠ് എന്നിവ ഇതിന്നുദാഹരണങ്ങളാണ്. ഒരു ചെറുപുഞ്ചിരിയിലെ നായക പ്രാധാന്യമുള്ള കഥാപാത്രത്തെ എത്ര തന്മയത്വമായാണ് ഒടുവിൽ കൈകാര്യം ചെയ്തത്.

**അവാർഡുകൾ**

പ്രമുഖ ഹാസ്യനടന്മാരിൽ പലർക്കും മികച്ച സഹനടനുള്ള അവാർഡ് ലഭിക്കുക പതിവാണ്. കാരണം ഒരു ഹാസ്യനടന് ഏത് കഥാപാത്രത്തേയും തന്മയത്വമായി അവതരിപ്പിക്കാൻ കഴിയും എന്നത് തന്നെ. അടൂർ ഭാസി, സലിം കുമാർ, ജഗതി, സുരാജ് വെഞ്ഞാറമൂട് ഇവരെല്ലാം ഇതിന്നുദാഹരണങ്ങളാണ്. ഒടുവിലിന്റെ സിനിമാഭിനയത്തിന് കേരള സംസ്ഥാനഫിലിം അവാർഡ് മൂന്നു തവണ നൽകുകയുണ്ടായി. രണ്ട് തവണ നല്ല സ്വഭാവ നടനും, ഒരിക്കൽ നല്ല നടനുമുള്ള അവാർഡാണ് നൽകിയത്. 1995 അടൂരിന്റെ 'കഥാപുരുഷനി'ലേയും, 1996 ൽ സത്യൻ അന്തിക്കാടിന്റെ തൂവൽ കൊട്ടാരത്തിലേയും അഭിനയത്തെ മുൻനിർത്തിയായിരുന്നു സ്വഭാവനടന്റെ അവാർഡ് ലഭിച്ചത്. തുടർന്ന് 2002 ൽ അടൂരിന്റെ തന്നെ 'നിഴൽകൂത്ത്' എന്ന സിനിമയിലെ ആരാച്ചാരായ 'കാളിയപ്പന്റെ' ഭാഗം അനശ്വരമാക്കിയതിന് നല്ല നടനുള്ള അവാർഡും ഒടുവിലിനെ തേടിയെത്തി. ഇതിനുപുറമേ മറ്റനേകം അവാർഡുകളും കീർത്തിമുദ്രകളും ഒടുവിൽ സ്വന്തമാക്കിയിട്ടുണ്ട്.

സിനിമയോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശവും, അർപ്പണബോധവും, അവസാന കാലങ്ങളിൽ വൃക്ക തകരാറിലായി മുഖത്തും, കാലിലും നീര് വന്നിരുന്ന അവസ്ഥയിലും സമയാ സമയങ്ങളിൽ 'ഡയാലിസിസ്' നടത്തി അഭിനയം പൂർത്തീകരിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു ഒടുവിൽ. ഇതിന്നായി അദ്ദേഹം തൃശ്ശൂരും മലപ്പുറത്തും ചെന്നൈത്തുമായിരുന്നു. ഒടുവിൽ രോഗം മൂർച്ഛിച്ച് കോഴിക്കോട്ടെ ഒരു സ്വകാര്യ ആശുപത്രിയിൽ വെച്ച് 2006 മെയ് 27ന് ഇദ്ദേഹം മരണമടയുകയാണുണ്ടായത്.

മരണശേഷം ഇദ്ദേഹത്തിന്റെ കുടുംബം സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലാണെന്നൊക്കെയുള്ള പ്രചരണം ഉണ്ടായിരു


ന്നതായി ഒരു വാർത്ത വന്നിരുന്നു. പക്ഷെ ഈ വാർത്ത പിന്നീട് ഇദ്ദേഹത്തിന്റെ പത്നി പത്രസമ്മേളനം നടത്തി നിഷേധിച്ചതായും മനസ്സിലാക്കാൻ കഴിഞ്ഞു. ഒടുവിലിന്റെ സിനിമാജീവിതത്തെപ്പറ്റി ശ്രീദേവി. പി. അരവിന്ദ് തയ്യാറാക്കിയ ഡോക്യുമെന്ററി സിനിമയോടുള്ള ഇദ്ദേഹത്തിന്റെ അർപ്പണബോധത്തെ നല്ല പോലെ ചിത്രീകരിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. മലയാള സിനിമയുടെ ചരിത്രത്തിൽ, മൺമറഞ്ഞുപോയ പല നടന്മാരോടൊപ്പം ഒടുവിലിനേയും മലയാള സിനിമയെ സ്നേഹിക്കുന്ന ഏതൊരാളും നെഞ്ചിലേറ്റുമെന്ന കാര്യത്തിൽ സംശയമില്ല.

**കുറിപ്പ്**

കേരള സാംസ്കാരിക വകുപ്പ് മുൻകൈയ്യെടുത്ത് അമ്പതു ലക്ഷം രൂപ ചിലവിൽ കേരളശ്ശേരിയിൽ ഈ മഹാനടന് ഒരു സ്മാരകം നിർമ്മിക്കാൻ തീർച്ചയാക്കിയത് കേരളശ്ശേരി നിവാസികൾക്കും, കലസ്നേഹികളായ കേരളീയർക്കും സന്തോഷം തരുന്നൊരു കാര്യമാണ്.

## രണ്ടുകവിതകൾ

**ജാഫർ ചളിക്കോട്**
**8943012647**



## കുട/അച്ഛൻ

നിനക്കുവേണ്ടിയായിരുന്നല്ലൊ
ഞാനെപ്പോഴും റെഡിയായി
നിന്നത്.
വെയിലേൽക്കാതെയും
മഴനനയാതെയും
എന്നും നിന്നെ
ലക്ഷ്യസ്ഥാനത്തെത്തിച്ചിട്ടുണ്ട്.
എന്നിട്ടും
ഒരല്പം പഴകിയപ്പോൾ
നീ എന്നെ
കുപ്പത്തൊട്ടിയിലെറിഞ്ഞു
കളഞ്ഞല്ലോ...!

## പഞ്ചസാര/അമ്മ

നിന്റെ മധുരത്തിനായ്
സ്വയം അലിഞ്ഞില്ലാതാവുന്നു
ഞാൻ...





ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521

# പ്രതിരോധമരുന്നുകൾ ഹോമിയോപതിയിൽ

ഡെങ്കുപ്പനി, പകർച്ചപ്പനി ഇവയുടെ ആക്രമണം നടന്നുകൊണ്ടിരിക്കുന്ന സമയമാണ് ഇപ്പോൾ. കാലവർഷം ആരംഭിക്കുന്ന സമയങ്ങളിലാണ് ഇവയുടെ കാഠിന്യം കൂടുന്നത്. പ്രതിരോധ നടപടികൾ തുടങ്ങുന്നതും ഈ സമയത്തുതന്നെയാണ്. മലവിസർജ്ജനത്തിന് തോന്നുമ്പോൾ പറമ്പു തേടുക എന്ന പഴമൊഴിയെ സൂചിപ്പിക്കുന്ന രീതിയിലാണ് ഇപ്പോഴത്തെ പ്രതിരോധ നടപടികൾ തുടരുന്നത്. കാലവർഷം ആരംഭിക്കുന്നതിന് മാസങ്ങൾക്കുമുമ്പുതന്നെ പ്രതിരോധ മരുന്നുകളുടെ പ്രയോഗം തുടങ്ങിയിരിക്കണം. എങ്കിൽ മാത്രമേ രോഗാക്രമണങ്ങളിൽ നിന്ന് മോചനം നേടുവാൻ സാധിക്കയുള്ളൂ. പ്രതിരോധ മരുന്നുകളുടെ വിതരണം ശരിയായ രീതിയിൽ ആരംഭിച്ചതുതന്നെ ജൂൺ, ജൂലായ് മാസങ്ങളിലാണ്. ഈ സമയങ്ങളിൽ രോഗാക്രമണം മൂലം രോഗികൾ അവശനിലയിലായിക്കഴിഞ്ഞു. പ്രതിരോധ മരുന്നുകളുടെ വിതരണം, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിലായിരുന്നെങ്കിൽ ഈ വൈഷമ്യാവസ്ഥയിൽ നിന്ന് മോചനം നേടാമായിരുന്നു. ഡെങ്കുപനി, പകർച്ചപ്പനി ഇവയെ പ്രതിരോധിക്കുവാനുള്ള ഫലപ്രദമായ ഹോമിയോ മരുന്നുകൾ ഉണ്ടെന്നുള്ള വസ്തുത തെളിയിക്കപ്പെട്ടുകഴിഞ്ഞു. പനികൾക്കുള്ള പ്രതിരോധ ഹോമിയോ മരുന്നുകൾ ശരിയായ രീതിയിൽ ഉപയോഗിച്ചവർക്കാർക്കും രോഗങ്ങൾ പിടിപെട്ടിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. ആയുർവേദത്തിലും ഇതിനുള്ള പ്രതിരോധ മരുന്നുകൾ ലഭ്യമാണ് എന്നാണ് അറിയാൻ കഴിഞ്ഞത്.

രോഗം ആരംഭിച്ചതിന്നു ശേഷം ചികിത്സിക്കുന്നതിനുപകരം, രോഗം വരാതെ സൂക്ഷിക്കുന്നതല്ലെ അഭികാമ്യം. ശരീരത്തിലെ പ്രതിരോധശക്തി ക്ഷയിക്കുകയോ, ഇല്ലാതെ ആവയുകയോ ഉള്ള അവസ്ഥയിലാണ് സാംക്രമികരോഗങ്ങൾ പിടിപെടുന്നത്. രോഗത്തെ പ്രതിരോധിക്കുവാനുള്ള എല്ലാ സംവിധാനങ്ങളും നമ്മുടെ ശരീരത്തിൽ അടങ്ങീട്ടുണ്ട്. എന്നാൽ ഈ സംവിധാനത്തെ തിരസ്കരിച്ചുകൊണ്ടുള്ള ജീവിത ശൈലികളിലാണ് നാം അകപ്പെട്ടിട്ടുള്ളത്. അമിതവും, അനാവശ്യവുമായ മരുന്നുകളുടെ (Chemicals) പ്രയോഗം, മദ്യപാനം, പുകവലി മറ്റു ലഹരി സാധനങ്ങളുടെ ഉപയോഗം, പോഷകാഹാരങ്ങൾക്ക് പകരം വിരുദ്ധ ആഹാരം ഇവയെല്ലാം ഇപ്പോഴത്തെ ജീവിതശൈലികളിൽ പെടുത്താം.

ഡെങ്കുപനി ഒരു പ്രത്യേക തരം കൊതുകുകളിൽ നിന്നാണ് പകരുന്നത്. ഒരു കാലത്ത് ഈ പനി അത്ര അപകടമായിരുന്നില്ലെങ്കിലും ഇപ്പോൾ ഇത് വൈഷമ്യാവസ്ഥയിലേക്ക് നമ്മെ കൊണ്ടുപോകുന്നു. ഉയർന്ന താപനില, തലവേദന, ഛർദി, പേശിവേദന, സന്ധിവേദന, ചർമ്മത്തിലെ തടിപ്പുകൾ,

അസ്ഥികളിലെ വേദന ഇവയെല്ലാമാണ് ഡെങ്കുപനിക്കുള്ള സാധാരണ രോഗലക്ഷണങ്ങൾ. ഇതിന്നുള്ള മരുന്നുകൾ കഴിക്കുന്നതോടുകൂടി രോഗം ഭേദമാവുന്നതാണ് ഒന്നു രണ്ട് ആഴ്ചകൾക്കകം. എന്നാൽ രക്തസ്രാവത്തോടുകൂടിയുള്ള രോഗാവസ്ഥയിലേക്ക് കടക്കുമ്പോഴാണ് ഈ പനി അപകടാവസ്ഥയിലേക്ക് പ്രവേശിക്കുന്നത്. രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ അളവ് കുറഞ്ഞുവരുന്നതുമൂലം രക്തസ്രാവത്തിന്ന് സാധ്യതയേറുന്നു. പ്ലേറ്റ്ലെറ്റിന്റെ അളവ് കുറയുന്നത് ഇരുപത്തിനാലോ, നാൽപത്തിയെട്ടോ മണിക്കൂറുകൾക്കുള്ളിൽ, പൂർവ്വസ്ഥിതിയിലേക്ക് വരുന്നതായിരിക്കും സാധാരണ ഗതിയിൽ. ഇതിൽ വ്യതിയാനം വരുമ്പോൾ മാത്രമെ പ്ലേറ്റ്ലെറ്റ് പുനഃസ്ഥാപിക്കേണ്ട കാര്യത്തെപ്പറ്റി ചിന്തിക്കേണ്ട ആവശ്യം വരുന്നുള്ളു. ഒരു പക്ഷെ ഡെങ്കുപനിയോടുകൂടി മറ്റു ചില കാഠിന്യമുള്ള രോഗാക്രമണമായിരിക്കാം രോഗികൾക്ക് ജീവന് ഭീഷണി നേരിടുന്നത്.


കൊതുകുകളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് നൂറു ശതമാനം വിജയം കൈവരിക്കാൻ സാധ്യത വിരളമാണ്. ഇപ്പോഴത്തെ രീതിയിലുള്ള പുക പ്രയോഗം (Fogging) വലിയ ഗുണം ചെയ്യുകയില്ല. ഒരു ഭാഗത്ത് പുകപ്രയോഗം നടത്തിയാൽ കൊതുകുകൾ മറ്റുഭാഗങ്ങളിലേക്ക് രക്ഷപ്പെടാൻ സാധ്യതയേറെയാണ്. ഒരു ദിവസം എല്ലാ പ്രദേശങ്ങളിലും ഒരേ സമയത്ത് പുക പ്രയോഗം നടത്തിയാൽ മാത്രമെ കൊതുകുകളെ ഏറെക്കുറെ നശിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന്ന് പ്രായോഗിക ബുദ്ധിമുട്ട് ഏറെയായിരിക്കും. വീടുകളിൽ കൊതുകുതിരിയുടെ പ്രയോഗം ഗുണത്തെക്കാളേറെ ദോഷകരമാണ്. തിരിയുടെ പുക ശ്വസിക്കുന്നത് വിട്ടുമാറാത്ത ജലദോഷവും ശ്വാസകോശ സംബന്ധമായ പല അസുഖങ്ങൾക്കും കാരണമാകുന്നു. കൊതുകുവലയുടെ ഉപയോഗം ഏറെ ഗുണം ചെയ്യുന്നതായിരിക്കും.

സാംക്രമിക രോഗങ്ങൾ പിടിപെടുവാനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ട് പ്രതിരോധ മരുന്നുകൾ തക്ക സമയത്തുതന്നെ പ്രയോഗിച്ചിരിക്കണം. ഫലപ്രദമായ പ്രതിരോധ ഹോമിയോ മരുന്നുകൾ ഉള്ള വസ്തുത ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ഹോമിയോ ചികിത്സയെ സംബന്ധിച്ചുള്ള അറിവ് ഇപ്പോഴും ലഭിക്കാത്ത ധാരാളം ജനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഡെങ്കുപനിക്കുള്ള പ്രതിരോധ മരുന്നുകൾ ഹോമിയോപതിയിലുണ്ടെന്നും അത് ഹോമിയോ ആശുപത്രികളിൽ സൗജന്യമായി ലഭ്യമാണെന്നും എല്ലാവരും ഇത് കഴിച്ചിരിക്കണമെന്നുള്ള ബഹുമാനപ്പെട്ട പാലക്കാട് ജില്ല കലക്ടറുടെ സമയോചിത പത്രപ്രസ്താവന ഉൾക്കൊണ്ട് ധാരാളം പേർ പ്രതിരോധ മരുന്നുകൾ കഴിക്കുകയും അവർക്കെല്ലാം ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ടെന്നുള്ള കാര്യവും ശ്രദ്ധേയമാണ്. പ്രസ്തുത പ്രസ്താവനക്കുശേഷമാണ് ജനങ്ങൾക്ക് ഈ പ്രതിരോധ മരുന്നിനെ സംബന്ധിച്ചുള്ള അറിവ് ലഭിച്ചതും സർക്കാർ ഹോമിയോ ആശുപത്രികളിൽ നിന്ന് മരുന്ന് സൗജന്യമായി കൈപറ്റുകയും ചെയ്തത്. എന്നിൽ നിന്നു ധാരാളം പേർ സൗജന്യമായി പ്രതിരോധ മരുന്നുകൾ വാങ്ങിച്ചിട്ടുമുണ്ട്. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി അഭിപ്രായപ്പെട്ട ഒരു കാര്യം ഇവിടെ ചേർക്കുന്നു.

"Homeopathy cures a larger percentage of cases than any other form of treatment and is beyond doubt safer and more economical. Homoeopathy is the latest and refined method of treating patients economically and non-violently. Government must encourage and patronise it in our country."

ഈ ചികിത്സാ സംവിധാനത്തെ സംബന്ധിച്ചുള്ള ബോധവൽക്കരണം സർക്കാർ ഭാഗത്തുനിന്നും ഉണ്ടാവണം. സർക്കാർ ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ ഇവയെല്ലാം ഇരകളെ പിടിക്കുന്ന വൻ സ്രാവുകളായി മാറിയിരിക്കുകയാണ് ഈയിടെയായി. ധാർമ്മികതയെ ചൂഷണം ചെയ്യുന്ന പാതകളിലാണ് നാം ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. എന്തുവന്നാലും സഹിക്കുക, അനുഭവിക്കുക, കഷ്ടപ്പെടുക എന്നീ ദുരവസ്ഥകൾ കൈവെടിഞ്ഞ്, അധമപ്രവൃത്തികൾക്കെതിരായുള്ള പരിഹാരമാർഗ്ഗങ്ങൾ നാം തന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു ഒട്ടും വൈകാതെ. ●

**■ കഥ**



**ടി. വി. ഹരികുമാർ**
**9446118387**

# കവിയരങ്ങ്

ഗ്രാമപ്രദേശത്തെ എൽ. പി. സ്കൂളിൽ വാർഷികത്തോടനുബന്ധിച്ച് കവിയരങ്ങ് നടത്താമെന്ന് സംഘാടകർ തീരുമാനിച്ചു. നാട്ടിലെ അറിയപ്പെടുന്ന കവികളെല്ലാം സ്റ്റേജിലണിനിരന്നു. ഗ്രാമത്തിനുവെളിയിലും അറിയപ്പെടുന്ന കവി തന്റെ പ്രശസ്തി ഊന്നിപ്പറഞ്ഞുകൊണ്ട് ചടങ്ങ് ഉദ്ഘാടനം ചെയ്തു. തുടർന്ന് കണ്ണുമിഴിച്ചിരിക്കുന്ന കുരുന്നുകളുടെ മുന്നിൽ സ്ത്രീപീഡനം, ഭവനഭേദനം കള്ളക്കടത്ത് തുടങ്ങിയ വിഷയങ്ങളിൽ തങ്ങൾ ചമച്ച കാവ്യകല്ലോലിനി വേദിയിലൊഴുക്കുവാൻ കവികൾ മത്സരിച്ചു. കവിയരങ്ങ് തീർന്നപ്പോൾ ഉറങ്ങിത്തളർന്ന കുഞ്ഞുങ്ങളെ തോളിലിട്ടുകൊണ്ട് രക്ഷിതാക്കൾ നടന്നു. താരാട്ടുപാടാതെയും കുഞ്ഞുങ്ങളെ ഉറക്കാമെന്നറിഞ്ഞപ്പോൾ രക്ഷിതാക്കൾ ആശ്ചര്യത്തോടെ പോകുന്ന വഴി വേദിയിലേക്ക് നോക്കാൻ മറന്നില്ല.

# സത്യം

സംശയരോഗിയായ ഭർത്താവ് പുറത്തുപോയിവരുമ്പോൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഭാര്യ മറുപടി പറയുമ്പോൾ ഉത്തരത്തിലിരുന്ന് ഒരു പല്ലി ചിലക്കും. ഭാര്യ സത്യമെന്ന് വിളിച്ചുപറയുകയും ചെയ്യും. ഒടുക്കം ഒരുദിനം അയാൾ ആ പല്ലിയെ തല്ലി താഴെയിട്ടു. ഇപ്പോൾ സത്യം സ്ഥാപിക്കാനാരുമില്ലാതെ വീട് വിഷമിച്ചു. ●

**പ്രിയപ്പെട്ടവർ മരിച്ചാലും മരിക്കുന്നില്ല – നാം അവരെ വിസ്മരിക്കുംവരെ**

– ജോർജ്ജ് എലിയറ്റ് –

# ജൈവ കൃഷി രീതികൾ

ബാലകൃഷ്ണ മേനോൻ
9447838491

ഭാഗം – 2

## മിത്ര കുമിൾ മിശ്രിതങ്ങൾ

### സ്യൂഡോമോണാസ്

മിത്രകുമിൾ - മണ്ണുത്തി ബയോ കൺട്രോൾ ലാബിൽ നിന്നും ലഭിക്കും. സ്യൂഡോമോണാസ് ഫ്ളറസൻസാ വിവിധ വിളകളിലെ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും, രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കാനും സഹായിക്കും എന്നുമാത്രമല്ല ചെടികളുടെ വളർച്ച കൂട്ടാനും സഹായിക്കും. ഇത് ദ്രാവക രൂപത്തിലും ലഭ്യമാണ്.

10 ഗ്രാം ഒരു കിലോ വിത്തിനുപയോഗിക്കാം. നനച്ചു വിത്തുമായി നേരിട്ട് 12-14 മണിക്കൂർ ചാക്കിൽ കെട്ടി സൂക്ഷിക്കുക. അല്ലെങ്കിൽ വിത്തിടുന്ന വെള്ളത്തിൽ കലക്കി 10-12 മണിക്കൂർ വയ്ക്കുക.

ഇലകളിൽ, ചെടികളിൽ തളിക്കാൻ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അരിച്ചുതളിക്കുക. 30 മിനിറ്റ് വാഴക്കന്നുകൾ ഈ ലായനിയിൽ മുക്കിയശേഷം നടുക.

### ബിവേറിയ ബാസിയാന

ഇത് ഒരു മിത്രകുമിളാണ്. വണ്ട്, ചാഴി, പുഴുക്കൾ മുതലായവ നശിപ്പിക്കും. പൊടി രൂപത്തിൽ ഇത് ലഭ്യമാണ്.

20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ചെടികളിൽ സ്പ്രേ ചെയ്യുക. 10 ഗ്രാം ശർക്കര 5 മില്ലി വെജിറ്റബിൾ എണ്ണയും ഇതിൽ ചേർക്കുക.

### വെർട്ടിസിലയം ലെക്കാനി

ഇത് കീടനിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന മിത്രകുമിളാണ്. പപ്പായ മിലി മുട്ടക്കെതിരെ ഈ കുമിൾ ഫലപ്രദമാണ്.

20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ആവണക്കെണ്ണ 5 മില്ലി കൂടി ചേർത്ത് 10 ഗ്രാം ശർക്കരയും ചേർത്ത് ഉപയോഗിക്കുക.

10 ദിവസം ഇടവിട്ട് മരുന്നുതളി ആവർത്തിക്കുക. ഇത് ഇലതീനി പുഴുക്കളും, നീരൂറ്റികുടിക്കുന്ന എഫിഡുകളും മുഞ്ഞകളും നിയന്ത്രിക്കാം.

### ജൈവ കീടനാശിനികളും തയ്യാറാക്കുന്ന വിധവും

1. പുകയില കഷായം - മുഞ്ഞ, മിലിമൂട്ട, ശൽക്കകീടം തുടങ്ങിയ മൃദുലശരീരികളായ കീടങ്ങളെ നിയന്ത്രിക്കാൻ ഇത് ഉപയോഗിക്കാം.

അരക്കിലോ പുകയില ചെറുതായി അരിഞ്ഞ് നാലര ലിറ്റർ വെള്ളത്തിൽ കുതിർത്ത് നന്നായി തിളപ്പിച്ച് ഒരു ദിവസം വയ്ക്കണം. അതിനുശേഷം പുകയില കഷണങ്ങൾ പിഴിഞ്ഞ് ചണ്ടി മാറ്റുക. 120 ഗ്രാം ബാർ സോപ്പ് ചെറിയ കഷണങ്ങളാക്കി അര ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച പുകയില കഷായവുമായി ചേർത്ത് തളിക്കുക. 7-8 ഇരട്ടി വെള്ളം ചേർത്താണ് ഈ ലായനി ഉപയോഗിക്കേണ്ടത്.

2. കഞ്ഞിവെള്ളം - നീരൂറ്റി കുടിക്കുന്ന പ്രാണികളായ മില്ലി മൂട്ട, മണ്ഡരി തുടങ്ങിയവ കഞ്ഞിവെള്ളം തണുത്തശേഷം അരിച്ചെടുത്ത് ഇലകളുടെ അടിയിൽ തളിച്ചാൽ അവ നശിച്ചുപോകും. 10 ദിവസം ഇടവിട്ടു ഈ പ്രയോഗം തുടരുന്നതു നല്ലതാണ്. പഴങ്കഞ്ഞിയാണ് നല്ലത്.

3. പെരുവലസത്ത് - ശൽക്കകീടങ്ങൾ, ഇലച്ചാടികൾ, മില്ലിമൂട്ടകൾ എന്നിവയ്ക്കെതിരെ പ്രയോഗിക്കാൻ പെരുവലത്തിന്റെ പൂവും ഇലയും നന്നായി അരച്ച് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അരിച്ചെടുത്ത് ഉപയോഗിക്കാം.

4. വേപ്പിൻകുരുസത്ത് - 10 ഗ്രാം വേപ്പിൻകുരു പൊടിച്ച് തുണിക്കിഴി കെട്ടി 12 മണിക്കൂർ സമയം 10 ലിറ്റർ വെള്ളത്തിൽ മുക്കിവയ്ക്കുക. പിന്നീട് കിഴി പിഴിഞ്ഞ് ലായനി ചെടികളിൽ തളിയ്ക്കാം. ഇവ ഇലതീനി പുഴുക്കൾ, തുള്ളൻ കായ്തുരപ്പൻ എന്നിവയ്ക്കെതിരെ ഉപയോഗിക്കാം.

5. നാറ്റപ്പൂച്ചെടി എമൾഷൻ - മുഞ്ഞയ്ക്കെതിരെ വളരെ ഫലപ്രദമാണ്. നാറ്റപ്പൂച്ചെടിയുടെ ഇളം തണ്ടും ഇലകളും ശേഖരിച്ചു നീരെടുക്കുക. 60 ഗ്രാം ബാർ സോപ്പ് അരലിറ്റർ വെള്ളത്തിൽ ലയിപ്പിക്കുക. നാറ്റപ്പൂച്ചെടിയുടെ ഒരു ലിറ്റർ നീരുമായി 10 ഇരട്ടി വെള്ളം ചേർത്ത് ഉപയോഗിക്കുക.

6. കിരിയാത്ത് എമൾഷൻ - കിരിയാത്തിന്റെ ഇലയും തണ്ടും ചതച്ച് ഒരു ലിറ്റർ നീരെടുക്കുക. അര ലിറ്റർ വെള്ളത്തിൽ 60 ഗ്രാം ബാർ സോപ്പ് ചൂടാക്കി ലയിപ്പിച്ചു തണുപ്പിച്ച ഒരു ലിറ്റർ കിരിയാത്ത് നീരുമായി ചേർത്തിളക്കുക. ഇതിൽ 250 ഗ്രാം വെളുത്തുള്ളി അരച്ച് നീരെടുത്ത് അരിച്ചു ചേർക്കുക. 15 ലിറ്റർ വെള്ളം ചേർക്കുക. നീരൂറ്റി കുടിക്കുന്ന വെള്ളീ, മില്ലിമൂട്ട ഇലടപ്പൻ എന്നിവയ്ക്കെതിരെ ഉപയോഗിക്കാം.

7. ഗോമൂത്രം കാന്താരിമുളക് മിശ്രിതം

ഒരു ലിറ്റർ ഗോമൂത്രം 10 ലിറ്റർ വെള്ളത്തിൽ കലക്കി അതിൽ 20 ഗ്രാം കാന്താരിമുളക് അരച്ചു ചേർത്ത് സോപ്പ് ചേർത്ത് തളിച്ചാൽ പച്ചക്കറി കൃഷിയിലെ പുഴുക്കളെ നിയന്ത്രിക്കാം.

8. തുളസിക്കെണി

ഒരുപിടി തുളസിയില അരച്ചെടുത്ത് ഒരു ചിരട്ടയിൽ ഇട്ടശേഷം ഉണങ്ങാതിരിക്കാൻ കുറച്ചു വെള്ളം ചേർക്കുക. ഇതിൽ 10 ഗ്രാം ശർക്കരപ്പൊടി ചേർത്ത് ഒരുനുള്ള് കീടനാശിനിയും ചേർത്ത് തളിക്കുക. മാവിന്റെ കായീച്ചയെ ഇതുകൊണ്ട് നിയന്ത്രിക്കാം.

9. മോര്

1 ലിറ്റർ പുളിച്ച മോരിൽ 20 ലിറ്റർ വെള്ളത്തിൽ കലർത്തി ചെടികളിൽ തളിച്ചാൽ കുമിൾ രോഗങ്ങൾ പ്രതിരോധിക്കാം.

10. വേപ്പെണ്ണ എമൾഷൻ

തുള്ളൽ, ഷുദ്രകീടം, മുഞ്ഞ തുടങ്ങിയവക്കെതിരെ ഇതുപയോഗിക്കാം. 60 ഗ്രാം ബാർസോപ്പ് അരലിറ്റർ വെള്ളത്തിൽ ലയിപ്പിക്കുക. ഇത് ഒരു ലിറ്റർ വേപ്പെണ്ണ ലായനിയുമായി ചേർക്കുക. ●

■കഥ



# താന്തോന്നി

മഞ്ജുകൃഷ്ണ കോങ്ങാട്
8075843286

ഞാനിപ്പോഴും അവിവാഹിതനായി തുടരുന്നതിൽ ദെണ്ണം മുഴുവനും നാട്ടുകാർക്കാണ്. താന്തോന്നിയും, ധിക്കാരിയും, തെമ്മാടിയും, പിശുക്കനും, ആരുമായി ചേരാത്തവനെന്നും എന്തിനേറെ എന്റെ പൗരുഷത്തെ വരെ അവര് ചോദ്യം ചെയ്ത് പല കഥകളും മെനഞ്ഞെടുത്തു.


അങ്ങനെ ബോറടിച്ച് നടക്കുമ്പോഴാണ്, പുതിയ ഒരു മേച്ചിൽ പുറമെന്നോണം 'ഫേസ് ബുക്കിൽ അക്കൗണ്ട്' തുടങ്ങീത്. ആദ്യമൊക്കെ നല്ല രസായിരുന്നു. പിന്നെ പിന്നെ ആ രസച്ചരടുകൾ പൊട്ടാൻ തുടങ്ങി. നാട്ടിൽ കണ്ട് മടുത്ത മോശമായ ഇടപാടുകളൊക്കെ അതിലുമുണ്ടെന്നേ. ഫ്രണ്ട് ആവാനും, ലൈക്ക് അടിക്കാനും, ഷെയറ് ചെയ്യാനും അവന്റെ മതവും ജാതിയും, നിറവും, കുലവും, തരവും നോക്കുന്ന നെറികെട്ട സമ്പ്രദായം.

ധാർഷ്ട്യത്തിന്റെയും, പൊങ്ങച്ചത്തിന്റെയും, അഹങ്കാരത്തിന്റെയും പടുകുഴിയിലേക്ക് കാലിടറി വീണ് കൊണ്ടിരിക്കുന്നവരോട് ഒരു വാക്ക് "ഈ നിമിഷം മാത്രമേ നമുക്ക് സത്യമായുള്ളൂ. ബാക്കിയെല്ലാം വെറും മിഥ്യ. അനീതി കണ്ടാലതിനെതിരെ പ്രതികരിക്കുന്ന എന്നെ നിങ്ങൾ 'താന്തോന്നി' എന്ന് വിളിക്കുന്നുണ്ടെങ്കിൽ എനിക്കത് പെരുത്ത് ഇഷ്ടാണ്. ഞാനിങ്ങനെ ഒരൊറ്റയാനായി വിലസും."

●

ഓട്ടൻതുള്ളലിന്റെ പരമാചാര്യൻ
**കുഞ്ചൻനമ്പ്യാരെ കുറിച്ച്**
സമഗ്രമായ ഒരു പഠനം
അടുത്ത ലക്കം
ഏക തത്ത്വയിൽ
ശ്രീ. എടത്തറ ജയൻ
എഴുതുന്നു

■കവിത



ആർ. കെ. വള്ളിച്ചിറ
9496161911

# മാവേലി കണ്ട കേരളം

മാവേലിനാടിൻ മധുരിമയിൽ
മാമലനാട്ടിലിന്നോണമെത്തി
മധുമാസമിങ്ങു സമാഗതമായ്
മലയാളികൾക്കു മനം തെളിഞ്ഞു.
കേരളനാടിൻവിശേഷമെല്ലാം
കണ്ടുകണ്ടിങ്ങുമനംകുളിർത്ത്
കൈരളീമക്കളൊത്തോണമുണ്ണാൻ
മാവേലിയെത്തി പ്രതീക്ഷയോടെ.
പണ്ടുപ്രജാക്ഷേമതല്പരനായ്
നീണ്ടൊരുകാലം ഭരിച്ചനാട്ടിൽ
ഉണ്ടായ മാറ്റമതെത്രയെന്ന്
കണ്ടിടാൻ മാവേലിയെത്തിനോക്കി.
നാട്ടുകാരെല്ലാം പനിപിടിച്ച്
വീട്ടുകാരൊത്തുകിടപ്പിലായി
കേട്ടിടാം ഡങ്കിപ്പനിയിവിടെ
നാട്ടിലെല്ലാർക്കും മരണഭീതി.
പരിസരമെല്ലാം മലീമസമായ്
പരിസ്ഥിതിയേറെയപകടത്തിൽ
പനിപരത്തുന്ന കൊതുകുകളാൽ
പകലുമിരവുമിന്നൊന്നുപോലെ.
ആതുരശുശ്രൂഷചെയ്തിടേണ്ടോർ
ആകെയിന്നെല്ലാം പണിമുടക്കിൽ
പണിയേറെച്ചെയ്യുമിവർക്കിവിടെ
പണമതിനായിക്കൊടുപ്പതില്ല.
മണിമണിയായിപ്പറഞ്ഞുവാങ്ങാൻ
തുണയായിവിടെപ്പലരുമുണ്ട്.
കരുണയോടുള്ളോരസ്സേവനങ്ങൾ
കണികാണാനില്ലയിക്കേരളത്തിൽ
ഗുണമേറെയുള്ള മദർതെരേസ
തുണയായിവീണ്ടും ജനിച്ചിടുമോ ?
ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി
ഭാസുരമായി വിളങ്ങിനിന്ന
ഭാരതസംസ്ക്കാരഭാജനങ്ങൾ
ഭയമോടെയിന്നുവസിച്ചിടുന്നു.
പെരുവഴിതന്നിലനാഥരായി
ചാരിത്ര്യം പിച്ചിപ്പറിച്ചിവിടെ
പരിഹാസിതരാമിവർക്കുവേണ്ടി
പരിതപിച്ചീടാനുമാരുമില്ല.

സൗമ്യ, ജിഷമാരനേകമിന്ന്
കശ്മലന്മാരാൽ നശിച്ചിവിടെ
സാമ്യതയുള്ളോരനേകകേസ്സ്
കാമ്യമല്ലാതെയും തീർത്തിവിടെ.
പീഡനക്കേസിങ്ങനേകമായി
നാടിതിലെല്ലാം നടത്തിടുന്നു.
നാടിനുനാണക്കേടായിടുന്ന
കാടത്തമിങ്ങു നടന്നിടുന്നു.
പീഡനക്കേസിനു പ്രായമില്ല
പീഡിതരാകുവോർ ബാലകരും
പ്രായം കഴിഞ്ഞ വയോധികരും
പാപികൾക്കെന്തൊരു പ്രായഭേദം !
സിനിമതൻ മായാവനികയിലെ
മാന്യകലാകാരന്മാരവർതൻ
മാന്യതവിട്ടതിമോശമായി
ശൂന്യമാകുന്നൊരു കാഴ്ച കാണാം.
അഴിമതിയിവിടിങ്ങകത്തളത്തിൽ
അടിമുടിയാടിത്തിമർത്തിടുന്നു.
അതികേമന്മാരാകും മന്ത്രിമാരും
അറനിറയ്ക്കുന്നിങ്ങനേകകോടി.
വെട്ടിമരിക്കുന്നു പാർട്ടിതമ്മിൽ
ഒട്ടും മനുഷ്യത്വമേശിടാതെ
വെട്ടുവാൻ വാളുമായോടിയെത്തി
വെട്ടിവീഴ്ത്തീടുന്നു സോദരങ്ങൾ.
ഓണവിഭവത്തിൻ സാധനങ്ങൾ
വിപണിയിൽ തീവിലയായുയർന്നു
കാണം വിറ്റാൽപ്പോലുമോണമുണ്ണാൻ
പണിയിന്നിവിടെ നടപ്പതില്ല.
"മതി, മതി കേട്ടതതീവഘോരം
മലയാളിയിന്നിങ്ങധഃപതിച്ചോ ?
മനുഷ്യാധമന്മാർ നിറഞ്ഞിടുന്ന
മലയാളക്കരയിലിനിവരില്ല."
ഓണമുണ്ണാനായ്ക്കൊതിച്ചുവന്ന
മാവേലിയുണ്ണാതെ നാടുവിട്ടു
"മാനവചിത്തമുരുകി ശുദ്ധ-
മായിടും കാലം ഞാനെത്തിടാമേ."

■ സ്മരണ

# പുത്രദുഃഖമേകാത്തവൻ



**മുരളീധർ കൊല്ലത്ത്**
**9387475851**

**ഇ**ന്ന്, 04-08-2017 അമ്മയുടെ ആണ്ടാണ്. അമ്മയില്ലാതെ ഒരു കൊല്ലം. അരിയും തുളസിക്കതിരും മാറോടു ചേർത്തുപിടിച്ച് പ്രാർത്ഥിച്ച് എന്റെ നിറുകയിൽ ഓരോ പിറന്നാളിനും വിതറി ചിരിച്ചെത്തുവാൻ അമ്മയ്ക്കിനി കഴിയില്ല. എന്റെ ബാല്യകൗമാരങ്ങൾക്കൊപ്പം നീണ്ട 82 വർഷക്കാലം അമ്മ കൂടെയുണ്ടായിരുന്നു. അമ്മ കോരിത്തന്ന അങ്കിയുടെ മണം എന്റെ ചുണ്ടുകളിൽ മാത്രമല്ല ജീവിതത്തിലുടനീളം നിറച്ചുതന്നിട്ടാണമ്മ പടിയിറങ്ങിയത്. ദാരിദ്ര്യത്തിന്റെ പടവുകളായിരുന്നു അമ്മ താണ്ടിയതിലധികവും. തീരാവേദനയുടേയും കഷ്ടപ്പാടിന്റേയും നടുവിൽ വീർപ്പുമുട്ടിയപ്പോഴൊക്കെ ആ പാവം പിടിച്ചുനിന്നത് നല്ല കാലം എപ്പോഴെങ്കിലും വരുമെന്ന് വിചാരിച്ചതുകൊണ്ടുതന്നെ. ഇപ്പഴും സ്വപ്നത്തിൽ വന്നെന്നെ കെട്ടിപ്പിടിയ്ക്കാറുണ്ട് ആ വാത്സല്യനിധി. നിറയെ സ്നേഹപ്പൂക്കൾ വാരി വർഷിയ്ക്കാറുമുണ്ട്. അമ്മയെ നഷ്ടപ്പെട്ട ഒരനാഥന്റെ ഹൃദയവേദന അമ്മയുള്ളവർക്കറിയില്ല. അതറിയണമെങ്കിൽ മരണം മാതാപിതാക്കളെ കീഴ്പ്പെടുത്തണം. എനിയ്ക്ക് ദുഃഖമില്ല. കാരണം ഞാൻ പുത്രദുഃഖം അമ്മയ്ക്കേകിയില്ലല്ലോ. ഞാൻ വിതുമ്പുന്നത് കാണാൻ അമ്മയ്ക്കാകില്ല. ജീവിച്ചിരിയ്ക്കുമ്പോഴും മരിച്ചപ്പോഴും അമ്മ എന്നെ കരയിക്കാൻ ശ്രമിച്ചില്ല. അത്രയ്ക്കിഷ്ടമായിരുന്നു എന്നെ എന്ന് ഞാൻ അടുത്തിടെ കണ്ട ഒരു സ്വപ്നം സാക്ഷ്യപ്പെടുത്തുക കൂടി ചെയ്തു. അതിങ്ങിനെയാണ്, എന്നോട് കൈചൂണ്ടി അമ്മ എന്തെല്ലാമോ സംസാരിയ്ക്കുന്നു. അതു കഴിഞ്ഞ് എന്റെ അനുജനോട് തട്ടിക്കയറുന്നു. പിന്നെ വളരെ ശാന്തയായി അരിയും നെല്ലുമിട്ട വട്ടത്തിൽ അമ്മ കിടക്കുന്നു. തലയ്ക്കലും കാൽ ഭാഗത്തും നാളികേരത്തിരി കത്തുന്നു. ദുഃഖം സഹിയ്ക്കാനാവാതെ അമ്മയുടെ തലഭാഗത്ത് ഇരുന്ന് ഞാൻ തേങ്ങുകയാണ്. പെട്ടെന്ന് ചുറ്റുമിട്ടിരിയ്ക്കുന്ന നെല്ലുമരിയും തട്ടിമാറ്റാതെ കത്തുന്ന വിളക്കണയ്ക്കാതെ ഓടി വന്നെന്നെ മാറോട് ചേർത്ത് പറയുകയാണ്. അമ്മ ഒപ്പമുണ്ട് അമ്മ ഒപ്പമുണ്ട് എന്ന്. അഞ്ചാറുപ്രാവശ്യം ഇങ്ങനെ പറഞ്ഞ് മൂർദ്ധാവിലൊരു മുത്തവും തന്ന് ഇനി അമ്മ പോട്ടെ കുട്ടാ എന്ന് പറഞ്ഞ് വീണ്ടും പഴയ പടി പോയി കിടക്കുന്നു. രാത്രിയുടെ ഏകാന്തതയിൽ ഞാൻ കണ്ട സ്വപ്നത്തെക്കുറിച്ച് ചെറിയമ്മയോട് പറഞ്ഞപ്പോൾ ആണ്ടാവാറായില്ലേ, അമ്മ മകനെ ഓർമ്മിപ്പിച്ചതാവാം എന്ന് സമാധാനിപ്പിച്ചു. എത്ര സങ്കടക്കടലുകൾ താണ്ടിയാലും അമ്മ വന്ന് മോനെ എന്ന് വിളിച്ചാൽ തീരാവുന്ന ദുഃഖങ്ങളേ ഈ ലോകത്തുള്ളൂ. എന്റെ അമ്മ മരിച്ചിട്ടില്ല. മക്കളെ അതിരറ്റ് സ്നേഹിച്ച അമ്മമാരെ മുഴുവൻ ദൈവം വേഗം കൂട്ടിക്കൊണ്ടുപോവും. ദേവീദേവന്മാർക്കസൂയ തോന്നിക്കൊണ്ടു പോയതാ. ദേവഗണങ്ങളെ, ഈ മകനും മരിയ്ക്കും. അന്ന് വരും ഞാൻ. എന്നിട്ട് ചോദിയ്ക്കും - എന്റെയമ്മയെവിടെയുണ്ടെന്ന്. ശുഭ്രവസ്ത്രധാരിയായി ചിരിച്ചുനില്ക്കുന്നൊരമ്മയെ തിരിച്ചുതരണമന്നെനിയ്ക്ക്. അതുവരെ അമ്മ ചവിട്ടി നടന്ന ഈ ധരണിയെ ഞാൻ സ്നേഹിച്ചോളാം. അതുവരെ ഞാനീ നിളയിൽ ബലിയൂട്ടിക്കോളാം. ബ്രഹ്മക്ഷേത്രത്തേയും വിഷ്ണുക്ഷേത്രത്തേയും നോക്കി പ്രാർത്ഥിച്ചോളാം. എന്റെ എന്റെ മാത്രം അമ്മയ്ക്കായി.

●

**എണ്ണയും തിരിയും**
**വൃത്തിയുള്ളതാകുമ്പോൾ ദീപം**
**നന്നായി പ്രകാശിക്കുന്നു**

- ഓവിഡ് -

■ കഥ



# ഭയം

കടാതി ഷാജി
9497791589

**കാ**ല്യാണം കഴിഞ്ഞ് ഏറെക്കാലം കഴിഞ്ഞിട്ടും ഒരമ്മയാകാനുള്ള ഭാഗ്യം അവൾക്കുണ്ടായില്ല. ചികിത്സയും പ്രാർത്ഥനയും വഴിപാടും നടത്തി കാലം കടന്നുപൊയ്ക്കൊണ്ടിരുന്നു.

ഒരു പുഷ്പം വിടരും. ഒരു പ്രഭാതം ജനിക്കും. സുഗന്ധവും പ്രകാശവും തന്റെ ജീവിതത്തിലും നിറയും. പ്രസന്നയായി, പ്രകാശവതിയായി അവൾ എങ്ങും ഒരു പക്ഷിയെ പോലെ പറന്നുനടന്നു.

ഒരുദിവസം പ്രാർത്ഥനയ്ക്കുശേഷം അവൾ ഉറക്കത്തിന്റെ ആഴങ്ങളിൽ വിശ്രമിക്കുകയായിരുന്നു. പൊടുന്നനെ ആരോ വിളിക്കുന്നതുപോലെ.

"ആരാണ് ?"

"കാലസ്വരൂപം"

"എന്തിയേ ?"

"നിന്റെ പ്രാർത്ഥന നാം അറിയുന്നു. പറയൂ നിനക്ക് ആൺകുട്ടി വേണോ പെൺകുട്ടി വേണോ ?"

"ഒരു കുഞ്ഞുമതി"

"ഒരാൺകുട്ടിയെ ഗർഭം ധരിച്ചു പ്രസവിച്ചു വളർത്തൂ."

"അങ്ങയുടെ ഇഷ്ടം."

"പറയട്ടെ അവൻ നന്നായി കറുത്തവനായിരിക്കും. സുന്ദരനും !"

പെട്ടെന്ന് അവൾ പറഞ്ഞു- "പ്രസവിക്കാത്തതിന്റെ ദുഃഖം കാലാന്തരത്തിൽ തീരും. അതുപോലെ അല്ല."

"നീയെന്താണ് പറഞ്ഞുവരുന്നത് ?"

"സത്യം. കറുത്ത ഒരാൺകുട്ടിയുടെ അമ്മ ജീവിതകാലം മുഴുവൻ തീ തിന്നു ജീവിക്കണം. കറുത്തവൻ എന്നൊരൊറ്റ കാരണം മതി. അവനെ... വേണ്ട... ഞാനിങ്ങനെ..."

അവൾ ഭയത്തിന്റെ കറുത്ത മഹാതുരുത്തിലേക്ക് സ്വയം വലിച്ചെറിയപ്പെട്ടു. ചുറ്റിനും ഭയത്തിന്റെ തുരുത്ത് രൂപപ്പെടുന്നത് അവൾ അറിഞ്ഞു.

●



**അരവിന്ദൻ**
9745935385

# ഗുരുവായൂർ യാത്ര

നേരത്തേ ഉണർന്നു. കുളിച്ചു. ഒരു കപ്പ് വെറും കാപ്പിയും റവ കൊണ്ട് ഉപ്പുമാവും ഉണ്ടാക്കി കഴിച്ചു. പുറപ്പെട്ടു. പുറപ്പെടുകയെന്നാൽ ചുറ്റിയ വെള്ള മുണ്ടിന് പുറമെ ഒരു വെള്ള ഷർട്ടിട്ടുവെന്നർത്ഥം. കുറേക്കാലമായി വെള്ള വസ്ത്രമേ ധരിക്കാറുള്ളൂ. വള്ളി പൊട്ടിയ ചെരുപ്പ് ഒരു മൂലക്കിട്ട് വെറും കാലിൽ പുറത്തിറങ്ങി. വീടടച്ചു പൂട്ടാനും തോൾസഞ്ചിയെടുക്കാനും മറക്കാറില്ല. എത്രയോ കാലമായി അതൊരു ശീലമാണ്.

കുറേയായി ഗുരുവായൂരിൽ പോയിട്ട്. പല കാരണങ്ങൾ കൊണ്ടത് നീണ്ടു നീണ്ടുപോയി. എന്തെങ്കിലും മുടക്കം വരും. ഭഗവാൻ പരീക്ഷിക്കുകയാവും. ഇത്രയും അടുത്ത് താമസിച്ചിട്ടും വന്നു തൊഴാൻ സമയം കിട്ടാത്തത് കല്പിച്ചുകൂട്ടിയാണെന്ന് ധരിച്ചിരിക്കും...

ഇന്നെന്തായാലും പോകണം. ഇനിയും നീട്ടിപ്പോയാൽ ചിലപ്പോൾ ഒരിക്കലും പോകാൻ പറ്റാത്ത സ്ഥിതി ആയാലോ ? മെയിൻ റോഡിലെത്തിയതും ബസ് കിട്ടി. മാത്രമല്ല ഇരിക്കാൻ സ്ഥലവും. ശകുനം നല്ലതാണെന്ന് കണക്കുകൂട്ടി. അമ്പലത്തിലും വലിയ ലൈൻ കൂടാതെ രക്ഷപ്പെട്ടാൽ ഭാഗ്യം. ചാഞ്ഞും ചരിഞ്ഞും ഇടക്കിടെ നിന്നും നിരങ്ങിയും ഓടുന്ന ബസ്സിന്റെ പുറം ഭാഗം ദൃശ്യങ്ങളിൽ കണ്ണുകൾ നട്ടുകൊണ്ടിരിക്കുമ്പോഴാണ് കണ്ടക്ടറുടെ പരുക്കൻ ശബ്ദം കേട്ടത്, "ടിക്കറ്റ് ടിക്കറ്റ്".

അയാൾ കീശയിൽ ബസ് ചാർജ്ജിനായി പ്രത്യേകം മാറ്റിവെച്ച പണമെടുത്ത് നീട്ടി. ടിക്കറ്റെടുത്തവരേയും അല്ലാത്തവരേയും എങ്ങിനെ കണ്ടക്ടർക്ക് തിരിച്ചറിയാൻ കഴിയുന്നു എന്നത് റിസർച്ച് ചെയ്യേണ്ട വിഷയമാണ്. അയാൾ മുൻഭാഗത്തുനിന്ന് പിന്നോട്ടും പിന്നിൽ നിന്ന് മുന്നോട്ടും ഇടക്കിടെ നടക്കുന്നു. അതിനിടയിൽ ടിക്കറ്റെടുക്കാത്തവരെ കണ്ടെത്തി പണം ശേഖരിക്കുന്നു. സമർത്ഥൻ !

ശ്രദ്ധ വീണ്ടും വരണ്ടു വിണ്ടു കിടക്കുന്ന നെൽപ്പാടങ്ങളിലേക്കും മണ്ണെടുത്ത് ഗർത്തങ്ങളായ കുന്നുകളിലേക്കും വെണ്ണക്കൽ നിർമ്മിതങ്ങളായ കൂറ്റൻ കെട്ടിടങ്ങളിലേക്കും ഇടതടവില്ലാതെ കുതിച്ചോടുന്ന വാഹനങ്ങളിലേക്കും പതിച്ചു... നാടാകെ മാറിയിരിക്കുന്നു. തന്റെ ബാല്യകാലത്ത് ഗുരുവായൂർ വരെ നടന്നിട്ടുണ്ട്. കൂടെ അമ്മമ്മയുമുണ്ടാകും. അതികാലത്ത് കട്ടൻ ചായയും കുടിച്ചാവും പുറപ്പാട്. വഴിയിൽ ഒരുപൂച്ചക്കുട്ടിയേ പോലും കാണില്ല. ദുർലഭമായി പിന്നിൽ കത്തുന്ന റാന്തലും തൂക്കി, നിരങ്ങി നീങ്ങുന്ന കാളവണ്ടികളെ മാത്രം കണ്ടെത്തിയിരിക്കും. അന്ന് പാടത്ത് നെല്ലും പറമ്പിൽ തെങ്ങും കവുങ്ങും വാഴയും സമൃദ്ധമായിരുന്നു... ഇന്ന് കൃഷിയില്ല. കൃഷിക്ക് വെള്ളമില്ല. കൃഷി പോട്ടെ. കുടിക്കാൻ പോലും വെള്ളമില്ലെന്ന അവസ്ഥയാണ്. കുന്നില്ല, കുളമില്ല, തോടില്ല, മണലൂറ്റിയ പുഴ ശോഷിച്ച് ഒരസ്ഥിപഞ്ജരമായി മാറി ഊർദ്ധൻ വലിക്കുന്നു. എവിടെ നോക്കിയാലും കോൺക്രീറ്റ് കെട്ടിടങ്ങൾ. ബഹുനില അപ്പാർട്ടുമെന്റുകളും ഷോപ്പിങ്ങ് കോംപ്ലക്സുകളും. പുരോഗമനമാണത്രെ ! പക്ഷെ ഇത്തരം പുരോഗമനം കൊണ്ടാർക്കാണ് ഗുണമുണ്ടായത് ?

ഓരോന്നങ്ങിനെ ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് കണ്ടക്ടറുടെ ശബ്ദം ചെവിയിൽ വന്നലച്ചത്.

"പൈസതാടാ ബലാലെ ?"

"പൈസ എടുക്കാൻ മറന്നു അങ്കിൾ. നാളെ തരാം. തീർച്ചയായും തരാം."

"കായിതരാതെ യാത്ര ചെയ്യാൻ ബസ് അന്റെ തന്തടെയാണോടാ?"

"അസുഖമായി കിടക്കുന്ന എന്റെ അച്ഛനെപ്പറ്റി ഒന്നും പറയരുത് അങ്കിൾ..."

"പറഞ്ഞാൽ നീ എന്തു ചെയ്യുമെടാ ?"

"അരുത്. കുറ്റം എന്റേതാണ്. ബസ്സിൽ പോകാനുള്ള ചില്ലറ അമ്മ തന്നതാ. അത് തിണ്ടിന്മേൽ വെച്ച് പുസ്തകസഞ്ചി തോളിൽ തൂക്കിയതാ. ബസ്സിന്റെ ഹോറൺ കേട്ട് ഓടിപ്പോന്നപ്പോൾ കാശെടുക്കാൻ മറന്നതാ..."

"കളവ് പറയാൻ നെന്നെ പഠിപ്പിച്ചതാരാടാ. നെന്റെ തള്ളയോ തന്തയോ ?"

"ഞാൻ പറയുന്നത് കള്ളമല്ല."

"നീ പഠിച്ച കള്ളനാ. സ്കൂളിൽ പോവുമ്പോ ബസ് ചാർജ്ജും വാങ്ങിവരും. ബസ് കൂലി പറ്റിച്ചു തിന്നും."

"ഞാനത്തരം കുട്ടിയല്ല. തീർച്ചയായും ഞാൻ നാളെ പൈസ കൊണ്ടത്തരാം."

"ആട്ടെ നിന്നെ സ്കൂളിൽ വിട്ടാൽ, നീയെങ്ങിനെ തിരിച്ചുവരുമെടാ ?"

'ഞാൻ എന്റെ കൂട്ടുകാരിൽ നിന്ന് പൈസ കടം വാങ്ങി തിരിച്ചുവരും.'

"നീ പൈസ ഒളിപ്പിച്ചുവെച്ചിട്ടുണ്ടെങ്കിൽ തന്നോ. അല്ലെങ്കിൽ നിന്നെ ഇവിടെ വഴിയിൽ ഇറക്കി വിടും."

കുട്ടിയുടെ കണ്ണുകൾ കലങ്ങി. ഗദ്ഗദത്തോടെ അവൻ യാചിച്ചു : "അരുത് സർ. ഇവിടെനിന്ന് സ്കൂളിലേക്ക് കുറേദൂരമുണ്ട്. നടന്നെത്തുമ്പോഴേക്ക് വളരെ വൈകും."

"വൈകട്ടടാ. നാലാളറിയട്ടെ നെന്റെ തനിനിറം."

കണ്ടക്ടർ വണ്ടി നിർത്താനായി വിസിലടിച്ചു. കുട്ടി വാവിട്ടു കരഞ്ഞു. ഇടക്കിടെ പിന്നിൽ നടക്കുന്ന കോലാഹലങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്ന അയാൾക്ക് സഹിച്ചില്ല. അയാൾ എഴുന്നേറ്റ് ഗർജ്ജിച്ചു: "കുട്ടിയെ ഇറക്കിവിടരുത്."

നടന്നതെല്ലാം കണ്ടിട്ടും കേട്ടിട്ടും ഒന്നും ശബ്ദിക്കാതെ അടങ്ങിയിരുന്ന ബസ് യാത്രക്കാരെല്ലാം അയാളെ തിരിഞ്ഞും മറിഞ്ഞും നോക്കി. കണ്ടക്ടർ വിളിച്ചുകൂവി : "അത്രക്ക് സങ്കടമുണ്ടെങ്കിൽ വന്ന് കാശുതാടൊ കെളവാ."

അയാൾ മെല്ലെ കണ്ടക്ടറുടെ അടുത്തേക്ക് നടന്നടുത്തു. കുട്ടി വിമ്മിക്കരഞ്ഞുകൊണ്ടയാ

ളെ ദയനീയമായി നോക്കി അപേക്ഷിച്ചു : "എന്നെ ഇറക്കിവിടരുതെന്ന് പറയൂ അമ്മാവാ. എന്റെ പരീക്ഷയാ ഇന്ന്. സമയത്തിനെത്തിയില്ലെങ്കിൽ..."

"നീ പേടിക്കേണ്ട മോനേ..." കുട്ടിയെ മാറ്റി നിർത്തി അയാൾ കണ്ടക്ടറോട് ചോദിച്ചു : "ഈ കുട്ടി തരാനുള്ളത് വെറും ഒരു രൂപയല്ലെ ? സ്കൂൾ കുട്ടികൾക്കുള്ള ചാർജ്ജ് അതാണല്ലോ. അതിനല്ലെ താൻ ഇത്രയും ഒച്ച വെച്ചത് ? പക്ഷെ ചില്ലറയില്ലെന്ന് പറഞ്ഞ് നീ ഒരു ദിവസം എത്ര പേർക്ക് ബാക്കി കൊടുക്കാതെ പറ്റിക്കുന്നുണ്ട്. ഇന്നുപോലും എന്റെ കൈയ്യിൽ നിന്ന് പത്തുരൂപാ നോട്ട് വാങ്ങി ഒരു രൂപ തിരിച്ചുതന്നോ ? ബസ്സിറങ്ങുമ്പോൾ മിക്കവരും കാശുകിട്ടാനുള്ള കാര്യം മറക്കാറാണ് പതിവ്. ചില്ലറയില്ലാത്തതുകൊണ്ടാണോ അതോ മനുഷ്യരെ പറ്റിക്കാനാണോ നീ ചില്ലറയില്ലെന്ന് പറയുന്നത് ?"

യാത്രക്കാരിൽ പലരും അയാൾ പറയുന്നത് ശരിവെച്ചു. ഗത്യന്തരമില്ലെന്ന് കണ്ട് കണ്ടക്ടർ വണ്ടി വിടാനുള്ള ബെല്ലടിച്ചു. അയാൾ കണ്ടക്ടറോട് സൗമ്യമായി അന്വേഷിച്ചു: "ഈ കുട്ടി കയറിയ സ്റ്റോപ്പിൽ നിന്ന് സ്കൂൾ വരെ എത്രയാണ് സാധാരണ ചാർജ്ജ്?"

യാത്രക്കാർ ഉത്തരം പറഞ്ഞു : "ഏഴു രൂപ"

അയാൾ പത്തുരൂപയുടെ നോട്ടെടുത്ത് നീട്ടിക്കൊണ്ട് പറഞ്ഞു: "ഈ കുട്ടിയുടെ മുഴുവൻ ചാർജ്ജും എടുത്തോളൂ. അതായത് ഒരു രൂപക്ക് പകരം ഞാൻ തരുന്നത് ഏഴുരൂപയാണ്. തന്റെ ബസ്സോട്ടം നഷ്ടത്തിൽ കലാശിക്കരുതല്ലോ ?"

അപ്പോഴേക്കും യാത്രക്കാരിൽ പലരും എഴുന്നേറ്റുനിന്ന് പറഞ്ഞു : "അമ്മാവാ, ചാർജ്ജ് ഞങ്ങൾ കൊടുത്തോളാം."

അയാൾ അവർക്കെതിരെ തിരിഞ്ഞു : "ഈ കണ്ടക്ടർ ഇത്രയും ബഹളം വെച്ചപ്പോഴൊക്കെ നിങ്ങൾ അനങ്ങാതിരുന്നു രസിച്ചു. ഇതുവരെ എവിടെയായിരുന്നു നിങ്ങടെ അനുകമ്പ ? നിങ്ങടെ മക്കളോടാണ് ഇത്തരം പെരുമാറ്റമുണ്ടായതെങ്കിൽ... ?"

കണ്ടക്ടർ പൈസ വാങ്ങിയില്ല. സ്കൂൾ പടിക്കൽ കുട്ടി ബസ്സിൽ നിന്നിറങ്ങുമ്പോൾ അയാളും ഒപ്പമിറങ്ങി. കലങ്ങിമറിഞ്ഞ മനസ്സുമായി ഗുരുവായൂരിൽ പോണ്ട. അയാൾ കുട്ടിയുടെ കൈപിടിച്ചു കുലുക്കിക്കൊണ്ട് പറഞ്ഞു: "ബെസ്റ്റ് ഓഫ് ലക്ക്. നടന്നതൊന്നും ഓർത്തുവിഷമിക്കണ്ട. തിരിച്ചുപോകാനുള്ള ഒരു രൂപാനാണ്യം ഞാൻ തരാം. മിടുക്കനായി പരീക്ഷ എഴുതൂ."

ആ കുട്ടി അയാളുടെ പാദം തൊട്ട് നമസ്ക്കരിച്ചുതൊഴുതു. അവന്റെ കണ്ണുകളിൽ കണ്ണീർ തളം കെട്ടിയിരുന്നു. കുട്ടിയെ അനുഗ്രഹിച്ച് വീട്ടിലേക്ക് തിരിച്ചുപോകാനുള്ള ബസ് സ്റ്റോപ്പിലേക്ക് നടക്കുമ്പോൾ അയാൾ മനസ്സിൽ ഗുരുവായൂരപ്പനെ സ്തുതിച്ചു. അമ്പലത്തിൽ പോയി തൊഴാൻ കഴിഞ്ഞില്ലെങ്കിലും ഒരു ഉണ്ണിക്കണ്ണനെ സേവിക്കാൻ കഴിഞ്ഞല്ലോ എന്നായിരുന്നു സമാധാനം.

**മനുഷ്യൻ ജീവനുള്ള ഒരു കവിതയാണ്. അത് വായിച്ചുനോക്കുക**

- സ്വാമി വിവേകാനന്ദൻ -



ലേഖനം

# സത്യം വദഃ ധർമ്മം ചരഃ


ടി. ജെ. നായർ
9446630412

ഒരു സാധാരണ മനുഷ്യന്റെ കാലടികളെ പാദങ്ങൾ എന്നു പറയുമ്പോൾ ദൈവത്തിന്റെ കാലുകളെ "തിരുവടികൾ" എന്ന് പറയുന്നത് ഭക്തരായ ജനങ്ങളുടെ സാധാരണ സ്വഭാവം.

ഒരാൾ തെറ്റു ചെയ്താൽ 'ക്ഷമിക്കണം' എന്ന ഒരു വാക്ക് പറഞ്ഞാൽ മതി അവർക്ക് അല്പം ആശ്വാസമാകും - മനസ്സലിയും. അതേസമയം കാലിൽ വീണ് തൊഴുത് നമസ്ക്കരിച്ചാൽ ക്ഷമിക്കും എന്നതിനു സംശയമില്ല.

മനുഷ്യരുടെ തെറ്റുകുറ്റങ്ങൾ മനുഷ്യരെ ഇങ്ങിനെ ക്ഷമിച്ചുമാപ്പുകൊടുക്കുമ്പോൾ ദൈവത്തിന്റെ കാര്യം എങ്ങിനെയിരിക്കും ? അതിന് ഒരു ഉത്തമോദാഹരണമാണ് വാമനാവതാര കഥ. ഭഗവാൻ മഹാവിഷ്ണു വാമനാവതാരമെടുത്തു മഹാബലിയുടെ മുന്നിൽ ചെന്നുനിന്ന് മൂന്നടി മണ്ണിനായി യാചിച്ച ആ കഥ തന്നെ. എന്നാൽ രണ്ടടിയിൽ തന്നെ വാമനൻ ലോകം മുഴുവനും അളന്നുവിട്ടു. മൂന്നാമത്തെ അടിക്കായി വാമനൻ മഹാബലിയുടെ മുഖത്തേക്ക് ഉറ്റുനോക്കുന്നു. എന്നാൽ ദയാശീലനായ ആ മഹാബലി ചക്രവർത്തിക്ക് ഒട്ടും തന്നെ ആലോചിയ്ക്കേണ്ടിവന്നില്ല. സ്വന്തം ശിരസ്സ് താഴ്ത്തി കൊടുക്കുന്നു. അതിൽ ചവിട്ടുവാൻ പറയുന്നു, സമ്മതം ലഭിച്ച ഉടൻ തന്നെ വാമനൻ ആ തലയിൽ ചവിട്ടുന്നു. മഹാബലി പാതാളത്തിലേയ്ക്കും.

ദശാവതാരത്തിൽ ഭഗവാൻ എല്ലാ ശത്രുക്കളേയും സംഹരിക്കുകയാണ്. എന്നാൽ വാമനാവതാരത്തിൽ സംഹാരമല്ല. കാരണം പ്രഹ്ളാദന്റെ പിതാവിനെ വധിച്ചതിനുശേഷം (ഹിരണ്യകശ്യപുവിനെ) "ഇനി ഈ കുടുംബത്തിൽ ഒരാളേയും കൊല്ലുകയില്ല" എന്ന് ഭഗവാൻ പ്രഹ്ളാദന്റെ മുമ്പിൽ സത്യം ചെയ്തു കൊടുത്തിരുന്നു. അതുകൊണ്ട് മാത്രമാണ് മഹാബലിയെ ചവിട്ടിത്താഴ്ത്തി പാതാളത്തിലെ ചക്രവർത്തിയായി അവരോധിച്ചത്. പ്രഹ്ളാദന്റെ ഈ വിഷ്ണുഭക്തി കൊച്ചുമകൻ മഹാബലിക്കുവരെ ഉണ്ടായതായി നമുക്ക് പുരാണങ്ങളിലൂടെ അറിയുവാൻ കഴിയും. "സത്യം വദഃ ധർമ്മം ചരഃ" എന്നാണല്ലോ ആപ്തവാക്യം.



# മടിയൻ

ടി. കെ. ഉണ്ണികൃഷ്ണൻ
0491 – 2578098

കുട്ടൂസ് എന്നാണ് എല്ലാവരും അവനെ വിളിക്കാറ്. എന്റെ കൺമുമ്പിൽ വളർന്നവനാണ്. അതിനാൽ അവന്റെ കഥ എഴുതാൻ എനിക്ക് വിഷമമില്ല.

പിറന്ന് വീഴുമ്പോൾ അവൻ മടിയനല്ല. മെല്ലെ മെല്ലെ മടിയനായതാണ്. അങ്ങിനെയല്ല പറയേണ്ടത്. വേഗം വേഗം മടിയനാക്കിയതാണ്.

മലർന്ന് കിടന്ന് കൈകാലുകൾ അടിച്ചും കമിഴ്ന്നുകിടന്ന് നീന്തിക്കളിച്ചും ശരീരമിളകേണ്ട സമയത്ത് അമ്മയുടെ വാത്സല്യം അവനെ തോളിൽ കയറ്റിയും മടിയിൽ കിടത്തിയും സുഖം കൊടുത്തപ്പോൾ താഴെയിറങ്ങാൻ അവന്ന് മടിയായി. അത് മടിയുടെ തുടക്കമായിരുന്നു.

പിച്ചവെച്ച് നടന്ന് കളിപ്പാട്ടങ്ങളെടുക്കാനോടാൻ അമ്മ സമ്മതിച്ചില്ല. അവൻ വീഴുമെന്ന ഭയത്താൽ കളിപ്പാട്ടങ്ങൾ എടുത്ത് അവന്റെ കൈക്ക് കൊടുക്കും. പിന്നീട് കളിസാധനങ്ങൾ കിട്ടാൻ വാശിയായി. സ്വന്തമായെടുക്കാൻ മടിയായി.

കുട്ടൂസ് ഒന്നാം ക്ലാസ്സിൽ ചേർന്നപ്പോൾ അടുത്തുള്ള സ്കൂളിലേക്ക് നടക്കാൻ മടിച്ചു. ഭർത്താവ് മുടക്കിയിട്ടും കുട്ടൂസിന്റെ അമ്മ കുട്ടൂസിനെ തോളിൽ കയറ്റി സ്കൂളിലെത്തിക്കാൻ ഒരു വേലക്കാരനെയാക്കി. അധികം ക്ലാസ്സുകളിലൊന്നും പഠിക്കാൻ മടി സമ്മതിച്ചില്ല. വലുതാകുന്തോറും മടിയും വളർന്നു വേലക്കാരും വർദ്ധിച്ചു. അവനെപ്പറ്റി ആരെങ്കിലും അന്വേഷിച്ചാൽ അവന്റെ അമ്മ ചൊടിച്ചു പറയും പഠിപ്പില്ലെങ്കിലും ജോലിയില്ലെങ്കിലും അവന് സുഖിച്ചുജീവിക്കാനുള്ള വക ഞങ്ങൾക്കുണ്ട്.

കൃഷിക്കാരനായ അച്ഛൻ പണിക്കാരോടൊപ്പം വയലിൽ അദ്ധ്വാനിക്കുമ്പോൾ, വിയർത്തൊലിക്കുമ്പോൾ കുട്ടൂസ് വീട്ടിലിരുന്ന് സീഡിവെച്ച് സിനിമ കണ്ടുകൊണ്ടിരുന്നു. അവനുവേണ്ടി അമ്മ ദിവസവും രണ്ടും മൂന്നും സിനിമ സീഡികൾ വരുത്തി.

വയലിൽ പോയി പണികൾ ഒന്നുനോക്കാൻ, കടയിൽ നിന്ന് സാധനങ്ങൾ കൊണ്ടുവരാൻ, പശുക്കൾക്കൽപ്പം തീറ്റ കൊടുക്കാൻ അച്ഛൻ നിർബന്ധിക്കുമ്പോൾ അമ്മ തടയും. എന്നിട്ട് കോപിച്ചു പറയും "ഇത്ര പണിക്കാരുള്ളപ്പോൾ എന്റെ പൊന്നുമോനെ നിങ്ങൾക്കു കണ്ടുള്ളൂ." അങ്ങിനെ അമ്മയുടെ തണലിൽ കുട്ടൂസ് സുഖിച്ചു. ഇതാണ് സ്നേഹം എന്ന് അമ്മ വിശ്വസിച്ചു.

ആയിടയ്ക്കാണ് കുട്ടൂസിന്റെ അച്ഛൻ ഹൃദയസ്തംഭനം മൂലം മരിച്ചത്. മടിയൻ കുട്ടൂസിന് വീടുഭരണം കിട്ടിയപ്പോൾ എല്ലാ കാര്യങ്ങൾക്കും വേലക്കാരായി. സ്ഥലം വിറ്റാണെങ്കിലും പുറത്തിറങ്ങാൻ കാറായി. ഓടിക്കാൻ ഡ്രൈവറായി. മകന്റെ ആവശ്യങ്ങൾക്ക് സ്ഥലം വിൽക്കുമ്പോൾ അമ്മ കൂട്ടുനിന്നു.

കാര്യസ്ഥരുടെ ഇഷ്ടപ്രകാരം കൃഷി നീങ്ങിയപ്പോൾ നഷ്ടങ്ങൾ വർദ്ധിച്ചു. കടങ്ങൾ പെരുകി. അതൊന്നും കുട്ടൂസ് കാര്യമാക്കിയില്ല. അയാള് രുചിയുള്ള ഭക്ഷണത്തിലും, ഭംഗിയുള്ള വസ്ത്രങ്ങളിലും, ശരീരമനങ്ങാത്ത ജീവിതത്തിലും ശ്രദ്ധ കൊടുത്തു.

എല്ലാം നഷ്ടപ്പെട്ട് ഒരു ചെറിയ ഓടുപുരയിലേക്ക് താമസം മാറ്റിയപ്പോൾ പണിക്കാരും കാര്യസ്ഥരും സ്ഥലംവിട്ടു. വയസ്സായ അമ്മക്ക് വീടുപണികൾ അസഹ്യമായി. മരുന്ന് വാങ്ങാൻ, വീട്ടു സാധനങ്ങൾ വാങ്ങാൻ ബുദ്ധിമുട്ടായി. കുട്ടൂസിന്ന് എല്ലാം നേരത്തിന്നു വേണം അല്ലെങ്കിൽ ബഹളമായി. അപ്പോഴാണ് അമ്മയ്ക്ക് ഒരു ബുദ്ധി തോന്നിയത്. ജോലിയുള്ള ഒരുവളെക്കൊണ്ട് മകന്റെ വിവാഹം നടത്തുക എന്ന്. കല്യാണ ഏജന്റ് നാണുനായരെക്കൊണ്ട് കാര്യം സംസാരിച്ചു. പഴയ തറവാടും പഴയ കഴിവിന്റെയും കഥകൾ നിരത്തി നായരുടെ മിടുക്കിൽ ഒരു സ്കൂൾ ടീച്ചറുമായി വിവാഹം നടന്നു.

വിവാഹം കഴിഞ്ഞ് കുറച്ചുദിവസത്തിനുള്ളിൽ തന്നെ കുട്ടൂസിന്റെ ഭാര്യക്ക് കുട്ടൂസിന്റെയും അമ്മയുടേയും ഉദ്ദേശ്യം മനസ്സിലായിരുന്നു. എങ്കിലും കിട്ടിയ ജീവിതം തകർക്കാതെ എല്ലാ വീട്ടുജോലികളും വീട്ടുചിലവുകളും നടത്തി മുന്നോട്ടുപോയി.

അപ്പോഴാണ് കുട്ടൂസിന്റെ അമ്മ വാതരോഗത്താൽ കിടപ്പിലായത്. വീട്ടുജോലിയും സ്കൂളിൽ പോക്കും അമ്മയെ നോക്കലുമായപ്പോൾ കുട്ടൂസിന്റെ ഭാര്യ വിഷമത്തിലായി. അമ്മയെപ്പോലും ശ്രദ്ധിക്കാതെ വീട്ടിലിരുന്ന് സിനിമകൾ കാണുന്ന കുട്ടൂസിനോട് അറപ്പു തോന്നി.

പെട്ടെന്നാണ് അവളുടെ വീട്ടിൽ നിന്ന് വിവരം വന്നത്. രണ്ടുദിവസത്തിന് അത്യാവശ്യമായി വരണമെന്ന്. മടിയനെ പഠിപ്പിക്കാൻ ഇത് നല്ലൊരവസരമായി അവൾ കണ്ടു. അതിനുള്ള ഒരുക്കം തുടങ്ങി.

"ഞാൻ രണ്ടു ദിവസത്തേക്ക് വീട്ടിൽ പോകുന്നു. രണ്ടു ദിവസത്തേക്കുള്ള ഭക്ഷണം ഫ്രിഡ്ജിൽ വച്ചിട്ടുണ്ട്." അയാൾ മുടക്കാൻ പലതും പയറ്റിയെങ്കിലും അവൾ സമ്മതിച്ചില്ല. അവൾ ബാഗുമായി നടന്നു.


രണ്ടു ദിവസം കഴിഞ്ഞ് അവൾ വന്നപ്പോൾ വാതിൽ ചാരിക്കിടന്നിരുന്നു. അത് തുറന്ന് അകത്ത് കടന്നപ്പോൾ മുറിയിൽ നിന്ന് അമ്മയുടെ ഞെരുക്കം കേട്ടു. പോയി നോക്കിയപ്പോൾ അരിശവും സങ്കടവും തോന്നി. വിരുപ്പിലും വസ്ത്രങ്ങളിലും മലമൂത്രം. മെല്ലെ വിരിപ്പും വസ്ത്രങ്ങളും മാറ്റി ഒരു പുതപ്പ് പുതപ്പിച്ച് ശരീരം തുടപ്പിക്കാൻ ചൂടുവെള്ളമുണ്ടാക്കാൻ അടുക്കളയിലേക്ക് നടന്നു. അവിടുത്തെ കാഴ്ച കണ്ട് അടി മുതൽ മുടി

വരെ വിറവന്നു. സിങ്കിൽ പ്ലെയിറ്റുകളും പാത്രങ്ങളും കഴുകാൻ നിറഞ്ഞുകിടപ്പാണ്. അപ്പോഴാണ് പിന്നിൽ ഒരനക്കം കേട്ടത്. കുട്ടൂസാണ്. അയാളുടെ കൈക്കൽ ഒരു പൊതിയുണ്ട്. അവളുടെ മനസ്സിലെ ക്രോധം പുറത്തേക്കൊഴുകി. അവൾ അലറി, “ഇതെന്തു തേങ്ങയാ?” അയാൾ തപ്പിത്തപ്പി പറഞ്ഞു, “എല്ലാ പാത്രങ്ങളും കഴുകാൻ കിടക്കുകയല്ലേ. അപ്പോൾ തോന്നി ഭക്ഷണം കഴിക്കാൻ പുതിയ പ്ലെയിറ്റ് വാങ്ങിക്കാം എന്ന്.”

“ഒരു പ്ലെയിറ്റ് കഴുകാൻ മടിച്ച് പുതിയ പ്ലെയിറ്റ് വാങ്ങിവന്ന മടിയൻ ഫൂ.” അവൾ നീട്ടി ആട്ടി. ഇനി ഈ മടിയനുമായി ജീവിക്കാൻ അവളുടെ മനഃസ്സാക്ഷി സമ്മതിച്ചില്ല. കൊണ്ടുവന്ന ബാഗുമായി അവൾ തിരിച്ചുനടന്നു.

കുട്ടൂസിന്റെ കഥ ഇവിടെ നിറുത്തുന്നു. ഇനി എന്തെല്ലാം സംഭവിക്കുമെന്ന് അറിയില്ലല്ലോ. എങ്കിലും ഒരുവാക്ക്. കുട്ടൂസിനെപ്പോലെ ഒരുപാട് മടിയന്മാരെ സൃഷ്ടിക്കുന്ന പല രക്ഷിതാക്കളും നമ്മുടെ ഇടയിലുണ്ട്. സ്നേഹം കുട്ടികളെ മടിയനാക്കാനുള്ളതല്ല. •

■ കവിത



**കെ കെ സോമനാഥൻ മാസ്റ്റർ**
**സുരഭി, പുൽപ്പള്ളി, 9946429805**

# ആഗ്രഹം

വീട്ടു മുറ്റത്തു കൂട്ടുനിൽക്കുന്ന
നാട്ടുമാവിന്നൊരാഗ്രഹം.
പൂക്കണം, പോരാ, കായ്ക്കണം
കായ്ച്ചു നല്ല കനി നല്കണം
മഞ്ഞുപെയ്യുന്ന മകരമെത്തുവാൻ
ഇന്നി ഞാനില്ല, കാക്കുവാൻ
ചിങ്ങ വെയിലിൽ
ചിരിക്കയാണെന്റെ
പെങ്ങൾ കൊങ്ങിണിം തുമ്പയും
എങ്ങു നോക്കിലും
പുഞ്ചിരിക്കുന്നിതെന്റെ
ചുറ്റിലും കൂട്ടുകാർ!
എന്തിനായി ഞാൻ
മടിച്ചു നിൽക്കണെ
ഒന്നു മെല്ലെ ചിരിക്കുവാൻ.

■ കഥ



**എം. ഡി. വിശ്വംഭരൻ**
**9446142131**

# ഊർമ്മിള

എന്നത്തേയും പോലെ അന്നും വെളുപ്പിന് അഞ്ചുമണിക്ക് ഉണരുവാൻ അലാറം വെച്ചാണ് ഉറങ്ങാൻ കിടന്നത്. അഞ്ചിനു ഉണർന്നാലും സമയത്ത് ജോലിതീർത്ത് കുട്ടികളെ സ്കൂളിൽ വിടാനും ഭർത്താവിനെ ഓഫീസിലയക്കാനും പെടാപ്പാട് തന്നെ. സ്കൂൾ ബസ്സ് എട്ടുമണിക്കുവരും. ആറരയ്ക്ക് മുൻപ് വിളിച്ചുണർത്തി അവരോടൊപ്പം നിന്നില്ലെങ്കിൽ ഒന്നുമാകില്ല. മോളെ കുളിപ്പിച്ച് തോർത്തി മുടി ചീകിക്കെട്ടണം. യൂണിഫോം തേച്ച് കൊടുത്ത് ധരിപ്പിക്കണം. അതിലും കഷ്ടമാണ് എന്തെങ്കിലും തീറ്റിക്കാൻ, ഓരോരുത്തർക്കും ഓരോ പലഹാരം. ഒരാൾക്ക് ഇഡ്ഢലിയെങ്കിൽ ഒരാൾക്ക് ദോശ മതി ചമ്മന്തിയും സാമ്പാറും ഒപ്പം വേണം. ചിലപ്പോൾ ഓംലെറ്റും ഇതെല്ലാം ഒപ്പിച്ചുകഴിയുമ്പോഴാണ് ഭർത്താവിന്റെ ഊഴം. ഈയിടെയായി ഷുഗർ കൂടുതലായതിനാൽ ഗോതമ്പുപുട്ടു തന്നെ വേണം. ഒൻപതു മണിക്ക് ബാഗിൽ ചോറു തയ്യാറാക്കി വയ്ക്കണം. ചിലപ്പോൾ ആരെങ്കിലും സന്ദർശകരുണ്ടെങ്കിൽ അവരുമായി വർത്തമാനം പറഞ്ഞിരുന്ന് പിന്നെ ചാടിയോടിയുള്ള കുളിയും ഒരുക്കങ്ങളും. അടുക്കളയിലേക്ക് എത്തിനോക്കുന്ന കാര്യം പറയുകയേ വേണ്ട. സഹായത്തിന് ആരെയെങ്കിലും ഏർപ്പാടാക്കുന്ന കാര്യം പറഞ്ഞപ്പോൾ ചാടിക്കടിച്ചു. വേറെ എന്താ പണി, വീട്ടിലെ കാര്യം നോക്കിയാൽ പോരെ, അതിത്ര വലിയ കാര്യമാണോ? അല്ല, വലിയ കാര്യമല്ല. വെളുപ്പിന് അഞ്ചുമണിക്ക് തുടങ്ങിയാൽ രാത്രി പത്തിനും ചിലപ്പോൾ പതിനൊന്നിനും തീരുന്ന ജോലികൾ ഒട്ടും വലിയ കാര്യമല്ല. തനിക്ക് ജോലിയൊന്നുമില്ലല്ലോ. ഉള്ള ജോലിക്ക് കണക്കുമില്ല, കൂലിയുമില്ല. ഊർമ്മിളയുടെ മനസ്സ് നീറി.

കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോഴായിരുന്നു കല്യാണം. ആലോചന വന്നപ്പോൾ എതിർത്തതാണ്. തനിക്ക് പഠിക്കണം, പഠിച്ച് ഡിഗ്രിയെടുക്കണം, ജോലി നേടണം. ഇതൊക്കെ പറഞ്ഞ് കരഞ്ഞു. ചെറുക്കന് ചെറുപ്പത്തിലെ നല്ലജോലിയും ഉയർന്ന ശമ്പളവുമുണ്ട്, പേരുകേട്ട കുടുംബക്കാർ, നല്ല സമ്പത്ത് പിന്നെ നിനക്കെന്തിനാ ജോലി; പഠിപ്പ് ഇത്രയൊക്കെ മതി, ഡിഗ്രിയെടുത്ത് വരുമ്പോൾ വന്ന ഇത്രയും നല്ല ആലോചന തെറ്റിപ്പോകും. അച്ഛൻ കടുംപിടുത്തം പിടിച്ചു. തന്റെ കണ്ണീരിനും കാലുപിടുത്തത്തിനും യാതൊരു വിലയും ഉണ്ടായില്ല, എല്ലാം ബധിരകർണ്ണങ്ങളിലായിരുന്നു പതിച്ചത്. കല്യാണം കഴിഞ്ഞ് ഏറെ കഴിയാതെയായിരുന്നു സഹോദരിമാരുടെ കല്യാണം പിന്നെ അനിയന്മാരുടെ പഠനം, വീതം വെയ്പ്പ്. ഒടുവിൽ വീടുവയ്ക്കാൻ സ്ഥലം വീതമായി കിട്ടി. ലോണെടുത്തും സുഹൃത്തുക്കളോട് കടം മേടിച്ചും വീടുവെച്ച് മാറി. വരുന്ന എല്ലാകാര്യങ്ങൾക്കും കുറവ് വരാതെ നോക്കാൻ മൂത്ത ഏട്ടൻ മാത്രമായപ്പോൾ വീട്ടിലെ കാര്യങ്ങൾ പരുങ്ങലിലായത് കാണാൻ ആരുമുണ്ടായിരുന്നില്ല. താസീൽദാർ ഉദ്യോഗം ചാക്കുനിറച്ച് പണം വാരുന്ന ജോലിയായി എല്ലാവരും കണ്ടു. ഉള്ളതുകൊണ്ട് കാര്യങ്ങൾ നടത്താനുള്ള നെട്ടോ

ട്ടത്തിൽ ഉണ്ടോ ഉടുത്തോ എന്നറി യാൻ അറിയേണ്ടവർ മിനക്കെട്ടില്ല. കണ്ണിനുതാഴെ കറുപ്പുവീഴുന്നതും മുടിയിൽ അകാലനര വീണതും കണ്ണാടി നോക്കാൻ നേരമില്ലാത്തതു കൊണ്ട് ഊർമ്മിള അറിഞ്ഞില്ല. കലങ്ങിയ കണ്ണും വീർത്തമുഖവും കണ്ട് വിരുന്നുവന്ന ഇളയ നാത്തൂൻ ശുഭ അത്ഭുതം കൂറി. ഏട്ടത്തി നരച്ചോ ? ഇതെന്തു പറ്റി ക്ഷീണിച്ചു പോയല്ലോ എന്ന ചോദ്യത്തിന് ഒരു വാടിയ ചിരിയിലൊതുക്കി ഉത്തരം. ഏട്ടത്തിക്ക് വീട്ടിൽ പണിയൊന്നുമില്ലാത്തതുകൊണ്ടും ഉദ്യോഗത്തിന് പോകേണ്ടാത്തതിനാലും വിരുന്നുകാരെല്ലാം ഉദ്യോഗസ്ഥനായ മൂത്ത ഏട്ടന്റെ വീട്ടിൽത്തന്നെയായി. അപ്പോഴും ഭാരം ഊർമ്മിളക്ക്.


വൈകുന്നേരം ഏഴുമണിയായിക്കാണും താസീൽദാരെ കാണാൻ വില്ലേജാഫീസറും പിന്നെ ആരൊക്കെയോ വന്നിരിക്കുന്നു. ഔദ്യോഗികവും അല്ലാത്തതുമായ ചർച്ച, ഇടക്ക് ചായക്ക് അടുക്കളയിലേക്ക് സന്ദേശം. ചായയുണ്ടാക്കി ട്രേയിലാക്കി സ്വീകരണ മുറിയിലേക്ക് കടക്കാനൊരുങ്ങുമ്പോൾ വന്നവരിലാരോ ചോദിക്കുന്നു, “സാറിന്റെ വൈഫിന് ഏതിലാ ജോലി?”

“ഹേയ്. അതിന് ജോലിയൊന്നുമില്ല. അടുക്കളയിൽത്തന്നെ.”

അതെ തനിക്ക് ജോലിയൊന്നുമില്ല. അടുക്കളയിൽത്തന്നെ. ഒരുവിറയൽ ശരീരത്തിലേക്ക് കയറുന്നുവോ ? ട്രേ കൈയിൽ നിന്നും വീണുപോകാതിരിക്കാൻ മുറുകെ പിടിച്ചു. മുറിയിൽ കടന്ന് അതിഥികൾക്ക് ചായ കൊടുക്കുമ്പോൾ അവർ തന്നെ നോക്കി ചിരിച്ചു. പരിഹാസച്ചിരിയോ സഹതാപച്ചിരിയോ ? എന്തായാലും വിഷമമില്ല, എല്ലാം പരിചയമായിരിക്കുന്നു.

രാത്രിയിൽ കിടക്കയിൽ മുറുമുറുപ്പ് കേൾക്കാമായിരുന്നു. ഓഫീസിലെ പ്യൂണിന്റെ ഭാര്യക്ക് പോലും ജോലിയുണ്ട്, ഇവിടെ താസീൽദാരുടെ ഭാര്യ... ചോദ്യചിഹ്നം പോലെ തന്റെ നേരെ തിരിക്കുന്നു മുഖം. ജോലിയുള്ള പെണ്ണിനെ കെട്ടിയാൽ പോരായിരുന്നോ എന്ന ചോദ്യം തൊണ്ടയിൽ തടഞ്ഞുനിന്നു. വേണ്ട, ചോദിക്കേണ്ട. അന്ന് തന്റെ സൗന്ദര്യം കണ്ട് മയങ്ങിയാണ് പഠിപ്പ് മുടക്കിച്ച് വിവാഹം കഴിച്ചതെന്ന് കേട്ടിട്ടുണ്ട്. പക്ഷെ ഇപ്പോൾ ? വേണ്ട ഒന്നും ചോദിക്കേണ്ട, ഓർമ്മിക്കയും വേണ്ട. രാത്രിയിൽ ഉറക്കം വിട്ടുനിന്നു. അഞ്ചുമണിക്ക് തന്നെ കിടക്കവിട്ട് എഴുന്നേറ്റ് അടുക്കളയിലേക്ക്, എല്ലാം പതിവിൻപടി നടത്തി. കുട്ടികളെ സ്കൂളിൽ വിട്ടു, ഭർത്താവിനുവേണ്ടതെല്ലാം ഒരുക്കിക്കൊടുത്തു. ഓഫീസ്ജീപ്പ് വരുന്നതും പോകുന്നതും അറിഞ്ഞു. അപ്പോൾ പൂമുഖത്തേക്ക് ചെല്ലാൻ തോന്നിയില്ല. വണ്ടി പോയിക്കഴിഞ്ഞപ്പോൾ തളർന്നിരുന്നു. ഉറക്കം കണ്ണുകളെ തഴുകുന്നുണ്ട്, ശരീരത്തിന് ബലമില്ലാത്തതുപോലെ, വിശപ്പില്ല ഒന്നും കഴിക്കാൻ തോന്നിയില്ല. ഒന്നു കുളിക്കണം, കുളിച്ചുവന്നപ്പോൾ ഒരു കുസൃതി തോന്നി. വിവാഹസാരിയെടുത്ത് ഉടുത്ത് നന്നായി ഒരുങ്ങി, ഇനിയൊന്നുറങ്ങണം. തടസ്സമില്ലാത്ത ഉറക്കം. അലമാര തുറന്ന് ആ ചെറിയ കുപ്പി തപ്പിയെടുത്തു. ഉണ്ട് ആവശ്യത്തിന് ഗുളികകളുണ്ട്. അടപ്പ് തുറന്ന് കൈവെള്ളയിലേക്ക് ചരിച്ച് കുറേ വായിലിട്ട് വെള്ളം കുടിച്ചു. വീടിന്റെ കതകുകൾ ചാരി നേരെ കിടപ്പുമുറിയിലേക്ക് പ്രവേശിച്ച് കിടക്കയിലേക്ക് ചാഞ്ഞു. ഇനി ഉറങ്ങാം ശാന്തമായി. ●





**വിനോദ് കുമാർ ദാമോദർ**
**9446352141**

# ഹരിത ട്രിബ്യൂണലിന്റെ ചിറകരിയാൻ ശ്രമമോ ?

ഈ കഴിഞ്ഞ ദിവസം കേന്ദ്ര സർക്കാർ ഇറക്കിയ ഒരു ഉത്തരവ് പ്രകാരം പരിസ്ഥിതികാര്യങ്ങളുമായി ബന്ധപ്പെട്ട വിവിധ കേസുകൾ മാത്രം കൈകാര്യം ചെയ്യുവാൻ വൻ അധികാരങ്ങളുമായി രൂപീകരിയ്ക്കപ്പെട്ട ഹരിത ട്രിബ്യൂണൽ ഇല്ലാതാകുന്ന, അല്ലെങ്കിൽ ചിറകരിയ്ക്കപ്പെടുന്ന സ്ഥിതിയിലേയ്ക്ക് സംഗതി എത്തിപ്പെടും. ഒരു റിട്ട. സുപ്രീം കോടതി ജഡ്ജി അദ്ധ്യക്ഷനായ ട്രിബ്യൂണൽ വളരെ പ്രമാദമായ വിധികൾ പുറപ്പെടുവിച്ചിരിയ്ക്കേയും പല പ്രമാദമായ കേസുകൾ പരിഗണിക്കവേയുമാണ് ഇത്തരത്തിലുള്ള ഒരു തീരുമാനവുമായി കേന്ദ്രസർക്കാർ നീക്കം. ബംഗുളുരുവിലെ അഴുക്കു നിറഞ്ഞ രാസവസ്തുക്കൾ പുറത്തേയ്ക്കൊഴുകുന്ന തടാകങ്ങൾ വൃത്തിയാക്കാനുള്ള നടപടി സ്വീകരിക്കുവാനുള്ള ഉത്തരവ് ഇതിൽ പ്രമാദമായ വിധിയാണ്. കൂടാതെ ചെറുതും എന്നാൽ പാരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായ കുറേ കേസുകളിൽ ഹരിത ട്രിബ്യൂണൽ ഉത്തരവിട്ടത് മാധ്യമങ്ങൾ വൻ വാർത്തയായി നൽകിയിരുന്നു. ഇതുപോലെ ഒരുപാട് കേസുകളിൽ ഹരിത ട്രിബ്യൂണൽ ഉത്തരവുകൾ ഇറങ്ങിയത് ഗുണപ്രദമായിവരുകയായിരുന്നു.

ഇപ്പോഴത്തെ കേന്ദ്രസർക്കാർ നീക്കമനുസരിച്ച് ഒരു ഐ. എ. എസ് ഉദ്യോഗസ്ഥനെ അദ്ധ്യക്ഷനായി നിയമിച്ചുകൊണ്ടാണ് ട്രിബ്യൂണലിന്റെ പ്രവർത്തനം മുന്നോട്ടുപോവുക. അതുകൊണ്ടുതന്നെ ഈ ട്രിബ്യൂണലിന്റെ ഇനി അങ്ങോട്ടുള്ള അധികാരം ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

മൂന്നാറിലെ കയ്യേറ്റ വിഷയം ചൂടുപിടിച്ചു നിന്ന സമയത്ത് ഒരു മാസത്തിനകം അവിടത്തെ നിജസ്ഥിതി വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുത്തരവിട്ട ഹരിത ട്രിബ്യൂണൽ നീക്കം വളരെ ശ്രദ്ധയാകർഷിച്ചിരുന്നു.

വൻപദ്ധതികൾക്ക് നിയമങ്ങൾ അയവുവരുത്തിയ സംഭവത്തിൽ ഹരിത ട്രിബ്യൂണലിന്റെ ഇടപെടൽ തന്നെ കാര്യങ്ങൾ ഈ വഴിയ്ക്കുതന്നെ നീങ്ങുമെന്ന ഒരു അറിവ് പൊതുവെ ഹരിത ട്രിബ്യൂണലിന്റെ കാര്യത്തിൽ അഭിപ്രായമുയർന്നിരുന്നു. ●

■പുസ്തകപരിചയം



# മുഖപുസ്തകത്തിലെ അമ്മ



മംഗളൻ തൈയ്ക്കൽ എഴുതിയ
പുസ്തകത്തെക്കുറിച്ചൊരു ആസ്വാദനം

**അശോകൻ രാജീവം**
**9447533850**

സാഹിത്യം - സംഗീതം - ചലചിത്രം എന്നിവയ്ക്കെല്ലാം വളർച്ചയുടെ പ്രാരംഭഘട്ടം മുതൽ നോക്കുമ്പോൾ മൂന്നുനാലു തലങ്ങൾ ഉണ്ടായിരുന്നു എന്നു കാണാം. ഇതിൽ മാറ്റങ്ങൾ ഏറെയും അവകാശപ്പെടാനുള്ളത് ചെറുകഥ, നോവൽ, ചലച്ചിത്രം എന്നിവയ്ക്ക് മാത്രമാണ്. കവിതയും സംഗീതവും അഥവാ ചലച്ചിത്ര ഗാനങ്ങളും ഇപ്പോൾ ഒരു ന്യൂജെൻ പരിവേഷത്തിലാണ് കാണുന്നത്. അതാകട്ടെ ആർക്കും സ്വീകാര്യമാകുന്നുമില്ല. പുതിയ തലമുറയിലെ കുട്ടിഗായകർ പോലും മത്സരവേദികളിൽ പാടുവാൻ വേണ്ടി തിരഞ്ഞെടുക്കുന്നത് പഴയ കാല കവിതകൾ അല്ലെങ്കിൽ പാട്ടുകൾ ആണ്. ഇത്രയും പറഞ്ഞത് മലയാള സാഹിത്യശാഖയിൽ ചെറുകഥയുടെ സ്ഥാനം ഇപ്പോഴെവിടെയെത്തി നിൽക്കുന്നു എന്നതിലേയ്ക്ക് എത്തുവാനാണ്.

വാസനാ വികൃതി എന്ന ആദ്യകാല കഥ പറച്ചിലിൽ നിന്നും വളരെയേറെ കഷ്ടതകൾ അനുഭവിച്ചാണ് കഥാസാഹിത്യം വളർന്നത്. രണ്ടാം ഘട്ടത്തിൽ അത് തകഴി, പൊൻകുന്നം വർക്കി, കാരകർ, ബഷീർ, ഉറൂബ് എന്നുതുടങ്ങുന്ന ശ്രേണിയിലേയ്ക്ക് എത്തി. അത് ചെറുകഥയുടെ ഒരു സുവർണ്ണ കാലമായിരുന്നു. തുടർന്നുവന്ന എം. ടി. മുകുന്ദൻ, പത്മരാജൻ, സക്കറിയ, മാധവിക്കുട്ടി, ഒ. വി. വിജയൻ, ടി. പത്മനാഭൻ എന്ന തലമുറയിലേക്ക് എത്തുമ്പോഴേക്കും കഥ ഒരു കരുത്തുറ്റ ബിംബമായി മാറിക്കഴിഞ്ഞിരുന്നു.

തുടർന്നാണ് സുധീഷ്, അശോകൻ ചരുവിൽ, സന്തോഷ് എച്ചിക്കാനം, ഉണ്ണി ആർ. ഹരീഷ്, സുസ്മേഷ് ചന്ദ്രോത്ത്, ഇന്ദു, പ്രിയ, സുഭാഷ് ചന്ദ്രൻ, കെ. ആർ. മീര മുതലായ എണ്ണമറ്റ ആധുനിക കാല എഴുത്തുകാരിലെത്തി നിൽക്കുന്നത് - ക്ഷമിക്കണം, നിൽക്കുകയല്ല ഇനിയും ആ നിരയിൽ അഭൂതപൂർവ്വമായ കണ്ണികൾ ചേർക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഈ ഘട്ടത്തിൽ നിന്നുകൊണ്ടാണ് നാം മംഗളൻ തൈയ്ക്കൽ എഴുതിയ 'മുഖപുസ്തകത്തിലെ അമ്മ' എന്ന കഥാസമാഹാരം വായിക്കുന്നത്. ഇതിലെ ഓരോ കഥകളും ഓരോ അനുഭവങ്ങളാണ്. വായനക്കാരന്റെ ചേതനയെ അധികമൊന്നും കലുഷിതമാക്കാതെ എളുപ്പത്തിൽ വഴങ്ങുന്ന ചില പഴഞ്ചൊല്ലുകൾപോലെ ഹൃദ്യമാണ് അവ.

കഥയെന്നാൽ കള്ളമാണ്. ഒരു കള്ളത്തെ സത്യത്തിന്റെ മേമ്പൊടി ചേർത്ത് അതിവിദഗ്ദ്ധമായി അഥവാ സത്യമാണെന്ന് തോന്നിപ്പിക്കുംവിധം സത്യസന്ധമായി അവതരിപ്പിക്കുന്നതാണ് കഥയെഴുത്തിലെ സൂത്രം. തിരിച്ചും അങ്ങനെ ത്തന്നെ. പക്ഷെ, കഥയുടെ സുവർണ്ണ കാലഘട്ടം എന്നു നാം വിശേഷിപ്പിച്ച കാലത്തെ കഥകൾ പോലെ ലളിതവും സത്യസന്ധവുമായ ആഖ്യാന ശൈലിയാണ് കഥാകൃത്ത് ഇതിലെ കഥകളിൽ സ്വീകരിച്ചിരിക്കുന്നത്. ഒട്ടേറെ അനുഭവസമ്പത്തുള്ളവർക്കേ ഇത്രയും ലളിതമായി കഥകൾ പറയാനാവൂ.

തനിക്ക് പറയാനുള്ളത് അധികമൊന്നും വളച്ചുകെട്ടാതെ, വായനക്കാരനെ ഒരെത്തും പിടിയും കിട്ടാത്ത വനാന്തർ ഭാഗത്തെത്തിക്കാതെ നേരേ ചൊവ്വേ പറയുക എന്നുള്ളതാണ് തൈക്കലിന്റെ രീതി. അതിൽ തികച്ചും ആത്മാർത്ഥത കാണിക്കുവാനും കഥാകൃത്തിന് കഴിഞ്ഞിട്ടുണ്ട്.

ഈ പുസ്തകത്തിലെ 'നഷ്ടസ്വപ്നങ്ങൾ' എന്ന കഥയുടെ തുടർച്ച തന്നെയാണോ 'കാലചക്രം' എന്ന് നമുക്ക് തോന്നിപ്പോകുന്നത് എഴുത്തനുഭവത്തിന്റെ സമാനത കൊണ്ടാണ്. അതുപോലെത്തന്നെയാണ് 'തന്ത്രികൾ' എന്ന കഥയുടെ ബാക്കിഭാഗമായി 'മാന്ത്രിക ഏലസ്സ്' എന്ന കഥ കൂടി ചേർത്തു വായിക്കുവാൻ തോന്നിപ്പിക്കുന്നത്.

തൈക്കലിന്റെ ഗ്രാമീണ നിഷ്കളങ്കതയെ വെളിപ്പെടുത്തുന്ന നിരവധി ചേരുവകൾ നമുക്ക് ഈ പുസ്തകത്തിൽ നിന്നും ലഭിക്കും. ഉദാഹരണത്തിന്, 'സമ്പാദ്യം' എന്ന കഥയിൽ - 'ഉമ്മറത്തെ ഓലച്ചുമരിനോട് ചേർന്ന് എൺപതിനുമുകളിൽ പ്രായമുള്ള ഒരു അമ്മൂമ്മ ഒടിഞ്ഞുമടങ്ങിയ കസേര പോലെ ചാരി ഇരിപ്പുണ്ടാകും' - എന്ന ഉപമ തന്നെ എത്ര രസകരമാണ്!

അതുപോലെത്തന്നെ, 'യാത്രക്കിടയിൽ' എന്ന കഥയിൽ ഇങ്ങനെ പറയുന്നു - 'ഒരു ബസ്

വരുന്നുണ്ട്, ഞാൻ കൈ കാണിച്ചിട്ടും അത് കൊഞ്ഞനം കാട്ടി കടന്നുപോയി' – എന്ന് ! ഒരു ഗ്രാമീണനുമാത്രം പറയാൻ പറ്റുന്ന വേറൊരു നർമ്മം കൂടി എടുത്തുപറയാനുള്ളത് 'ആശ്രിതരുടെ സ്വപ്നം' എന്ന കഥയിൽ നിന്നുമാണ്. ഒരു അയ്യപ്പൻ ചേട്ടന്റെ ചായക്കടയെ കേന്ദ്രമാക്കിയാണ് ആ കഥ പുരോഗമിക്കുന്നത്. അപ്പം തൂക്കി കവലയിലെ ആ ചായക്കടയെ വർണ്ണിക്കുന്ന രീതി അതിരസകരമാണ്. 'പണ്ടെങ്ങോ തറച്ച മാമ്പലകകളിൽ വെൺചിതലുകൾ തിന്ന് ഓട്ടകൾ വീണ ചുമരുകളും ഓല മേഞ്ഞ മേൽക്കൂരയുമായാൽ അയ്യപ്പൻചേട്ടന്റെ ചായക്കടയായി' എന്ന് പറഞ്ഞുകഴിയുമ്പോൾ എത്ര അപരിചിതനുപോലും ആ ചായക്കട സ്വന്തം നാട്ടിലെ ചായക്കടയായി മനസ്സിൽ പതിഞ്ഞുകഴിയും.

അതുമാത്രമല്ല കഥ പുരോഗമിക്കുമ്പോൾ മറ്റൊരു വാചകം കൂടി നമ്മൾ അടയാളപ്പെടുത്തിപ്പോകും. അതിപ്രകാരമാണ് – 'ചായക്കടയിൽ തിരക്കായി, ചായപ്പാട്ടയിൽ ഒറ്റചായകൾ ഓരിയിട്ടു' – എത്ര ഗഹനമാണ് ആ വാക്കുകൾ. മലയാളപദങ്ങൾക്ക് ഇത്രയും ഭംഗിയുണ്ടെന്ന് തോന്നിപ്പോകുന്ന ഈ രചനാവൈദഗ്ദ്ധ്യമാണ് ശ്രീ. മംഗളൻ തൈക്കലിന്റെ കഥകളുടെ സവിശേഷത.

ഇനിയും ഒരുപാട് കഥകൾ തൈക്കലിന് പറയാനുണ്ടാവും. ഇന്നത്തെ കാലഘട്ടത്തിനോട് ചേർത്തുവായിക്കാവുന്ന മറ്റൊരു കഥയാണ് 'മുഖപുസ്തകത്തിലെ അമ്മ'. അതിനെക്കുറിച്ച് അവതാരികയിൽ ശ്രീ. ഉല്ലല ബാബു വളരെ ഭംഗിയായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. അതിനേക്കാൾ മെച്ചമായി പറയുവാൻ മാത്രം വളർന്നിട്ടില്ല ഈയുള്ളുവൻ. ഉല്ലല ബാബുവിന്റെ ഓരോ എഴുത്തും കാലത്തിനോടൊപ്പം സഞ്ചരിക്കുന്നവയാണ്. അദ്ദേഹത്തിന്റെ അവതാരിക ഈ പുസ്തകത്തിന് ഒരു നെറ്റിപ്പട്ടം പോലെ അലങ്കാരം തന്നെ.

ഒരുപാട് തലങ്ങളിൽ ചർച്ച ചെയ്യപ്പെടേണ്ട ഒരു പുസ്തകമാണിത്. വായനയുടെ സൗകുമാര്യം നമുക്ക് നേരിട്ട് പ്രദാനം ചെയ്യുന്ന മംഗളൻ തൈയ്ക്കലിന്റെ ഈ പുസ്തകത്തിന് ഇനിയും നിരവധി പതിപ്പുകൾ ഉണ്ടാവട്ടെ എന്നാശംസിക്കുന്നു. ●

■പുസ്തകപരിചയം

**കെ. വിജയകുമാരൻ**
**9448312631, 9444540631**

## ജനാർദ്ദനൻ വണ്ടാഴിയുടെ

# സാരചരിതം

## (ഒരു നർമ്മപുരാണം)




എഴുത്തിലെ നർമ്മം കാലഹരണപ്പെട്ടുപോകുന്ന ഈ ആസുരകാലത്ത് ഓർക്കാപ്പുറത്ത് ശ്രീ. ഭാസ്ക്കരൻ കേരളശ്ശേരിയുടെ ഒരു എസ്. എം. എസ് വരുന്നു. എന്റെ വി. കെ. എൻ ബാധ നന്നായി അറിയുന്ന അദ്ദേഹം ഒരു നോവലിന്റെ പേരും അതിന്റെ കർത്താവിന്റെ ഫോൺ നമ്പറും അയച്ചിരിക്കയാണ്. എനിക്ക് കൃതി ഇഷ്ടമാകുമെന്ന ഉറപ്പും തന്നിരിക്കുന്നു.


ഉടനെ കർത്താവിനെ (നോവലിന്റെ) വിളിച്ചു, കുശലം പറഞ്ഞു, തപാലിൽ പുസ്തകം വരുത്തി. അങ്ങിനെ ഒരൊഴിവുദിവസം ജനാർദ്ദനൻ വണ്ടാഴി എഴുതിയ സാറചരിതം (എനിക്ക് സാറാ ചരിതം എന്നേ വായിക്കാനാവുന്നുള്ളു) എന്ന പുസ്തകം വായിച്ചുതുടങ്ങി. വായിച്ചുരസിച്ചു. കണ്ടമാനം ചിരിച്ചു. (പരിസരത്ത് മണ്ണില്ലാത്തതിനാൽ കപ്പിയില്ല).

മഹാഭാരത കഥയുടെ ചുവടുപിടിച്ച് ആധുനിക കേരളത്തിന്റെ പശ്ചാത്തലത്തിൽ വിന്യസിച്ച ഈ നോവൽ ഒരസാമാന്യ രചനയാണെന്നു പറയാതെ വയ്യ. ഒരു വലിയ വ്യത്യാസം : മാമാശ്രീ ശങ്കുണ്ണ്യാരുടെ പണികളൊക്കെ ഇവിടെ പാളിപ്പോകുന്നു. സംഗതി മഹാഭാരതകഥയുടെ ഒരു പാരഡിപോലെ തോന്നുമെങ്കിലും വ്യാസനെന്തേ ഇത്തരത്തിൽ എഴുതാഞ്ഞത് എന്നാണ് എന്റെ (കു)ബുദ്ധിയിൽ ആദ്യം ഉദിച്ച ചോദ്യം. അനാവശ്യമായ രക്തച്ചൊരിച്ചിലൊന്നുമില്ലാതെ കഥ ഇതുപോലെയും എഴുതാമെന്ന് മാമുനിക്ക് ആരും സൂചിപ്പിച്ചുകാണില്ല എന്ന് കരുതാം.

തന്റെ വിട്ടുമാറാത്ത മത്സ്യഗന്ധത്തിനുകാരണം കരിമീൻ ചട്ടിയിലേക്ക് അമ്മ തന്നെ പ്രസവിച്ചതാണ് എന്നു സാറ പറയുന്നത് മുതൽ ശങ്കുണ്ണിയുടെ ചെങ്കണ്ണ് (കണ്ണുകടി) കൂടിക്കൂടി വരുന്നതുവരെ സംഭാഷണങ്ങൾ ചിരിയുടെ മാലപ്പടക്കത്തിൽ തീകൊളുത്തിയതുപോലെ ഒഴുകുകയാണ്. രാജാവ് സാറയെ കല്യാണം കഴിക്കുന്നതിന്റെ കണ്ടീഷനായി രാജകുമാരനെ 'വാസൂട്ടമി' അഥവാ വരിയുടയ്ക്കലിന്നു വിധേയനാക്കി, കാശും ബക്കറ്റും മേടിച്ചതിനേക്കാൾ തമാശയാണ് ആ ബക്കറ്റ് ഉപയോഗാനന്തരം പഴയ വസ്തുക്കളോടൊപ്പം തൂക്കി വിറ്റ് കാശാക്കുന്നത്. നർമ്മഭാവന അതിന്റെ 'മുഴുത്തു മൂത്ത' രൂപത്തിലെത്തിയിരിക്കുന്നു എന്ന് പറയാതെ വയ്യ.

ശങ്കുണ്ണിയാരും മരോക്കളും ഒരുക്കുന്ന ചീട്ടുകളിക്കെണിയിൽനിന്നും കൃഷ്ണൻകുട്ടിയുടെ ഇടപെടൽ കാരണം 'ഐവർ' രക്ഷപ്പെടുന്നതുമാത്രമല്ല കഥയിലെ പുതുമ. ശങ്കുണ്ണിയാരേയും മരോക്കളേയും നല്ല പൂശു പൂശി കുടകിൽ പഴയ കാന്താരികൃഷിയിലേർപ്പെടാൻ ഓടിച്ചുവിടുന്ന രക്തരഹിതമായ ഒരന്ത്യം പുതുമയുള്ളതും അത്യന്തം സുഖകരവുമാണ്. തികച്ചും സങ്കടകരമായ ഒരു സമയത്ത് ഈ ഹാസ്യനോവൽ വായിക്കുവാൻ അവസരമുണ്ടായത് അനൽപമായ ആശ്വാസം ഉളവാക്കി. ഒരു മുഴുനീളൻ ഹാസ്യനോവൽ വായിക്കാൻ ഈയടുത്ത

# അനുഭവക്കരുത്തിൽ കവിത പിറക്കുമ്പോൾ




സുരേഷ് തെക്കീട്ടിൽ
9446330957

മുപ്പത് വർഷത്തിലധികം നീണ്ടുനിന്ന അദ്ധ്യാപക ജീവിതം. സംസ്ഥാനത്തുടനീളം ആയിരക്കണക്കിനു ശിഷ്യൻമാർ. ഉള്ളു നിറഞ്ഞ അക്ഷരസ്നേഹം. നന്മ നിറഞ്ഞ കുടുംബജീവിതം. കോട്ടയം പാലാ സ്വദേശിയായ വി. ബി രാമൻ കുട്ടി മാസ്റ്റർ എന്ന മലയാളം അദ്ധ്യാപകന്റെ ജീവിതം എല്ലാ അർത്ഥത്തിലും ധന്യമാണ്. ആ ധന്യതക്ക് പൂർണ്ണത വരുത്തുകയാണ് ആർ. കെ. വള്ളിച്ചിറ എന്ന തൂലികാനാമത്തിൽ അദ്ദേഹം രചിച്ച 'ആഴിയും പുഴയും' എന്ന കവിതാസമാഹാരം. അനുഭവസമ്പത്തും ഭാഷാ പാണ്ഡിത്യവും മാത്രമല്ല രചനകൾക്കടിസ്ഥാനം. താൻ ജീവിക്കുന്ന സമൂഹത്തിലേക്ക് തുറന്നുവെച്ച കണ്ണുകളും, മനസ്സും കൂടിയാണ്. അവയിൽ തട്ടി പ്രതിഫലിയോട് അദ്ദേഹം പുലർത്തുന്ന എന്തെന്നില്ലാത്ത മമത മാത്രമല്ല കവിതയുടെ മൂല്യം എന്തായിരിക്കണമെന്ന വിട്ടുവീഴ്ചയില്ലാത്ത ധാരണ കൂടിയാണ് വെളിവാകുന്നത്. പത്മശ്രീ ഡോ. വെള്ളായണി അർജുനൻ, ശ്രീ. ഏഴാച്ചേരി രാമചന്ദ്രൻ, ശ്രീ മുക്കം ഭാസി മാസ്റ്റർ ശ്രീ കിളിരൂർ രാധാകൃഷ്ണൻ എന്നീ സാഹിത്യ സാംസ്കാരിക രംഗത്തെ നക്ഷത്രതിളക്കമുള്ള ശ്രേഷ്ഠ വ്യക്തിത്വങ്ങളുടെ അക്ഷര ചൈതന്യത്താൽ അനുഗ്രഹിക്കപ്പെട്ടാണ് ആഴിയും പുഴയും ആസ്വാദകരിലെത്തുന്നത്. ആഴിയും പുഴയും മുതൽ ഗുരുദേവജയന്തി വരെയുള്ള മുപ്പത് കവിതകൾ എല്ലാം തന്നെ ഈ കവിയുടെ എഴുത്തു വൈഭവം തെളിയിക്കാൻ പ്രാപ്തമായവ തന്നെ.

പുഞ്ചിരി പൂക്കൾ പൊഴിച്ചു നിൽക്കുന്ന സുഹൃത്തുക്കൾക്കാണ് പുസ്തകം സമർപ്പിച്ചിരിക്കുന്നത്. അത് കവിതാരൂപത്തിൽ തന്നെയാണ് എന്നത് മറ്റൊരു സവിശേഷത. സമാഹാരത്തിലെ ഒരു ശ്രദ്ധേയ കവിതയായ കൂട്ടു കുടുബം ഒരു വിലാപം തന്നെയാണ്. അച്ഛനും, അമ്മയും, അമ്മാവനും മുത്തച്ഛനും എല്ലാം ഒന്നിച്ച് ഒരു കുടുംബ

ക്കുകയും പലപ്പോഴും ആ കണ്ണുകളേയും മനസ്സിനേയും ഈറനണിയിക്കുകയും ചെയ്ത വിഷയങ്ങൾകൂടിയാണ് അദ്ദേഹത്തിൽ നിന്നും കവിതകളായി പുറത്തുവരുന്നത്. അനുഭവങ്ങൾ പാകപ്പെടുത്തിയെടുത്ത പക്വമായ മനസ്സിൽ നിന്നുതിർന്നു വീഴേണ്ടതാണ് കവിത എന്ന ഉറച്ച വിശ്വാസം മാഷിനുണ്ട്. ആ വിശ്വാസം നൽകുന്ന കരുത്താണ് എന്ത് എഴുതിയാലും എങ്ങനെ എഴുതിയാലും കവിതയാണ് എന്ന് വാശി പിടിക്കുന്നവരുടെ ഈ കാലഘട്ടത്തിൽ ആർ. കെ വള്ളിച്ചിറ എന്ന കവിയേയും അദ്ദേഹത്തിന്റെ കവിതകളേയും വ്യത്യസ്തമാക്കുന്നത്. തന്റെ രചനകൾക്ക് ഇപ്പോഴാണ് പക്വതയായത് എന്നദ്ദേഹം പറയുമ്പോൾ കവിതമായി ഒരേ വീട്ടിൽ താമസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു എന്ന് പുതിയ തലമുറയെ ഇന്ന് ബോധ്യപ്പെടുത്താൻ തന്നെ കഴിയുമോ എന്ന് സംശയമാണ്. സ്നേഹവും ബന്ധവും നിറഞ്ഞു നിന്നിരുന്ന ആ കാലം എന്നെന്നേക്കുമായി അകന്നു പോകുന്നു എന്ന തിരിച്ചറിവിൽ നിന്നും ഇനി ഒരിക്കലും ആ കാലം തിരിച്ചു പിടിക്കാൻ കഴിയില്ല എന്ന യാഥാർത്ഥ്യബോധത്തിൽ നിന്നുമായിരിക്കണം ഈ വരികൾ പിറന്നിട്ടുണ്ടാവുക. ആ നല്ല കാലം ആർ. കെ. വള്ളിച്ചിറ എന്ന കവിക്ക് കേട്ടറിവല്ല എന്നു തീർച്ച. ആ ഒരു നല്ല കാലത്തിന്റെ നന്മയിൽ തുടങ്ങി ഇനി അതൊരു ദിവാസ്വപ്നമാണെന്ന വേദനയിൽ ഈ കവിത അവസാനിക്കുന്നു. ഏതൊരു എഴുത്തുകാരനേയും പോലെതന്നെ തകാലത്തൊന്നും അവസരം ലഭിച്ചിരുന്നില്ല.

ഹാസ്യമെഴുതാൻ ഒട്ടും എളുപ്പമല്ല. ഒരു വാചകം നർമ്മമെഴുതുവാൻ എത്രമാത്രം വായിക്കണം എന്ന് വി. കെ. എൻ. പറഞ്ഞത് ഓർമ്മിക്കുമ്പോൾ, ശ്രീ. ജനാർദ്ദനൻ മഹാഭാരതവും ബന്ധപ്പെട്ട കൃതികളും എത്ര തവണ വായിച്ചിരിക്കുമെന്ന് അത്ഭുതപ്പെടുകയാണ്. ഭാഷയും, പ്രയോഗങ്ങളും, സംഭാഷണ ശൈലിയും ഒക്കെത്തന്നെ രസച്ചരടിന്റെ പിരി മുറുക്കുവാൻ ഉതകിയിട്ടുണ്ട്. ആസകലാൽ ഒരു രസികൻ പുസ്തകം. ബഡാ എഴുത്തുകാരൊക്കെയും കണ്ടമാനം സീരിയസ് ആയി എഴുതുന്ന ഈ കാലത്ത് ജനാർദ്ദനൻ വണ്ടാഴി ഒരു ബല്ല്യ ആശ്വാസമാണ്. കൃതി ഗ്രന്ഥകർത്താവുതന്നെയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. വില. നൂറു ഉറുപ്യ മാത്രം. കോപ്പികൾ ആവശ്യമുള്ളവർ 8089060168/9539206386 എന്നീ നമ്പരുകളിലോ, jenukrishna57@gmail.com എന്ന ഇ-മെയിൽ ഐഡിയിലോ ബന്ധപ്പെടുക.




**ആഴിയും പുഴയും**
പേജ് - 98. വില - 100 രൂപ
ആർ. കെ. വള്ളിച്ചിറ
മൊബൈൽ - 9496161911

ന്റെ ജന്മഗ്രാമം രാമൻ കുട്ടിമാഷേയും പുളകമണിയിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വള്ളിച്ചിറ എന്ന നല്ല ഗ്രാമത്തിന്റെ മനോഹാരിത ഒട്ടും തന്നെ ചോർന്നു പോകാതെ വരച്ചിടാനുള്ള ശ്രമം തന്നെയാണ് എന്റെ ഗ്രാമം എന്ന രചന. ആ ശ്രമത്തിൽ നന്നായി വിജയിച്ച മാഷ് ഈ നല്ല ഗ്രാമത്തെ മലയാള സാഹിത്യത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു എന്ന് നിസ്സംശയം പറയാം.

കാറ്റ് എന്ന കവിതയിൽ വ്യത്യസ്തമായ ഒരു രചനാരീതി സ്വീകരിച്ചിരിക്കുന്നതായി കാണാം. കാറ്റ് തുണയായും നാശമായും പഴംചൊല്ലായും ഒക്കെ കവിതയിൽ നിറയുന്നുണ്ട്. ജലമാലിന്യങ്ങൾ, ശബ്ദമലിനീകരണം എന്നീ രണ്ടു കവിതകൾ കൈകാര്യം ചെയ്യുന്നത് വളരെ പ്രാധാന്യമർഹിക്കുന്ന സാമൂഹ്യ പ്രശ്നങ്ങളാണ്. കായലും പുഴയും എല്ലാം മലിനമാവുകയും വിഷമയമാവുകയും ചെയ്യുന്നതിൽ വേദനിക്കുന്ന കവി ഭാവിയിലുണ്ടാകാൻ പോകുന്ന വൻ ദുരന്തത്തെ ഓർമ്മിപ്പിച്ച് മുന്നറിയിപ്പ് നൽകുക എന്ന കവിധർമ്മം പാലിക്കുന്നതായി കാണാം.

സമൂഹത്തിൽ വെളിച്ചം പകർന്നു നിൽക്കുന്ന വ്യക്തികൾ, പ്രസ്ഥാനങ്ങൾ, പ്രസിദ്ധീകരണങ്ങൾ എല്ലാം മാഷിനെ സ്വാധീനിച്ചിട്ടുണ്ട്. ആറു പതിറ്റാണ്ടുകളായി കലാസാംസ്കാരികരംഗങ്ങളിൽ നിറസാന്നിദ്ധ്യമായി നിൽക്കുന്ന, വലിപ്പ ചെറുപ്പങ്ങളില്ലാതെ സർവ്വരോടും സ്നേഹത്തോടെ ഇടപെടുന്ന പ്രശസ്ത എഴുത്തുകാരനും നാടകപ്രവർത്തകനുമായ മുക്കം ഭാസി മാഷുടെ അത്ഭുത വ്യക്തിത്വവും, എഴുതി തുടങ്ങുന്നവർക്കും, എഴുതി വളരുന്നവർക്കുമെല്ലാം എന്നും പിൻബലമായി നിൽക്കുന്ന ഏകതത്ത്വ മാസികയുടെ സേവനവും എല്ലാം കവിതയ്ക്ക് വിഷയമാകുന്നത് മറ്റൊന്നും കൊണ്ടല്ല. ഒരു വട്ടം കൂടി എന്ന കവിതയാകട്ടെ മലയാളത്തിലെ എക്കാലത്തേയും ഏറ്റവും മികച്ച കവികളിലൊരാളായ ഒ.എൻ. വി. കുറുപ്പിനോടുള്ള സ്നേഹത്തിൽ നിന്നും ആ കവിത്വ സിദ്ധിയോടുള്ള ആരാധനയിൽ നിന്നും രൂപം കൊണ്ടതുമാണ്.

പ്രതിഷേധിക്കേണ്ടിടത്ത് ശക്തമായി തന്നെ പ്രതിഷേധിക്കേണ്ടത് പൗരധർമ്മമാണ് എന്ന് ഓർമ്മിപ്പിക്കുന്നു ജിഷ എന്ന കരുത്തുറ്റ രചന. എന്നാൽ മനുഷ്യകുലത്തിനു ചൈതന്യമായി ഭവിക്കുന്നതെല്ലാം അംഗീകരിക്കാൻ കവി ഒട്ടും മടികാണിക്കുന്നില്ല എന്നതിന്റെ തെളിവുകളാണ് മാലാഖ, ഗുരുദേവ ജയന്തി എന്നീ കവിതകൾ. ഒന്നിനൊന്നു മെച്ചമായ ഈ കവിതകളിൽ ഏറ്റവും മികച്ച ഒരു കവിത തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടാൽ എന്നിലെ വായനക്കാരൻ രണ്ടാമതൊന്നാലോചിക്കാതെ മനസ്സു ചേർത്തു വെക്കും മർദ്ദിതരുണ്ടരട്ടെ എന്ന കവിതയോട്. ദുരിതവും, ദുഖവും, യാതനയും വേദനയും എല്ലാം അറിഞ്ഞും അനുഭവിച്ചും വന്ന ബാല്യകൗമാരങ്ങൾ. സ്വന്തം വിയർപ്പിനാൽ വിശപ്പുമാറ്റി പൊരുതി നേടിയ ജീവിതം. വാശിയോടെ നടന്നു കയറിയ പരുക്കൻ പാതകൾ. വെല്ലുവിളിയായി തന്നെ സ്വീകരിച്ച് പിന്നിട്ട കല്ലു വിരിച്ച വഴികൾ. മനസ്സിൽ ആഴത്തിൽ പതിഞ്ഞു കിടക്കുന്ന കണ്ണീർ കാഴ്ചകൾ, നേരിൽ കണ്ട നിസ്സഹായത നിറഞ്ഞ മുഖങ്ങൾ, വിശ്വനീയമായ കേട്ടറിവുകൾ എല്ലാം ചേർന്ന് ആ മനസ്സിൽ തീർത്ത വിങ്ങലുകളുടെ കുത്തിയൊഴുക്കാണ് ഈ രചന. അതുകൊണ്ടുതന്നെ ആ ഒഴുക്ക് അതിശക്തമായി തീർന്നതിൽ ഒട്ടും അത്ഭുതപ്പെടാനുമില്ല. പിന്നിട്ട കാലഘട്ടങ്ങളുടെ നേർച്ചിത്രങ്ങൾ പകർത്തിയെഴുതുന്നതിൽ പൂർണ്ണതയിലെത്തിയിട്ടുണ്ട് ഈ കവിത. പണ്ട് ജന്മിയുടെ പാടത്ത് മിണ്ടാപ്രാണികളെ പോലെ പണിയെടുത്തവർ, തല്ലുകൊണ്ടവർ സഹിക്കാൻ മാത്രം വിധിക്കപ്പെട്ടവർ, മനുഷ്യൻ എന്ന പരിഗണന പോലും ലഭിക്കാതെ തീണ്ടലുള്ളവരായി മാറ്റി നിർത്തപ്പെട്ടവർ ആ ദയനീയ ചിത്രം പകർത്തുമ്പോൾ വരികൾ തീഷ്ണമാകുന്നത് തീർത്തും സ്വാഭാവികം. ആ കാലഘട്ടത്തിൽ നിലനിന്നിരുന്ന എല്ലാ നെറികേടുകൾക്കെതിരേയും അക്ഷരങ്ങൾ കൊണ്ടു പോരാടിയ കുമാരനാശാനെ കുറിച്ച് പറയുമ്പോൾ അഭിമാനം കൊള്ളുന്ന കവി അക്ഷരങ്ങളുടെ ശക്തിയിൽ നന്നായി തന്നെ ഊറ്റം കൊള്ളുന്നുമുണ്ട്. അതിന്റെ മറ്റൊരു വശം വേറൊരു രൂപത്തിൽ ഇന്നും നിലനിൽക്കുന്നു എന്ന സത്യം വിളിച്ചു പറയാനും അദ്ദേഹം മടിക്കുന്നില്ല എന്നത് ഏറെ ശ്രദ്ധേയം. പോസ്റ്ററൊട്ടിക്കുന്നവനും, കൊടി പിടിക്കുന്നവനും, രക്തസാക്ഷിയാകുന്നവനും ഇന്നും പാവപ്പെട്ടവൻ തന്നെ എന്ന വലിയൊരു സത്യത്തിലേക്ക് കവി വിരൽ ചൂണ്ടുന്നു. ദളിതർ എന്നും ദളിതരായി ചെളിയിൽ കഴിയേണ്ടവരല്ല ഒളി തെളിഞ്ഞു വളരേണ്ടവരാണ് എന്നും കിളികളെ പോലെ പറന്നുയരേണ്ടവരാണെന്നും അതിനായി തെളിമയോടെ പരിശ്രമിക്കാൻ ആഹ്വാനം ചെയ്തുമാണ് ആ മികച്ച രചന അവസാനിക്കുന്നത് ഈ ഭൂമിയിലെ ഒരു നന്മയേയും കവി കാണാതെ പോകുന്നില്ല. ആ നന്മകളെല്ലാം തന്നെ കവിക്കും പ്രിയപ്പെട്ടതുതന്നെ. അരുവി, പുഴ, പൂക്കൾ പൂച്ചെടി, മലകൾ, കുന്നുകൾ സൂര്യൻ, ചന്ദ്രൻ, പൂങ്കോഴി, പച്ചതത്ത, ഊഞ്ഞാൽ, തേന്മാവ്, മുല്ലവള്ളി എല്ലാം കവിതകളിൽ നിറയുന്നു. പ്രകൃതിയുടെ ഉപാസകൻ തന്നെയാണ് കവി. പുലർകാല ശോഭ, വിഷുക്കണി, പകലോനെ വിടെപോയി, വണ്ടുമുരളുന്നു, രാപ്പൂവുകൾ, പൂപ്പുലരി, ചിത്രശലഭം എന്നീ കവിതകളിലെല്ലാം പ്രകടമാകുന്നത് അതിർവരമ്പുകളില്ലാത്ത ആ പ്രകൃതി സ്നേഹം തന്നെയാണ്.

കവിത അതിഹൃദ്യമായി അനുഭവപ്പെടുന്നത് അത് ഉൾക്കൊള്ളുന്ന ആശയ സൗന്ദര്യത്തോടൊപ്പം വൃത്തം, അലങ്കാരം, രസം തുടങ്ങിയ രൂപസൗഭാഗ്യങ്ങൾ ഒത്തിണങ്ങുമ്പോഴാണ് എന്ന് അവതാരികയിൽ പത്മശ്രീ ഡോ.വെള്ളയാണി അർജ്ജുനൻസാർ അഭിപ്രായപ്പെടുന്നുണ്ട്. നൂറു ശതമാനം സത്യം തന്നെയാണിത്. ഇനി ഒരു പക്ഷേ ഈ അഭിപ്രായത്തോട് വിയോജിപ്പുള്ളവർക്കു പോലും വള്ളിച്ചിറ മാഷുടെ കവിതകളോട് മുഖം തിരിഞ്ഞു നിൽക്കാനോ അനിഷ്ടം പ്രകടിപ്പിക്കാനോ സാധിക്കുമെന്നു തോന്നുന്നില്ല. കാരണം അവിടെയാണ് മുക്കം ഭാസി മാഷ് ഈ കവിതകളെ കുറിച്ച് രേഖപ്പെടുത്തിയ അഭിപ്രായം പ്രസക്തമാകുന്നത്. ആ നല്ലവാക്കുകൾ ഞാൻ ആവർത്തിക്കട്ടെ. "മൃദുത്വമാണ് ഈ കവിതകളുടെ മുഖമുദ്ര. കാവ്യരീതി ജനകീയമാണ്. ദഹനക്കേടുണ്ടാക്കുന്ന ഒരു ചേരുവയും ഈ വിഭവങ്ങളിലില്ല."

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

തുടക്കത്തിൽ തന്നെ ഒരു കാര്യം സ്പഷ്ടമാക്കട്ടെ. ഇത് ആരേയും താഴ്ത്തിക്കാട്ടാനോ പരിഹസിക്കാനോ അല്ല. രചനകളെ സൂക്ഷ്മമായി വായിച്ചു മനസ്സിലാക്കാൻ ശ്രമിച്ചു. എല്ലാവരുടേയും വാസ്തവ ഗുണത്തിന്റെ സദുദ്ദേശത്തോടെ എഴുതുകയാണ്.

'കാക്കക്ക് തൻ കുഞ്ഞ് പൊൻ കുഞ്ഞ്' എന്നൊരു ചൊല്ലുണ്ട്. രചനകളുമായി നിസ്സംഗത/ പാശമില്ലായ്മയുണ്ടെങ്കിൽ ഭിന്ന അഭിപ്രായങ്ങളാൽ രചയിതാക്കൾ കോപിക്കാതെ കഴിയും ! സ്വന്തം തൃപ്തിക്ക് പുറമെ പ്രകാശിതമാക്കുന്നത് വായനക്കാരുടെ യഥാർത്ഥ ഗുണത്തിനു കൂടി ആയാൽ ഉത്തമമാണ്. ഇത്തരം ലേഖനങ്ങൾ/ കവിതകൾക്ക് ഒരുവിധ പ്രതികൂല ഫലം ഉണ്ടാവരുതെന്ന് വിദ്യാസമ്പന്നരായ രചയിതാക്കൾ ഓർമ്മ വെച്ചാൽ നന്ന്.

ഏക തത്ത്വയുടെ ആദ്യ കാലത്ത് കുട്ടികൾക്കായി 'ഇത് ഞങ്ങളുടെ പേജ്' എന്ന് ചെറു വിഭാഗമുണ്ടായിരുന്നു. ഇന്നും മാസികയിലെ ചില രചനകൾ പഞ്ചതന്ത്രം/ ജാതകകഥകൾ/Aesop Fables/അയൂബ് കഥകൾ എന്നിവയുടെ ആധാരത്തിൽ കുട്ടികൾക്കും യുവാക്കൾക്കും പ്രേരകമാണ്. ഏക തത്ത്വ പുസ്തകം 7 ലക്കം 7 ഉം, 9 ഉം ടി. കെ. ഉണ്ണികൃഷ്ണൻ, സത്യൻ താന്നിപ്പുഴ എന്നിവരുടെ രചനകൾ ഉദാഹരണങ്ങൾ ആണ്.

ഇത് തിരക്ക് പിടിച്ച, വെറി പിടിച്ച കാലം... ക്ഷമ കുറഞ്ഞു കുറഞ്ഞുകൊണ്ടുവരുന്ന ഇന്ന്, ഗുണകര ആശയങ്ങൾ/ സുവചനങ്ങൾ എന്നിയെക്കാട്ടിലും അതിവേഗം കണ്ണിൽ പെടുന്നതും മനസ്സിൽ തങ്ങുന്നതും ആയവയാണ് സഭ്യത കുറഞ്ഞ കുവചനങ്ങൾ, ഉത്തേജക ആശയങ്ങൾ എന്നിവ. പ്രമോദ് മഞ്ചേരിയുടെ പുരുഷാർത്ഥത്തിൽ തന്നെ (പുസ്തകം 7 ലക്കം 6) രാധയുടെ കുടിയൻ അച്ഛൻ പല നല്ല കാര്യങ്ങൾ പറഞ്ഞുകൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും കുട്ടിയുടെ മനസ്സിൽ തങ്ങിയതും നാവിന്റെ തുമ്പത്ത് ഉടൻ വന്നതും അസഭ്യശകാരമാണെന്നുള്ളത് സ്പഷ്ടമല്ലേ? സ്വതവേ അമ്മായിയമ്മമാരെക്കുറിച്ച് അഭിപ്രായം മോശമാണ്. പുറമെ ഇന്നുകാലത്ത് അതിമോഹം, ആർത്തി, ഇടുങ്ങിയ മനസ്ഥിതി, സ്വാർത്ഥപരത എന്നിവ പ്രവൃദ്ധമായി വരുന്നതിനാൽ അമ്മായിയമ്മമാരെ കുറ്റപ്പെടുത്തിയുള്ള രചനകൾ സാധാരണമാണ്. (Tension ചുരുക്കാൻ അമ്മായിയമ്മയുടെ രസകരമായ ഒരു ചെറുകഥ 'ഭാഷാസ്നേഹം മതസ്നേഹം ദേശസ്നേഹം'എന്ന ലേഖനത്തിന്റെ ഒടുവിൽ കൊടുത്തിട്ടുണ്ട് (പേജ് - 8) വായിക്കുക. !!)

എന്റെ ഉദ്ദേശം കൃതികളിൽ സഭ്യമല്ലാത്ത വാക്കുകൾ/ വരികൾ കൂടാതെ കഴിയില്ലെങ്കിൽ മാത്രം ഉപയോഗിക്കുന്നതിന് വിരോധമില്ല എന്നാണ്. പുറമെ, ഇവയെ മുഴുവനാക്കി/വ്യക്തമാക്കി/ 'പച്ച'യായി എഴുതാതിരിക്കുന്നതാണ് ഭേദം. ഒരുദാഹരണം കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ മികച്ച 'ഐതിഹ്യമാല'യിൽ നിന്ന്. (നാൽപ്പത്/ അമ്പത് കൊല്ലം മുമ്പ് വായിച്ച ഓർമ്മയാണ് !) ചേർത്തല ഭഗവതിയെ പ്രതിഷ്ഠിച്ച വിശ്വമംഗലത്ത് സ്വാമികൾ പിന്തുടർന്ന് ഓടി ക്ഷീണിച്ച് ഭഗവതിയെ പിടിച്ചിരുത്തി പറഞ്ഞുവത്രെ, 'നിക്ക് ! തലയിൽ ചേറ് പുരണ്ടവളെ ! "പു...ടി" ! (അസഭ്യവാക്കെന്താണെന്ന് 'പച്ച'യായി എഴുതാത്തതിനാൽ ഇന്നും അതെന്താണെന്ന് എനിക്കറിയില്ല !)

ലേഖനങ്ങളുടെ 'മാറ്റ്' ഉയർത്താൻ മാത്രമായി ഉപയോഗിക്കുന്ന ഇത്തരം Flowary Language ഒഴിവാക്കുന്നത് നന്ന് ! ഇതിനാൽ രാധമാരുടെ എണ്ണം ഗുണകരമാം വിധത്തിൽ കുറയാം !!

ഇതേപോലെ ഒഴിവാക്കാവുന്നതും ഇതിലും അനുചിതവുമായ ഒരു ഭാഗം തന്നെയുണ്ട്. 'തൂണും ചാരി നിന്നവർ' (പുസ്തകം 7 ലക്കം 7 പേജ് 33)ലെ 'വിജയ കുമാര' കവിയുടെ കല്പനകൾ നിറഞ്ഞ വർണ്ണന !!

ഐതിഹ്യങ്ങൾക്കും പുരാണകഥകൾക്കും കെട്ടുകഥകൾക്കും തന്നെ, എല്ലാറ്റിനും പ്രാധാന്യമുണ്ട്, സദുദ്ദേശം നിറഞ്ഞവയാണെങ്കിൽ മാത്രം. എന്നാൽ, ഏക തത്ത്വക്ക് 'നങ്ങേലി'യുടെ ആവശ്യം/വിശ്വസനീയതയുണ്ടോ ? (പുസ്തകം 7 ലക്കം 8)

'പുലയാടിച്ചി'യെ (പുസ്തകം 7 ലക്കം 7)ക്കുറിച്ച് നല്ല പരാമർശവും നിരവധി നല്ല അഭിപ്രായങ്ങളും വന്നുവെന്ന് കണ്ടു. എന്നാൽ എന്റെ മനസ്സിലെ ശങ്ക, ഒരു പക്ഷെ സ്കൂൾ/കോളേജിൽ മലയാളം പഠിക്കാത്തതുകൊണ്ടായിരിക്കുമെന്ന് ഞാൻ തീരുമാനിച്ചിരിക്കുകയാണ്.

മേൽ കൊടുത്തത് രചനകളെ സൂക്ഷ്മമായി വായിച്ചു മനസ്സിലാക്കാൻ ശ്രമിക്കുന്നു എന്നതിന്റെ തെളിവല്ലേ? നേരെമറിച്ച് ഇന്ന് കൈയിൽ മൈക്രോഫോൺ (മൈക്ക്) സെൽഫോൺ കിട്ടിയാൽ തോരാത്ത സംസാരവും തൂലിക/ word processor (കംപ്യൂട്ടർ) ലഭിച്ചാൽ ലേഖനം/കവിതകളുടെ പ്രളയ പ്രവാഹവും സാധാരണമല്ലെ ? പഞ്ചം കേൾക്കുന്നവർക്കും വായിക്കുന്നവർക്കുമല്ലെ ?

സമുദായത്തിലെ കുറവുകൾ/കേടുകൾ തീർക്കാൻ എല്ലാവരുടേയും കഴിയുന്ന ആത്മാർത്ഥ ശ്രമം ആവശ്യമാണ്. എന്നാൽ അപൂർവ്വം/ദുർലഭം ആയ സംഭവങ്ങളെ കുത്തിപ്പൊഴക്കി കേവലം (to impress) മതിപ്പുളവാക്കാൻ, 'മാറ്റ്' ഉയർത്താനായി, മസാല ചേർത്ത് ഉത്തേജിപ്പിച്ചു, അധമവികാരങ്ങളെ ഉണർത്തുന്നത് ഒരുതരം 'Yellow Journalism' അല്ലെ ? ഗുണത്തിനുപകരം ഇവ ദോഷമല്ലെ ചെയ്യുക ? ചിന്തിക്കുക !

അനേകം വിഘ്നങ്ങളുമായി ദിനംതോറും പോരാടിവരുന്ന പത്രാധിപരുടെ മേൽ screening/ censoring എന്നതിന്റെ ഭാരവും ചുമത്തുന്നത് ശരിയാണോ ? ചിന്തിക്കുക !

വൈദ്യശാസ്ത്രത്തിൽ നിപുണത നേടിയവർക്ക് DM (Doctor of Medicine) എന്ന ബിരുദം കൊടുക്കാറുണ്ട്. 'പേരുകളിലൂടെ' പരമ്പരയുടെ രചയിതാവും അനുഭവങ്ങളിലൂടെ (പുസ്തകം 7 ലക്കം 9 പേജ് 16) എഴുതുന്നവരുമായ ശ്രീ. പി. എം. ശശിധരന് DN (Doctor in Nameology) എന്ന ബിരുദം ചേരും ! പല ഊഹങ്ങളും കൽപനകളും അടങ്ങിയ ഇത്തരം ഗവേഷണങ്ങളിൽ ഒരു പക്ഷെ 'നങ്ങേലി'യേയും ചേർത്താം. ഇന്ന് കാലത്ത് മലയാളികളുടെ പേരുകളിൽ പല വികൃതവും അർത്ഥമറ്റതും ആയവയുള്ളതിനാൽ പേരുകളിലൂടെയുള്ള

ഗവേഷണം പ്രാന്ത് തന്നെ പിടിപ്പിക്കാം ! ഇതിനെ വിട്ടു, കുറച്ചു ഗൗരവം കൂടിയ വിഷയത്തിൽ അനുസന്ധാനം/ഗവേഷണം ചെയ്യുവാൻ ഒരുക്കമുണ്ടെങ്കിൽ ഒരു വിഷയത്തെ സൂചിപ്പിക്കാം. ഭജഗോവിന്ദം എന്ന കാവ്യം സുമാർ ഒമ്പതാം നൂറ്റാണ്ടിൽ ആദി ശങ്കരാചാര്യരും ശിഷ്യൻമാരും ചേർന്ന് രചിച്ചതാണ്. തുടക്കം 'ഭജ ഗോവിന്ദം ഭജഗോവിന്ദം ഗോവിന്ദം ഭജ മൂഢമതെ, സംപ്രാപ്തെ സന്നിഹിതെ കാലെ (ഇതിനുപകരം മരണെ എന്നും ചില പതിപ്പുകളിൽ ഉണ്ട്), നഹി നഹി രക്ഷതി ഡുകൃങ്ങ് കരണെ.' അർത്ഥാത് 'ഡുകൃങ്ങ് കരണെ' എന്ന വ്യാകരണ നിയമത്തെ ഉരുവിട്ട് കണ്ഠസ്ഥമാക്കിയത് കൊണ്ട് മരണകാലത്ത് ഒരു രക്ഷയും ഉണ്ടാവുകയില്ല; അതിനാൽ മൂഢമനസ്സേ, ഗോവിന്ദനെ ഭജിക്കുക. (വ്യർത്ഥ തർക്കം ഒഴിക്കാൻ 'ഗോവിന്ദൻ' എന്നതിന്റെ സ്ഥാനത്ത് യേശു, മുഹമ്മദ്, ആഹുരാ മാസ്ഡാ, സദ് ഗുരു, സത്യവചനം എന്ന് എന്തു വേണമെങ്കിലും ഇന്ന് ചേർക്കാം !) ശങ്കരാചാര്യർ ഇന്ത്യയുടെ തെക്ക്, പടിഞ്ഞാറ്, വടക്ക്, കിഴക്ക് എല്ലാവിടേയും സഞ്ചരിച്ച് 'അദ്വൈതം' സ്ഥാപിച്ച മഹാനാണ്. 'ഡു കൃങ്ങ് കരണെ' എന്ന പദം ഇംഗ്ലീഷിലെ 'Do' (ഡു), സംസ്കൃതത്തിലെ 'കൃ' എന്ന ധാതുവിന്റെ അർത്ഥം 'കരണം' (ചെയ്യുക) എന്നാണോ സൂചിപ്പിക്കുന്നത് ? വിളക്കം നൽക്കുക...!

മാർഗ്ഗദർശനവും പ്രചോദനവും കുറഞ്ഞുകൊണ്ട് വരുന്ന ഇന്നത്തെ busy കാലത്ത്, പ്രലോഭനങ്ങളും വ്യതിചലന സാധ്യതകളും ചുരുക്കാൻ അഭ്യസ്തവിദ്യരും കഴിവുള്ളവരുമായ രചയിതാക്കൾ കുറേക്കൂടെ ചുമതലാബോധത്തോടെ എഴുതുവാൻ ഇത് താണപേക്ഷയാണ്.

എം. എം. മേനോൻ
0491 6451469

---

പ്രിയപ്പെട്ട സാറിന്,

എഡിറ്റോറിയൽ വായിച്ചു. ഗംഭീരം എന്നല്ല അതിഗംഭീരം എന്ന് പറയാം. ജി. എസ്. ടി. യെക്കുറിച്ചുള്ള വിലയിരുത്തൽ വളരെ ശരിയായിരിക്കുന്നു. പല കടക്കാരും ലാഭമില്ല എന്ന് പറഞ്ഞ് സാധാരണ ഒരു ടോപ് അപ് വാങ്ങാൻ ചെന്നാൽ പോലും അത്ഞങ്ങൾ നിർത്തി എന്ന് പറയുന്നു. ഒരു അച്ചടി പിശക് വന്നു. ഹോസ്പിറ്റൽ എന്നത് ഹോട്ടൽ എന്നായിപ്പോയി. കവർച്ചിത്രം കെട്ടിലും മട്ടിലും മാറിയിരിക്കുന്നു. കൊള്ളാം ശ്രദ്ധേയമായ ഒരുമാറ്റമാണിത്. സാറിനും കുടുംബത്തിനും പ്രസ്ഥാനത്തിനും ഓണാശംസകൾ അറിയിക്കുന്നു.

സഹർഷം
അന്ന ജോസഫ്
9048614387

---

പ്രിയപ്പെട്ട മുരളീധരന്,

കഥാകൃത്തായ ശ്രീപ്രകാശ് ഒറ്റപ്പാലം എഴുതിയ 'രാമകൃഷ്ണപ്പടി, ആളിറങ്ങാനുണ്ടേ', എന്ന ലളിതമധുരമായ സ്മരണ വായിച്ചു. നാടിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളുന്ന കഥകളെഴുതി വരുന്ന അനുഗ്രഹീത കഥാകൃത്തിന്റെ തൂലികയിൽ നിന്നും ഉതിർന്നു വീണ സാത്വികാക്ഷരങ്ങൾ അതീവ ഹൃദ്യം തന്നെ. അദ്ദേഹത്തിനും ഏക തത്ത്വയ്ക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു. വിസ്മൃതിയിലാണ്ടുപോയ സുമനസ്സുകളെത്തേടിയുള്ള യാത്ര തുടരാൻ ശ്രീപ്രകാശിന് സാധിക്കുമാറാകട്ടെയെന്ന്ആശംസ.

സസ്നേഹം
ഇ. എൻ. നാരായണൻ
9539307005

---

പത്രാധിപക്കുറിപ്പ് ശ്രദ്ധേയം

ഏക തത്ത്വ ആഗസ്റ്റ് ലക്കം - വേറിട്ട ഒരു മുഖച്ചിത്രം - ബൈബിൾ, ഖുറാൻ, രാമായണം. താഴെയൊരാപ്തവാക്യവും. അറിവാം കനികളെ രുചിച്ചറിയൂ. ഉൾപ്പേജിൽ പത്രാധിപക്കുറിപ്പ് വായിച്ചപ്പോൾ കാര്യങ്ങൾ വ്യക്തമായി. ശ്രീ. ഇ. ടി. മുരളീധരൻ സൂചിപ്പിക്കുന്ന വസ്തുതകൾ എല്ലാം തന്നെ ചിന്തനീയമാണ്. എല്ലാ മതങ്ങളും നന്മയാണ്. പക്ഷെ അത് ഉൾക്കൊള്ളുന്നവരുടെ എണ്ണം തുലോം തുച്ഛമാണ്. പ്രഭാഷണം പുരോഹിതർ സി. ഡി. യിലാക്കി കച്ചവടം ചെയ്യുന്നു. ആ തുറന്നെഴുത്ത് സത്യമാണ്. പലവിധ തമാശകൾക്കൊപ്പം പുരോഹിതപ്രഭാഷണവും ഒരു കലാപരിപാടിയായി മാറി. സംശുദ്ധമായിരുന്ന സിനിമാരംഗം പണത്തിന്റെ തള്ളിക്കയറ്റത്തിൽ ഒരു അധോലോക സാമ്രാജ്യമായി മാറിത്തുടങ്ങിയോ ? എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇവിടെ മനുഷ്യർ താത്ക്കാലിക താമസക്കാർ മാത്രമാണ്. നമുക്ക് പുറകിലും ഒരു ജനത വരും. പ്രപഞ്ചം എല്ലാവർക്കുമുള്ളതാണ്. ഉദ്യോഗസ്ഥർ അഹിതമായി സമ്പാദിക്കുകയും മറ്റും ചെയ്യുമ്പോഴാണ് ന്യായമായ നീതി ലഭിക്കാതെ വരിക. ഏറ്റവും വലിയ അഴിമതി വകുപ്പ് സിവിൽ സപ്ലൈസ്, റേഷൻ കട ഇവയാണ്. എന്നാൽ ഇപ്പോൾ എത്ര പെട്ടെന്ന് അതിനുമാറ്റം വരുന്നു. അനധികൃത കാർഡുകൾ തിരിച്ചേൽപ്പിക്കൽ തന്നെ ഏറ്റവും നല്ല ലക്ഷണം. യന്ത്രങ്ങൾ അടുക്കള കീഴടക്കിയപ്പോൾ മനുഷ്യർ അലസതയ്ക്കടിമയായി. നാൽപ്പത് വയസ്സിനുള്ളിൽ ഒരുപിടി ഗുളിക ഭക്ഷിച്ചു തുടങ്ങേണ്ട തരത്തിൽ ആൾക്കാർ രോഗികളായി മാറി. പത്രാധിപർ ചൂണ്ടി കാണിച്ച ഓരോ കാര്യവും പ്രസക്തവും പുനരുദ്ധീകരിക്കേണ്ടതും തന്നെ. അതിനുള്ള ആർജ്ജവം ജനത്തിനുണ്ടാവണം. ഏക തത്ത്വയിലെ പത്രാധിപക്കുറിപ്പു ഗംഭീരം. ആശംസകൾ.

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387

---

ഏക തത്ത്വയിൽ ബൂമറാങ്ങ് എന്ന ചോദ്യോത്തര പംക്തി തുടങ്ങുന്നു എന്നറിഞ്ഞതിൽ സന്തോഷം. ഒന്നുരണ്ടുകാര്യങ്ങൾ ഓർമ്മയിൽ നിന്ന് കുറിയ്ക്കുന്നു.

കുഷ് വന്ത് സിംഗ് ബ്ലിറ്റ്സ് വാരികയിൽ എഴുതിക്കൊണ്ടിരിക്കുന്ന കാലം - ഒരു പുരുഷന്റേതാണ് ചോദ്യം.

"ബസ്സിൽ സ്ത്രീകൾക്ക് വേണ്ടി പുരുഷൻമാർ സീറ്റ് ഒഴിഞ്ഞുകൊടുക്കേണ്ടി വരുന്നത് അന്യായമല്ലേ ?"

കുഷ് വന്ത് സിംഗിന്റെ മറുപടി - "ബസ്സുകളിൽ രണ്ടുതരം സീറ്റുകളാണ് ഉള്ളത്. ഒന്ന്, സ്ത്രീകൾക്കുവേണ്ടി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ. രണ്ട് സ്ത്രീകൾക്കും പുരുഷൻമാർക്കും ഉള്ള പൊതുസീറ്റുകൾ. സ്ത്രീകൾക്ക്

സംവരണം ചെയ്ത സീറ്റിൽ സ്ത്രീകൾ മാത്രം ഇരിക്കുക. പൊതുസീറ്റിൽ സ്ത്രീകൾ ഇരുന്നുകഴിഞ്ഞ് ബാക്കി സീറ്റുകളിൽ പുരുഷൻമാർ ഇരിക്കുക.''

തമിഴിലെ 'കുമുദം' വാരികയ്ക്ക് മംഗളം, മനോരമ എന്നീ വാരികകളേക്കാളും സർക്കുലേഷൻ ഉണ്ടായിരുന്ന കാലത്ത് അതിന്റെ പത്രാധിപർ 'അരസ്' എന്ന തൂലികാനാമത്തിൽ ചോദ്യോത്തര പംക്തി കൈകാര്യം ചെയ്തിരുന്നു.

ചോദ്യം : കല്യാണം കഴിക്കാത്തവരുടേയും കല്യാണം കഴിച്ചവരുടേയും നോട്ടത്തിൽ എന്താണ് വ്യത്യാസം ?

ഉത്തരം : കല്യാണം കഴിക്കാത്തവരുടെ ഫോട്ടോഗ്രാഫിക് വ്യൂ. കല്യാണം കഴിച്ചവരുടേത് എക്സറേ വ്യൂ.

മലയാളത്തിന് എം. ടി. പോലെയാണ് തമിഴിൽ ശ്രീ. രംഗരാജൻ - 'സുജാത' എന്ന തൂലികാനാമത്തിൽ ധാരാളം കഥകളും സിനിമാ തിരക്കഥകളും എഴുതിയ ഇദ്ദേഹം ഭാരത് ഇലക്ട്രോണിക്സിൽ റിസർച്ച് വിഭാഗം ജനറൽ മാനേജർ ആയിരുന്നു. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനുവേണ്ടി വോട്ടിംഗ് യന്ത്രം വികസിപ്പിച്ചെടുത്തത് ഇദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. 'ആനന്ദ വികട'നിൽ കുറേക്കാലം വായനക്കാരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകിയിരുന്നു. ആ പംക്തിയുടെ ജനപ്രീതി മാനിച്ച് ആനന്ദവികടൻ ഇതിനെ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു.

'ഏൻ, എതർക്ക്, എപ്പടി' (എന്ത്, എന്തിന്, എങ്ങിനെ) എന്ന പുസ്തകത്തിന്റെ 18ാം പേജിൽ നിന്ന് -

ചോദ്യം : ബൂമറാങ്ങിനെപ്പറ്റി വിശദീകരിക്കാമോ ? (എസ്. പാർത്ഥിപൻ, ഏമലൂർ, തമിഴ്നാട്)

ഉത്തരം : ആസ്ട്രേലിയയിലെ ആദിവാസികൾ വേട്ടയാടാൻ ഉപയോഗിക്കുന്ന ബൂമറാങ്ങിൽ രണ്ട് തരം ഉണ്ട്. എറിഞ്ഞാൽ തിരിച്ചുവരുന്നതും, തിരിച്ചുവരാത്തതും...

1970ൽ ബൂമറാങ്ങ് എറിയുന്ന മത്സരം ആരംഭിച്ചു. 1982ൽ 'പീറ്റർ റാഫ്' എന്നയാൾ എറിഞ്ഞ ബൂമറാങ്ങ് 375 അടി ദൂരം പോയി തിരികെവന്നു. ഇതൊരു ലോക റിക്കാർഡാണ്. (20 കൊല്ലം മുമ്പത്തെ കണക്ക്)

വൈക്കം മുഹമ്മദ് ബഷീറിന്റെ നേരും നുണയും പറ്റി പറയുന്നത് സൗദിയിലേക്ക് എണ്ണ കയറ്റി അയക്കുന്നത് പോലെയാവും.

പി. എം. ശശിധരൻ
9745228779

---

പ്രിയമുള്ള ചീഫ് എഡിറ്റർ മുരളിയ്ക്ക്,

ആഗസ്റ്റ് ലക്കം വായിച്ചു. പുതിയ എഴുത്തുകാർ കൊള്ളാം. പഴയ എഴുത്തുകാർ പലരേയും കാണുന്നില്ല. അവരെ മാസികയ്ക്ക് വേണ്ടാഞ്ഞിട്ടോ അവർക്ക് മാസിക വേണ്ടാഞ്ഞിട്ടോ ?

മാസികയെ ഒരു മാസിക ആക്കിയത് - ശ്രീ. എം. എം. മേനോനെപ്പോലുള്ളവരാണ്. അവരേയും കാണുന്നില്ല. ഒരു കഥയ്ക്കു വേണ്ടി നാലും അഞ്ചും പേജുകൾ അഥവാ പതിനഞ്ച് കോളങ്ങൾ ഉപയോഗിക്കുന്നത് ശരിയോ? പ്രശസ്തരായിരുന്ന തകഴി ശിവശങ്കരപ്പിള്ള, പി. കേശവദേവ്, കാരൂർ നീലകണ്ഠപിള്ള എന്നിവർ എഴുതിയ ചെറുകഥകൾക്ക് ഒരു ചെറുനോവലിന്റെ പരപ്പുണ്ടായിരുന്നു. അന്നത് വായനക്കാർ ആസ്വദിച്ചു. ഇന്ന് തിരക്കുപിടിച്ച ജീവിതമാണ്, ഒന്നിനും സമയം തികയാറില്ല. പെട്ടെന്ന് കാര്യം സാധിക്കണമെന്ന് വിചാരിക്കുന്ന അവസരമാണിപ്പോൾ. നമ്മുടെ മാസികയിൽ കഥ എത്ര നല്ലതാണെങ്കിലും വിസ്തരിച്ചാൽ അത് വായനക്കാരെ മുഷിപ്പിക്കും. അത് അടുത്ത ലക്കത്തിലൂടെ അവസാനിച്ചാൽ മതി.

സുരേഷ് തെക്കീട്ടിൽ എന്ന കഥാകൃത്ത് കഴിവുള്ള ഭാവനാസമ്പന്നനായ എഴുത്തുകാരനാണ്. അദ്ദേഹത്തിന് എത്ര നീട്ടി എഴുതാനും അറിയാം. എന്തുകൊണ്ട് കഥയ്ക്കാ മർമ്മം പ്രതിപാദിച്ചുകൊണ്ട് ബാക്കി നമ്മുടെ ഭാവനക്കുവിട്ടുകൊണ്ട് എഴുതുന്നു.

അതുപോലെ താങ്കളുടെ മുഖപ്രസംഗം കാലികവും കാര്യമാത്ര പ്രസക്തവുമാണ്. നഷ്ടം സഹിച്ചും മാസിക മുടങ്ങാതെ ഇറക്കുന്നത് സഹനവും ത്യാഗവും ഒത്തിണക്കിക്കൊണ്ടുതന്നെ. മുഖപ്രസംഗം നീളം കുറച്ച് അഥവാ തലവാചകം തിരുത്തി രണ്ടു ലക്കങ്ങളാക്കിയാൽ നന്ന്.

മുക്കം ഭാസി സാറിന്റെ നാടകസ്മരണകൾ കൊള്ളാം. അതിന്റെ ഹെഡ്ഡിംഗിലുള്ള പരിവേഷം ഇത്ര വേണോ ? ആ സ്ഥലം ചെറിയ മറ്റു എഴുത്തുകാർക്ക് ഉപകരിച്ചുകൂടെ ?

കാരിത്തടം വർക്കിയുടെ 'വഴിയേ പോയ വയ്യാവേലി' - നേർവഴി തേടിയ മാർഗ്ഗമായി തോന്നി. അദ്ദേഹത്തിന്റെ 'ബൂമറാങ്ങ്' വായിക്കാൻ കാത്തിരിക്കുന്നു. ജനാർദ്ദനൻ വണ്ടാഴിയുടെ 'ഗർഭം അനീതിയല്ല, ഒരാഗ്രഹമാണ്' എന്നത്'ഗർഭം ഒരു അനുഗ്രഹമാണ്' എന്നാക്കിയാൽ കൊള്ളാം.

രജീഷ് കാളികാവിന്റെ 'ഗുരുർകടാക്ഷം' ഹൃദ്യമായി. തുടർന്നും എഴുതുക. നാലഞ്ചുലക്കങ്ങളായി ആർ. കെ. വള്ളിച്ചിറയെ കാണുന്നില്ല. അദ്ദേഹത്തിന്റെ രചനകൾ നിലവാരമുള്ളവയായിരുന്നു. സ്റ്റെല്ല ഡൺസ്റ്റന്റെ സ്മരണ മായം കലരാത്ത യാഥാർത്ഥ്യബോധത്തിന്റെ ഉൾവിളിയാണ്. ഹൃദയസ്പർശിയായി. തുടർന്നും എഴുതുക. സ്നേഹപൂർവ്വം

സുകുമാരൻ നെല്ലാനിക്കാട്
9495276965

---

പ്രിയ മുരളി,

ഔദ്യോഗിക കാരണങ്ങൾ നിമിത്തം തിരക്കിലായിരുന്നതിനാൽ ആഗസ്റ്റ് ലക്കം മാസിക കിട്ടി വായിച്ചത് മാസത്തിന്റെ അന്ത്യത്തിലായിരുന്നു. താങ്കളുടെ മുഖപ്രസംഗം പ്രതീകാത്മകമായ മുഖചിത്രം. നന്മ നിറഞ്ഞ ഉള്ളടക്കം. എല്ലാം ഗംഭീരം. എന്നാൽ ഏക തത്ത്വ തലപ്പാവിന്റെ നിറമാർന്ന തൂവലായി എനിക്ക് തോന്നിയത് ശ്രീ. കെ. വിജയകുമാരൻ എഴുതിയ 'ഗാന്ധാരി വിലാപം' എന്ന പാചക കുറിപ്പായിരുന്നു. ചീനമുളകെന്നു ഏറെ നാട്ടിൽ വിളിക്കുന്ന കാന്താരി മുളകിനെ കുറിച്ച് എഴുതിയതിനു എരിവല്ലാ പഞ്ചാരമധുരം !!! എഴുത്തുകാരനോട് ബഷീറിയൻ സ്റ്റൈലിൽ ചോദിക്കാൻ തോന്നി ''തെന്തേ അനക്കാദ്യം തോന്നീലാ ?'' പത്രാധിപർ പിണങ്ങിയാലും ഇല്ലെങ്കിലും സോമരസപ്രിയരായ സുഹൃത്തുക്കളെല്ലാം 'കൾസ്-കാന്താരി, വോഡ്ക-സോഡാസർബത്ത്-കാന്താരി' പ്രയോഗത്തിൽ അതീവരസം അനുഭവിച്ച് - ബൗദ്ധന്മാരായി മാറി എന്നാണ് കേൾക്കുന്നത്. ഏതായാലും സ്ഥലത്തെ പ്രധാന ചന്ത

യിൽ 'ഗാന്ധാരി' കിട്ടാനില്ല എന്നത് സത്യം. പാചകക്കുറിപ്പിന്നും കുക്കിന്നും നമോവാകം.

പ്രമോദ് മഞ്ചേരി.
09495607393

ഒരുകത്ത്

രജീഷ് കാളികാവിനും, ശിൽപി നെല്ലാനിക്കാട് സുകുമാരനും -

അകലെയെങ്ങുന്നോ
പറന്നു വന്നെന്റെ
കരളിൻ ചില്ലയിൽ
കിളിക്കൂടു കെട്ടി,
മനസ്സിനെപ്പോഴും
മധുരതേൻ, നൽകും
അരുമ പൈങ്കിളി
പുണരട്ടെ നിന്നെ !

ഉണർത്തുപാട്ടുമായ്
ദിനരാത്രം തോറും
മടുപ്പുമാറ്റുന്ന
കുരുവി പക്ഷി, നീ
സ്വരസുധയാലെ
നിറയ്ക്കൂ മാനവ-
ഹൃദയങ്ങൾ നിത്യം
കവിത ധാരയാൽ...!

ശില്പിയ്ക്ക്

ശില്പവൈഭവത്തിന്റെ
മൂർത്തീഭാവമെ, തവ-
മുഗ്ദ്ധ വാണികൾക്കെന്റെ
ഹൃദ്യമാം നമോവാകം !

സ്നേഹാദരങ്ങളോടെ
മുക്കം ഭാസി.
9846138693

സാർ,

ആഗസ്റ്റ് ലക്കം ഏകതത്ത്വ മാസികയുടെ മുഖചിത്രം ആഴത്തിൽ ചിന്തയുണർത്തുന്ന ഒന്നായിരുന്നു. ഇന്ത്യൻ പതാകയുടെ ത്രിവർണ്ണം, ഖുറാൻ, ബൈബിൾ, അദ്ധ്യാത്മരാമായണം, മൂന്നുതരം പഴവർഗ്ഗങ്ങൾ. ഇതിനെല്ലാം പുറമെ അടിക്കുറിപ്പ് - 'കനികളുണ്ടിവിടെ, അറിവുമുണ്ട്. അറിവാം കനികളെ രുചിച്ചറിയൂ' - ഹൊ എന്തൊരാശയം !! ഇതെല്ലാം അതിന്റേതായ അർത്ഥത്തിൽ വായനക്കാർ മനസ്സിലാക്കിയാൽ നല്ലൊരു അദ്ധ്യാത്മിക ചിന്ത സമൂഹത്തിൽ വളരും - അഹന്ത, അത്യാർത്തി, അതിമോഹം, അസൂയ, വൈരാഗ്യം തുടങ്ങി ക്ഷുദ്ര ചിന്തകൾ പമ്പ കടക്കും. കാലിക പ്രസക്തിയുള്ള എഡിറ്റോറിയൽ അധികാരികളുടെ അനാസ്ഥക്കും ദുർഭരണത്തിനുമെതിരെയുള്ള ചാട്ടവാറടിയാണെന്നതിനു തർക്കമില്ല. മാത്രമല്ല സമൂഹത്തിന് ഒരു ആത്മപരിശോധനക്കുള്ള ചിന്താശകലങ്ങളും എഡിറ്റോറിയലിൽ ശക്തമാണ്.

ജോസ് ചാലക്കൽ
9020147667

## മറുപടി

എല്ലാ രചയിതാക്കളേയും അവരുടെ കൃതികളേയും ഉൾപ്പെടുത്തണമെന്നാണ് ആഗ്രഹം. പക്ഷെ സ്ഥലപരിമിതി കൊണ്ട് പലപ്പോഴും സാധിക്കാറില്ല. സഹകരിയ്ക്കുക. ഇത് നാമോരോരുത്തരുടേയും മാസികയാണ്. അഭിപ്രായം രേഖപ്പെടുത്തിയ ഏവർക്കും നന്ദി.

**എഡിറ്റർ**




# ആതിഥ്യം

**തുളസി കേരളശ്ശേരി**
**9446472962**

"നീ ഒരു ഒട്ടകജന്മമായി
അടയാളപ്പെട്ടുതുടങ്ങിയിരിക്കുന്നു
നിന്നാൽ കയ്യേറ്റം ചെയ്യപ്പെട്ട്
ഇടമില്ലാതാവുന്ന
ആതിഥേയനായി ഞാനും."
പരാതികൾ വിരിച്ച്
കിടക്കാനാവില്ലെന്നറിഞ്ഞിട്ടും
പുഴ വീണ്ടും കരഞ്ഞുപറഞ്ഞത്
കരളലിവില്ലാത്ത
കരയോടാണുപോലും...!
അതുകൊണ്ടാവുമോ അവൻ
തന്റെ പിൻകാലുകളും വാലും
കൂടി അവളിലേക്ക് ചുരുട്ടിവെച്ച്
ഉറക്കം നടിച്ച് കിടന്നത്...!?

■കഥ



# ചക്കരമോൻ

**ദേവസ്യ അരമന**
**9946353713**

ചേലക്കര മത്തായി നല്ല മനുഷ്യനാണ്. നാട്ടുകാർക്ക് പ്രിയപ്പെട്ടവൻ. ഒരുപാടു കാത്തിരുന്ന് മത്തായിക്ക് ഒരു മകനുണ്ടായി. കാണാനേറെ മിടുക്കൻ! ഇമ്മാനുവേൽ എന്നു പേരിട്ടു. നാട്ടുകാരെല്ലാം അവനെ ചക്കരമോൻ എന്നു വിശേഷിപ്പിച്ചു. അമൂലും, കോളയും, ബിസ്ക്കറ്റും, നൂഡിൽസും, ഇംഗ്ലീഷും- കൊടുത്തു വളർത്തി.

ഭക്ഷണത്തിൽ ഉപ്പുകുറഞ്ഞതുകൊണ്ടോ എന്തോ അപ്പനെമാനിച്ചില്ല. അമ്മിഞ്ഞപ്പാൽ കൊടുക്കാതിരുന്നതിനാൽ അമ്മയെയും വകവച്ചില്ല. എങ്കിലും അമ്മ അവന്റെ ബർത്ത്ഡേയ്ക്കു തൊട്ടു തൊട്ടു വിളിക്കുന്ന നല്ലൊരു ഫോൺ വാങ്ങിക്കൊടുത്തു. അതിലെ എല്ലാ വഴികളും, കുഴികളും പരതി നടന്ന് അവൻ ശ്രദ്ധിച്ചു പഠിച്ചു. നെറ്റിൽ കുടുങ്ങിയ മീനായി. അപ്പനെ, അമ്മയെ, പ്രകൃതിയെ, പാഠപുസ്തകത്താളുകളെ നോക്കാതെ വലയിൽ കുടുങ്ങി ജീവിച്ചു. അപ്പനോളമായപ്പോൾ കള്ളും പാൻ മസാലയും മണത്തു നോക്കി. നന്നാവട്ടെയെന്നു കരുതി ഒരു മാൻകണ്ണിയെ കൂട്ടിനു കൊടുത്തു.

ഏറെ സഹിച്ചപ്പോൾ അവൾ കുഞ്ഞിനെ ഒക്കത്തേറ്റി വന്നവഴിയെ രക്ഷപ്പെട്ടു. പിന്നെയൊരു ഇരയെക്കിട്ടാതെ തെരുവിനു ഭീഷണിയായി അവൻ ചോരയൊഴുക്കി നടന്നു. ●

■ കവിത



## വാടകവീട്

**ഷീലാലാൽ**
9446819175


ഇതെന്റെ വാടകമുറി
ഞാൻ സൂക്ഷിക്കുന്ന
എന്റേതല്ലാത്ത താക്കോൽ
ഭിത്തിയിൽ പതിയുന്ന
എന്റെ നിഴലിൽ
അസ്വസ്ഥതകൾ ഇഴയുന്നു.
വെളുത്ത ചിരിയടച്ച
കറുത്ത പെട്ടിയാണ്
ഇവിടുത്തെ വിലപിടിച്ച വസ്തു.
ഒരമാവാസിയിൽ
എന്റെ ചിരി ചുവപ്പായ് മാറി
പെട്ടിയുടെ സുഷിരങ്ങളിലൂടെ
അത് അരിച്ചിറങ്ങി.

തുള്ളികളെ ചാലുകൾ
തിന്നുവീർത്തു
ഒരു ചെങ്കടൽ
ഇപ്പോൾ തിളയ്ക്കുന്നുണ്ട്...
ഭിത്തിയുടെ വെളുപ്പിനേയും
അത് തിന്നുതീർത്തു.
എന്റെ ജനാലയും വാതിലും
അടഞ്ഞുപോയി.
ഇരട്ടപ്പൂട്ടുവീണുപോയ
വാതിലിനു മുകളിലൂടെ
തലച്ചോറിൽ സൂക്ഷിച്ചുവെച്ച
ആ ഒറ്റത്താക്കോൽ
ഞാൻ വലിച്ചെറിയുന്നു.
ഇനി എന്റെ പ്രളയകാലം.

## പണവും പിണവും

**തിരുമല ശിവൻകുട്ടി**
8547043010

എനിക്കില്ല തെല്ലുംപേടി
വഴിയമ്പലത്തിൽ തങ്ങുവാൻ
മടിയിൽ കനമില്ലല്ലോ
മാറുവാൻ പഴയ കറൻസിയും
കീശയിൽ കാശില്ലാത്തോൻ
ആശയ്ക്ക് വഹയില്ലാത്തോൻ
ആത്മാവിൽ ദരിദ്രനായോൻ
അവനല്ലോ സ്വർഗ്ഗരാജ്യം
അദ്ധ്വാനിക്കുന്നവർഗ്ഗവും
ഭാരം ചുമക്കുന്നവർഗ്ഗവും
അത്താണിയാക്കുന്നു, കർത്താവിൽ
വിശ്വാസമർപ്പിക്കുന്നു.
പണമില്ലാത്തോൻ വെറുംപിണം
പണിയില്ലാത്തോൻ ഭൂമിക്കുഭാരം
പണമെന്നുകേൾക്കുമ്പോഴേ
വായ്പൊളിക്കുന്നിപ്പോഴും പിണം.



കടങ്കവിത

## ആരിവൻ ?

സൈനുദീൻ മുണ്ടക്കയം
9947253006

ഇല്ലാത്ത സൂര്യന്റെ
വല്ലാത്ത ചൂടേറ്റ്
പൊല്ലാപ്പിലായി
മനുഷ്യജന്മം.

ഇല്ലാത്ത കല്ലോണ്ട്
വല്ലാത്തൊരേറേറ്റ്
പല്ലും കൊഴിഞ്ഞുപോയ്
കണ്ണും നിറഞ്ഞുപോയ്.

ഇല്ലാത്ത പല്ലെണ്ണി
വല്ലാതെ കേണതും,
വില്ലൊത്ത പുരികവും
കനലൊത്ത കണ്ണുമായ്,
വിറ പൂണ്ട ചുണ്ടാലെ
വാക്കു പൊഴിച്ചതും
വടിവില്ലാവാക്കിന്റെ
വെടിയൊച്ച വന്നതും

ചെവിടിന്റെയുള്ളിലേ
ക്കതുപാഞ്ഞു പോയതും,
ഇടനെഞ്ചുപൊട്ടി
നിലവിളിക്കുന്നതും,
ഇടറുന്ന കാലിൽ
നടുവു നിവർത്തതും
പിടിവിട്ടുപോകയാൽ
നിലതെറ്റി വീണതും
കാലമോ കാലനോ
ആർക്കറിയാം ?!
സൂര്യതാപത്തിൽ
തണുത്തു വിറച്ചതും
ചന്ദ്രികയേൽക്കവേ
സ്വേദം കിനിഞ്ഞതും
മെയ്യ് തളർന്നതും
മഴയേറ്റു പൊള്ളിയും,
കുളിരേറ്റു തുള്ളിയും
കാറ്റിൽ പിടഞ്ഞും
കടലിൽ നടന്നും
കാലടി പൊള്ളി
പിടഞ്ഞതാര് ?!
അന്ധന്റെ മുന്നിൽ
തിരിയും കൊളുത്തി
പകലിന്നിരുട്ടിൽ
നടപ്പതാര് ?!
പകയന്റെ പുകയേറ്റ്
ചുട്ടുപഴുത്തിട്ട്,
എരിതീ മെത്തയിൽ
ശയനം നടത്തീട്ട്,
വറുതിയിലാമോദം,
കെടുതിയിലാഹ്ലാദം,
വരുതിയിൽ നില്ക്കാതെ-
പൊരുതി നീന്തുന്നതും
ആർക്കു വേണ്ടി ?!
ചിന്തയില്ലാത്തവൻ
അന്തമില്ലാത്തവൻ,
കുന്തം വിഴുങ്ങി,
വിശപ്പാറ്റി നില്പവൻ
കരയിലൂടങ്ങനെ
കപ്പലോട്ടുന്നവൻ
കയ്യിൽ കരുതുവാൻ
ഒന്നുമില്ലാത്തവൻ,
ദോഷത്വമുള്ളിൽ
നിറച്ചുനടപ്പവൻ
ഉത്തരം മുട്ടുമ്പോൾ
കൊഞ്ഞനം കുത്തുവോൻ
ആരിവനാരിവൻ ?!
ആരോടു ചോദിക്കും ?!
എന്തോന്നു ചോദിക്കും ?!



## ജാഗ്രത

**ശ്രീജ ചേലന്നൂർ**
**കോഴിക്കോട്**
9539788165

കാലം കറുത്തതാണ് കുഞ്ഞേ
കഥകളെല്ലാം കയ്പുള്ളതാകുന്നു.
കരുതിയിരിക്കേണമെന്നുമെപ്പോഴും
കടിഞ്ഞാൺ കൈകളിൽ ഭദ്രമായിരിക്കണം
കപടവേഷക്കാരുണ്ട് ചുറ്റിലും
കണ്ടില്ലെന്ന് നടിക്കരുതേ
കണ്ണുകൾ തുറന്ന ജാലകങ്ങളാവണം
കുടിലതയാണിന്നു ചില മനുഷ്യർക്ക് മുഖമുദ്ര
കഠാരി കുത്തിയിറക്കാനോങ്ങി നില്ക്കുന്നവർ
കൂടതന്ത്രം മെനയുന്നു പാർത്തിരിക്കുന്നു
കനിവിന്റെയുറവകൾ വറ്റിവരളുന്നു
ക്രൂരത മറനീക്കി നടനമാടുന്നു
കുരുതികൊടുക്കരുതേ മാനാഭിമാനം
കൊളുത്തിവെക്കേണമൊരു ദീപനാളമെങ്കിലും.



സത്യൻ താന്നിപ്പുഴ
0484 – 2462084

# മണൽ പുരണ്ട പഴം

പുഴയുടെ തീരത്ത് ഒരു മലയൻ ആപ്പിൾ മരം ഉണ്ടായിരുന്നു. ആപ്പിൾ ഉണ്ടായി പഴുത്തപ്പോൾ തിന്നാൻ അണ്ണാനും പക്ഷികളും വന്നു. അവ യഥേഷ്ടം പഴങ്ങൾ മരത്തിൽ കയറി തിന്നു.

പുഴയുടെ തീരത്ത് കുറെ കുരങ്ങന്മാരും താമസിച്ചിരുന്നു. കുരങ്ങന്മാർക്ക് ആപ്പിൾ മരത്തിൽ കയറി പഴങ്ങൾ പറിച്ചുതിന്നാൻ കഴിഞ്ഞില്ല. ചില്ലക്കൊമ്പുകളിലാണ് പഴങ്ങൾ ഉണ്ടായിരുന്നത്. ചില്ലകൾക്ക് ബലം ഉണ്ടായിരുന്നില്ല. കുരങ്ങുകൾ കയറിയാൽ ഒടിഞ്ഞുവീഴുമായിരുന്നു. അതുകാരണം താഴെ വീഴുന്ന പഴങ്ങളാണ് കുരങ്ങുകൾക്ക് കിട്ടിയത്. താഴെ വീഴുന്ന പഴങ്ങൾ മണലിലാണ് വീണിരുന്നത്. മണലിൽ വീഴുന്ന പഴങ്ങളിൽ മണൽ പറ്റിപ്പിടിച്ചിരുന്നു. പഴം തിന്നുമ്പോൾ മണൽ കടിക്കും. അതുകാരണം പഴത്തിനു രുചി ഉണ്ടാകാറില്ല.

ഒരുദിവസം ഒരു ചെറിയ കുരങ്ങിന് ഒരു പഴം താഴെ വീണു കിട്ടി. അത് തിന്നാൻ പോയപ്പോൾ ഒരു തള്ള കുരങ്ങ് തട്ടിപ്പറിക്കാൻ ചെന്നു. ചെറിയ കുരങ്ങ് പഴം വെള്ളത്തിലേക്ക് വലിച്ചെറിഞ്ഞു.

തള്ളക്കുരങ്ങ് പഴം വെള്ളത്തിൽ നിന്നെടുത്തു തിന്നു. അതിൽ മണൽ പറ്റിപ്പിടിച്ചിരുന്നില്ല. വെള്ളത്തിൽ വീണപ്പോൾ മണൽ കഴുകിപ്പോയി. അപ്പോൾ കുരങ്ങിന് ഒരു പുതിയ അറിവുണ്ടായി. വെള്ളത്തിൽ കഴുകിയാൽ മണൽ പോകും എന്നുമനസ്സിലായി. പിന്നീട് പഴം വെള്ളത്തിൽ കഴുകി കഴിക്കാൻ തുടങ്ങി.

ഇതുകണ്ടപ്പോൾ മറ്റ് കുരങ്ങുകളും പഴം വെള്ളത്തിൽ കഴുകി കഴിക്കാൻ തുടങ്ങി. ചുരുങ്ങിയ ദിവസം കൊണ്ട് എല്ലാ കുരങ്ങുകളും പഴം വെള്ളത്തിൽ കഴുകി കഴിക്കാൻ തുടങ്ങി.

അനുഭവമാണ് ഗുരു. ●

**ശ്രീ. മുരുകൻ പ്രഡിക്ഷൻ സെൻ്റർ**


വിവാഹതടസ്സം സംബന്ധിച്ച പ്രശ്നങ്ങൾക്ക്
ജ്യോതിഷരീതിയിൽ പരിഹാരം കാണുവാൻ ബന്ധപ്പെടുക.

**എം. രജിത് കുമാർ**

**മൊബൈൽ – 9746195425, 9809346573**

***മുകളിൽ കൊടുത്തിരിക്കുന്ന നമ്പറിൽ മുൻകൂട്ടി ബുക്ക് ചെയ്ത് വരുക.***

അബ്ദുറബ്ബ് പറളി
9400227780



# കൊതുകിന് പറയാനുള്ളത്

ഞാൻ കൊതുക് !
മാനവകുലത്തിലിത്രമേൽ
സ്വാദീനമുള്ളവർ ആരുണ്ടിവിടെ?
ഊണിലും ഉറക്കിലും എന്തിനേറെ
ജീവിതവ്യവഹാരത്തിലും
നിറഞ്ഞുനിൽപ്പൂ ഞാൻ
എൻ പേരറിയാത്ത
ചൊല്ലിപ്പറയാത്ത
ഒരു പൈതലുമില്ലുലകിൽ
ഡങ്കിയും മലേറിയയും
ചിക്കൻഗുനിയയും
വരുത്തനെങ്കിലും
ഇന്നെൻ കൂടപ്പിറപ്പുകാർ
സോദരർ.
ചപ്പുചവറും കുടിവെള്ളവും
എന്തിനേറെ
മനുജന്റെ ചുടുചോര
പോലുമിന്നെൻ ലഹരിയായ്
മനുജനില്ലാതെ അവന്റെ
ചുടുചോരയില്ലാതെ
ഇന്നെൻ ജീവിതം ദുഃസ്സഹം
ദുരിതപങ്കിലം.
കാലവർഷം, തുലാവർഷം,
ഇടവപ്പാതി ഏതുമാകട്ടെ
ആശുപത്രിക്കിടക്കയിൽ
എനിക്കായ് രക്തം ദാനം തന്നവർ.
രോഗങ്ങളും പീഡകളും
എന്തിനേറെ മഴക്കാല-
കെടുതികൾക്കുവരെ ഉരുത്തരം
ഞാനത്രെ ?
എന്നിട്ടുമീ മാനവർ
ഇത്രമേലെന്നെ
സ്നേഹിക്കുന്നതും
പരിലാളിക്കുന്നതും
എന്തിനെന്നെനിക്കറിയാം
ചപ്പുചവറുകൾ,
അഴുക്കുചാലുകൾ
ഇല്ലാത്തൊരുലോകം
മാനവകുലത്തിൽ ഇല്ല ഇന്നോളം
ഇനി നാളേയും-
എന്നൊരറിവൊന്നുമാത്രം !

# ബൂമറാങ്ങ്

**ചോ:** ഒരാൾക്ക് തന്റെ ഭാര്യ സുന്ദരിയല്ല എന്ന് തോന്നുന്നതെപ്പോഴാണ് ?

ജയപ്രകാശ് കെ. വടകര

**ബൂമറാങ്:** മറ്റൊരാളുടെ ഭാര്യയെ കാണുമ്പോൾ.

**ചോ:** കള്ളൻ കപ്പലിൽത്തന്നെ. അപ്പോൾ കള്ളിയെ എവിടെ പോയി തിരയും ?

ഹരിഹരൻ പി. കെ. കോട്ടായി

**ബൂമറാങ്:** കപ്പിത്താന്റെ മുറിയിൽ.

**ചോ:** ജീവിതത്തിൽ കയ്പ്പ് രസം അനുഭവപ്പെടുന്നതെപ്പോഴാണ് ?

സി. രാധിക, തിരൂർ

**ബൂമറാങ്:** പനി വരുമ്പോൾ

**ചോ:** ഒരു സ്ത്രീ സന്തോഷിക്കുന്നത് അവളുടെ ആദ്യ പ്രസവത്തിലാണെന്ന് പറയാറുണ്ട്. എങ്കിൽ പുരുഷൻ സന്തോഷിക്കുന്നതോ ?

എ. ജെ. സുമതി, കൊല്ലക്കടവ്

**ബൂമറാങ്:** പ്രസവം സിസേറിയനല്ലന്നറിയുമ്പോൾ.

**ചോ:** ഭാവി ജീവിതം ശോഭനമാകാൻ ശോഭനയെ വിവാഹം കഴിച്ചാൽ മതിയോ ?

കെ. അശോകൻ, വെള്ളാട്.

**ബൂമറാങ്:** വെറും ശോഭന പോര, നല്ല കാശുള്ളിടത്തെ ശോഭനയായിരിക്കണം.

**ചോ:** ഇക്കരെയുള്ള ഞാൻ അക്കരെയുള്ള ഒരു പെൺകുട്ടിയുമായി പ്രണയത്തിലാണ്. വല്ല കുഴപ്പവുമുണ്ടോ ?

കെ. കെ. സുനിൽ, തളിപ്പറമ്പ്.

**ബൂമറാങ്:** പാലം പണിതാൽ കുഴപ്പമാകും.

**ചോ:** ഞാനൊരു വനിത കണ്ടക്ടറെ സ്നേഹിക്കുന്നു. ചേട്ടന് എന്തെങ്കിലും ഉപദേശം തരാനുണ്ടോ?

അപ്പുക്കുട്ടൻ എം., പട്ടാമ്പി.

**ബൂമറാങ്:** ബാക്കി മറക്കരുത്.

**ചോ:** ചേട്ടനെ എനിക്ക് വലിയ ഇഷ്ടമാണ്. ചേട്ടനോട് മനസ്സ് തുറന്ന് സംസാരിക്കാൻ എവിടെ വരണം ?

രാജമ്മ, കെ. ജി., പയ്യന്നൂർ

**ബൂമറാങ്:** എവിടെ വേണമെങ്കിലും വന്നോ പക്ഷേ മനസ്സിന്റെ താക്കോൽ എടുക്കാൻ മറക്കരുത്.

**ചോ:** ഒരുത്തി ദിവസവും എന്നെ നോക്കി ചിരിക്കുന്നു, ഒന്നു മുട്ടി നോക്കിയാലോ ?

ജോൺസൺ, കരുവഞ്ചാൽ.

**ബൂമറാങ്:** പാച്ച് വർക്ക് വരുന്ന രീതിയിൽ മുട്ടരുതേ.

**ചോ:** ഞാൻ എന്തു ചോദിച്ചാലും അവൾ മൗനം പാലിക്കുന്നു, ഈ മൗനം സമ്മതത്തിന്റെ ലക്ഷണമാണോ ?

ടി. ജെ. ആന്റണി, മൈനാഗപ്പള്ളി.

**ബൂമറാങ്:** അല്ല മന്ദബുദ്ധിയുടെ.

**ചോ:** സ്ത്രീകൾ കണ്ണിൽ കൺമഷി തേക്കുന്നത് എന്തിന് ?

രവി . സി, കണ്ണൂർ

**ബൂമറാങ്:** കണ്ണിന് കണ്ണുകിട്ടാതിരിക്കാൻ.

**ചോ:** മക്കളെ കണ്ടും മാമ്പൂ കണ്ടും കൊതിക്കരുതെന്ന് പറയുന്നതെന്തുകൊണ്ട് ?

എം. കെ. നസീറ, മണക്കടവ്

**ബൂമറാങ്:** എല്ലാ പൂവും കായാവില്ലല്ലോ.

**ചോ:** സത്യം മാത്രമേ പറയാവൂ എന്ന് കോടതി പ്രതിയെക്കൊണ്ട് സത്യം ചെയ്യിക്കുന്നു. അപ്പോൾപ്പിന്നെ കള്ളം ആര് പറയും ?

സി. എം. റഷീദ്, മഞ്ചേരി.

**ബൂമറാങ്** : വക്കീൽ.

**ചോ:** പ്രേമിച്ച് നിരാശരായ ഒരു യുവാവും യുവതിയും സ്വർഗ്ഗത്തിൽ വെച്ച് വീണ്ടും കണ്ടുമുട്ടിയാൽ എന്തായിരിക്കും ആദ്യം പറയുക ?

എം. ജെ. ജോസ്, അമ്പായത്തോട്.

**ബൂമറാങ്:** ഇതിലും ഭേദം നരകമായിരുന്നു എന്ന്.

**ചോ:** കള്ളന്റെ ഭാര്യയും പോലീസുകാരന്റെ ഭാര്യയും തമ്മിൽ എന്താണ് സാദൃശ്യം ?

എസ്. കെ. റോയി, മുളന്തുരുത്തി.

**ബൂമറാങ്:** രണ്ടുപേരും തൊണ്ടിമുതൽ കൈകാര്യം ചെയ്യുന്നു.

**ചോ:** എനിക്ക് ഒരു പുരുഷനോട് പ്രതികാരം ചെയ്യണമെന്നുണ്ട്, അതിനുള്ള ഏറ്റവും നല്ല മാർഗ്ഗം ?

സുമതി . കെ, ആലുവ

**ബൂമറാങ്:** അയാളെ വിവാഹം കഴിക്കുക.

**ചോ:** പ്രണയവും മദ്യപാനവും തമ്മിലുള്ള ബന്ധം ?

വി. സതീശൻ, പെരുമ്പാവൂർ.

**ബൂമറാങ്:** രണ്ടും ഓവറായാൽ വാളുവെക്കും.

**ചോ:** പല്ലില്ലാത്ത അപ്പൂപ്പൻമാരും അമ്മൂമ്മമാരും എപ്പോഴും ചവച്ചുകൊണ്ടിരിക്കുന്നത് എന്തിനാണ് ?

ശശി, പാലക്കാട്.

**ബൂമറാങ്:** അവർ ഓർമ്മകൾ അയവിറക്കുകയാണ്.

**ചോ:** പണ്ടൊക്കെ അമ്മമാർ കുഞ്ഞുങ്ങളെ താരാട്ടുപാടി ഉറക്കിയിരുന്നു. ഇപ്പോഴെന്താ താരാട്ടു പാടാത്തത് ?

കെ. ബി. സന്തോഷ്, കാർത്തികപുരം.

**ബൂമറാങ്:** കുഞ്ഞിന്റെ അച്ഛൻ ഉറങ്ങിപ്പോകുമെന്ന് പേടിച്ച്.

**ചോ:** കല്ലുവെച്ച നുണകളിൽ ഏതുതരം കല്ലിനോടാണ് താൽപ്പര്യം?

ഗോപി. എം., തലശ്ശേരി.

**ബൂമറാങ്:** ജന്മനക്ഷത്ര കല്ലിനോട്.

(തുടരും...)

**നിങ്ങൾക്കും ബൂമറാങ്ങിനോട് ചോദിക്കാം വിലാസം**
**കാരിത്തടം വർക്കി**
**ആലക്കോട് പി. ഒ.,**
**കണ്ണൂർ – 670571.**
**സെൽ : 8281926230**

## കണ്ണേട്ടൻ

ഡേവിഡ് മാത്യു
9446728334



ഇക്കൊല്ലത്തെ ഓണസദ്യ കൊളമാകും.
സാധനങ്ങൾ മേടിയ്ക്കേണ്ട
പൈസയ്ക്ക് ഞാനൊന്നു കിറുങ്ങി.
ഇനി വീട്ടിൽ ചെല്ലുമ്പഴാ...
ഓണത്തല്ല് കേമമാകും !




Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

## വരിസംഖ്യ എടുത്തും പുതുക്കിയും ഏക തത്ത്വയെ ശക്തിപ്പെടുത്തുക.

ഒറ്റപ്രതി - 15 രൂപ
ഒരു വർഷത്തേക്ക് ഒന്നിച്ചടയ്ക്കുമ്പോൾ - 170 രൂപ
മൂന്നു വർഷത്തേക്ക് - 500 രൂപ
അഞ്ചുവർഷത്തേക്ക് - 850 രൂപ
മണിയോഡറോ ചെക്കോ അയക്കേണ്ട വിലാസം :
ഏക തത്ത്വ
എ-9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു സമീപം,
പാലക്കാട് - 678001.
മൊബൈൽ - 9446443321, 9387118131

**ഓരോ എഴുത്തുകാരും വായനക്കാരും കഴിയുന്നത്ര പേരെ ഏക തത്ത്വയുടെ വരിക്കാരാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ...**

# പുസ്തകപരിചയം




**അഞ്ചാംമുദ്ര**
(നോവൽ)
**ജോർജ്ജ്ദാസ്**
മൊബൈൽ - 9895532196
പാമ്പുങ്ങൽ പബ്ലിക്കേഷൻസ്
വില - 130 രൂപ
പേജ് - 138

ദേശം അതിന്റെ ചരിത്രം തീർക്കുന്നതിന് ഓരോ കാലഘട്ടത്തിലും വിവിധങ്ങളായ കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നു. കഥാപുരുഷൻമാർ ആയുസ്സിലൂടെ ദേശത്തേയും അടയാളപ്പെടുത്തുന്നു. പ്രണയവും രതിയും ആചാരനുഷ്ഠാനങ്ങളും നന്മതിന്മകളും ഇടകലർന്ന് ഒട്ടനവധി ജീവിതങ്ങളുടെ പരിച്ഛേദമായി നോവൽ വായനക്കാരിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്നു. ആനക്കാട് എന്ന ഗ്രാമത്തിന്റേയും അതുവഴി കേരളത്തിന്റേയും കഥ പറയുന്ന ഒരു അപൂർവ്വ ആഖ്യായിക. പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ പ്രത്യയശാസ്ത്രം നിർഭയമായി വെളിവാക്കുന്ന ഉത്തരവാദിത്വം ഏറ്റു പറയുന്ന സാഹിത്യകാരന്റെ കയ്യൊപ്പാണ് 'അഞ്ചാംമുദ്ര'.

---

ഗ്രന്ഥകർത്താക്കളുടേയും പ്രസാധകരുടേയും ശ്രദ്ധയ്ക്ക് - നിങ്ങൾ രചിച്ച/പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഏക തത്ത്വയ്ക്ക് അയച്ചു തരാവുന്നതാണ്. പുസ്തകനിരൂപണത്തിനായി രണ്ടു ബുക്കുകളും പുസ്തകപരിചയത്തിലേയ്ക്കായി ഒരു ബുക്കും അയക്കേണ്ടതാണ്.



**ഭയം**
(മിനിക്കഥകൾ)
**കടാതി ഷാജി**
മൊബൈൽ - 9497791589
വില - 60 രൂപ
പേജ് - 66
യെസ്പ്രസ് ബുക്സ്

ആനുകാലികങ്ങളിലെ, പ്രത്യേകിച്ചും സമാന്തര പ്രസിദ്ധീകരണങ്ങളിലെ നിറസാന്നിദ്ധ്യമായ കടാതി ഷാജി എഴുതിയ, ഏറുപടക്കത്തിന്റെ സ്ഫോടകശേഷിയുള്ള 51 മിനിക്കഥകൾ.

---



**അപശബ്ദങ്ങൾക്കെതിരെ...**
(വിമർശനലേഖനങ്ങൾ)
**ചെറിയമുണ്ടം അബ്ദുർറസ്സാഖ്**
മൊബൈൽ - 9495710716
മേധാ പബ്ലിഷേഴ്സ്
വില - 100 രൂപ
പേജ് - 116

ശബ്ദതാരാവലിയുടെ ഇസ്ലാംവിരോധം, വയലാറിന്റെ ദൈവനിന്ദ, മാപ്പിളപ്പാട്ടിന്റെ അപഥസഞ്ചാരം, വഴിവിട്ട സ്ത്രീസ്വാതന്ത്ര്യം, ആത്മീയകേന്ദ്രങ്ങളിലെ അനാശാസ്യങ്ങൾ, കമലാ സുറയ്യയുടെ ഇസ്ലാംമതാശ്ലേഷത്തിനെതിരെ ആക്രോശം... തുടങ്ങി തൊട്ടാൽ പൊള്ളുന്ന വിഷയങ്ങളിലാണ് ഈ തൂലികാചലനം. സമകാലിക സാമൂഹ്യ-സാംസ്കാരിക പ്രശ്നങ്ങളിൽ ധീരവും വിമർശനാത്മകവുമായ ഈ ഇടപെടൽ ബഹുഭൂരിപക്ഷത്തെ ചൊടിപ്പിക്കുമെങ്കിലും സൃഷ്ടിപരവും വൈജ്ഞാനികവുമാണ്.

Published on 15/08/2017, RNI No. KERMAL/2010/35818,REGISTERED Eka Thathwa Monthly, Vol 7, Issue 10, September 2017, Rs 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019

# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM

## ബെഡ്ഡുകൾക്കും ബെഡ്ഷീറ്റുകൾക്കും

# 20%



# Discount







Lovios

Sleepwell
MATTRESSES PILLOWS CUSHIONS

Peps

RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
**Opp Town Bus Stand, T.B. Road, Palakkad- 14.**
**Tel: 0491-2515112**
**+91 9447034614, +91 9400496112**
**e-mail: technowoodfurniture@gmail.com**

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
**College Road, Palakkad -1.**
**Tel: 0491 - 2545112**
**+91 9447034614, +91 9400499112**
**Website: www.technowoodkitchens.com**